പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 03
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജൂൺ 2013

ഭരണഭാഷ മാതൃഭാഷ

കേന്ദ്ര ക്യാബിനറ്റ് അംഗീകാരം

മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

ജലസുരക്ഷാ വർഷം 2013–'14

"ജലം അമൂല്യമാണ് - കരുതാം നാളേക്ക്"

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 കേരളത്തിനു ഒരു പോഷകാഹാര നയം ഉടനെ
ഡോ. എം. കെ. മുനീർ

8 മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി
എം.വി. തോമസ്

11 മഴക്ക് സ്വാഗതം കാരണം ഞങ്ങൾ തയ്യാറാണ്
കെ. വിനോദ് കുമാർ

14 ഗ്രാമപ്പഞ്ചായത്തുകളും ഹൗസിംഗ് ബോർഡും
അറയ്ക്കൽ ബാലകൃഷ്ണപിള്ള

17 സ്ത്രീസുരക്ഷക്ക് 2013–ലെ ക്രിമിനൽ നിയമ ഭേദഗതിനിയമം
ടി. ഷാഹുൽ ഹമീദ്



21 നാം അറിയേണ്ട ലോകം

22 പഞ്ചായത്ത് അക്കൗണ്ടിംഗ് പുതിയ അക്കൗണ്ടന്റുമാർ ചുമതലയേൽക്കുമ്പോൾ
ഉദയഭാനു കണ്ടേത്ത്

25 പർപ്പിൾ പാഷൻ ഫ്രൂട്ട്
രവീന്ദ്രൻ

രക്തദാനം മഹാദാനം
ജൂൺ 14
ലോക രക്തദാന ദിനം

26 കേരളത്തിലെ ഫോക്‌ലോർ കലാരൂപങ്ങൾ കേരളത്തിന്റെ ജീവതാളമായ പടയണി
ടി.സി. സുനിൽ ദത്ത്

28 സയൻസ് എക്സ്പ്രസ്സ് – ജൈവ വൈവിധ്യ പ്രദർശനം
സുധീർ തിവാരി

30 എൻഡോസൾഫാൻ ദുരന്തം: ദുരിതങ്ങൾ എന്നവസാനിക്കും?
രഘുരാമൻ

31 പരസ്യകലയും വ്യവസായവും ഒപ്പം പരസ്യ നികുതിയും
ജോൺ എസ്.ജെയിംസ്

34 കേരളത്തിൽ മഴവെള്ള വാണിജ്യത്തിനുള്ള സാദ്ധ്യതയും സാമ്പത്തിക നേട്ടവും
ഡോ. പി.കെ. പ്രദീപ്കുമാർ

37 സൈക്കിൾ റിക്ഷകൾ ഇപ്പോഴും ഡൽഹിയിൽ
റോയി ചാക്കോ ഇളമണ്ണൂർ

38 ഡങ്കിപ്പനി (കവിത)
കെ.പി. സൈനുദ്ദീൻ

39 മലയോര മേഖലയ്ക്ക് ഉണർവേകി ഗ്രാമയാത്ര പത്തനംതിട്ട ജില്ലയിൽ
പ:ന്യൂ:സർവ്വീസ്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് യു.എൻ. അവാർഡ്

ഐക്യ രാഷ്ട്ര സംഘടന ആഗോള തലത്തിൽ പൊതു സേവനത്തിനു നൽകുന്ന അവാർഡ് ജന സമ്പർക്ക പരിപാടിയ്ക്കും അതു നടത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയ്ക്കും ലഭിച്ചു. ഇന്ത്യയുൾപ്പെടുന്ന ഏഷ്യ പെസഫിക് മേഖലയിൽ നിന്നാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒന്നാം സ്ഥാനത്ത് എത്തിയത്. രണ്ടാം സ്ഥാനം ദക്ഷിണ കൊറിയ നേടി. ലോകരാജ്യങ്ങളെ അഞ്ച് മേഖലകളായി തിരിച്ചാണ് അവാർഡു നൽകുന്നത്. സുതാര്യത, ഉത്തരവാദിത്തം, ഭരണ പരിഷ്കാരം, പുതിയ ആശയങ്ങൾ നടപ്പിലാക്കൽ, അധികാര ദുരുപയോഗം ഒഴിവാക്കാനുള്ള നടപടികൾ അടക്കം ഏഴ് മാനദണ്ഡങ്ങളിലെ വിലയിരുത്തലിലാണ് കേരളം മുന്നിലെത്തിയത്.

2003 മുതലാണ് ഐക്യരാഷ്ട്ര സഭ ഈ അവാർഡ് ഏർപ്പെടുത്തിയത്. യൂറോപ്പിലും, നോർത്ത് അമേരിക്കയിലും ഉൾപ്പെടുന്ന മേഖലയിൽ നിന്ന് ഇറ്റലി ഒന്നാം സ്ഥാനത്തും സ്ലോവേനിയ രണ്ടാം സ്ഥാനത്തും എത്തി. മധ്യ പൗരസ്ത്യ ദേശത്തു നിന്ന് ഒമാനും ജോർജിയക്കുമാണ് അവാർഡ് ലഭിച്ചത്. ആഫ്രിക്കയിൽ നിന്നും മൊറോക്കോ ഒന്നാമതെത്തി. ജൂൺ 27ന് യു.എൻ സെക്രട്ടറി ജനറൽ ബാൻകിമൂൺ ബഹ്റൈനിൽ വച്ച് അവാർഡുകൾ സമ്മാനിക്കും.■

സുഖിനോ ഭവന്തു
ആകാശവാണിയിൽ പുതിയ പ്രക്ഷേപണ പരമ്പര

സുഖിനോ ഭവന്തു – നന്മയുടെ പ്രക്ഷേപണ പാഠങ്ങൾ – പ്രതിവാര പരമ്പര ആകാശവാണിയുടെ കേരള നിലയങ്ങളിൽ പ്രക്ഷേപണം ആരംഭിച്ചു. ജൂൺ 9ന് ഞായറാഴ്ച ജ്ഞാനപീഠ പുരസ്കാര ജേതാവ് ഒ.എൻ.വി കുറുപ്പിന്റെ ആമുഖ സന്ദേശത്തോടുകൂടി സമാരംഭിച്ച ഈ പരമ്പര 2013 ഡിസംബർ വരെ നീണ്ടു നില്ക്കും.

ആരോഗ്യമുള്ള മനസ്സ്, ആരോഗ്യമുള്ള വ്യക്തി, ആരോഗ്യമുള്ള കുടുംബം, ആരോഗ്യമുള്ള സമൂഹം എന്നതാണ് ആ പരമ്പരയുടെ ആത്യന്തിക ലക്ഷ്യം. സാഹിത്യം, സംസ്കാരം, സാമൂഹ്യജീവിതം, ശാസ്ത്രം, ആരോഗ്യം, കുടുംബ ബന്ധങ്ങൾ തുടങ്ങി സമസ്തതല സ്പർശിയായ പരമ്പരയാണിത്. അവാർഡ് ജേതാക്കളായ കർഷകർ, കൃഷിശാസ്ത്രജ്ഞർ, രാഷ്ട്രീയ–സാമൂഹ്യരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ, വിദഗ്ദ്ധ ഡോക്ടർമാർ, പത്രപ്രവർത്തകർ തുടങ്ങിയ പ്രമുഖർ ഇതിൽ പങ്കെടുത്ത് ആശയാഭിപ്രായങ്ങൾ പങ്കുവെയ്ക്കുന്നു.

സുഖിനോ ഭവന്തു
കേരളനിലയങ്ങളുടെ പ്രക്ഷേപണ സമയം

തിരുവനന്തപുരം	ഞായർ	രാവിലെ 7.05ന്
ആലപ്പുഴ		
കോഴിക്കോട്	ശനിയാഴ്ച	രാവിലെ 8.30ന്
തൃശ്ശൂർ	ഞായർ	രാവിലെ 7.05ന്
കണ്ണൂർ	വ്യാഴാഴ്ച	രാവിലെ 7.35ന്
കൊച്ചി	വ്യാഴാഴ്ച	രാവിലെ 8.05ന്
ദേവികുളം	ചൊവ്വാഴ്ച	വൈകുന്നേരം 5.00ന്
മഞ്ചേരി	ബുധൻ	വൈകുന്നേരം 5.00ന്

തിരുവനന്തപുരം, ആലപ്പുഴ നിലയങ്ങളിൽ ശനിയാഴ്ചകളിൽ വൈകുന്നേരം 8.00 മണിക്ക് ഈ പരിപാടി പുനഃപ്രക്ഷേപണം ചെയ്യും

അസിസ്റ്റന്റ് സെക്രട്ടറി
ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയ്ക്കുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും (ചുരുക്കത്തിൽ) താഴെ പറയുന്നു.

1. തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ
2. കുടുംബശ്രീ – സി.ഡി.എസ് മെമ്പർ സെക്രട്ടറി
3. സാക്ഷരത – പഞ്ചായത്ത് തല കോ-ഓർഡിനേറ്റർ
4. അക്ഷയ – പഞ്ചായത്ത് തല കോ-ഓർഡിനേറ്റർ
5. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വിതരണം – പുരോഗതി റിപ്പോർട്ട് സമർപ്പിക്കൽ
6. തൊഴിൽ രഹിത വേതനത്തിന് സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ – തൊഴിൽ രഹിത വേതന വിതരണം
7. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളുടെ ചുമതലക്കാരൻ
8. ഗ്രാമപഞ്ചായത്തിന്റെ ജനറൽ, സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ സെക്രട്ടറിയോടൊപ്പം പങ്കെടുക്കുക.
9. ഗ്രാമപഞ്ചായത്തിനു വേണ്ടി വിവധ കോടതികളിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഹാജരാകുകയും വ്യവഹാരങ്ങളുടെ നടത്തിപ്പ് ചുമതലയും.

സ.ഉ(എം.എസ്)നം.218/2013/തസ്വഭവ
തീയതി 10.06.2013

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2013

പുസ്തകം 53

ലക്കം 03

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

വി.എസ്. സെന്തിൽ, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

എ. ഫിറോസ്
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എസ്. ലളിതാംബിക, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എസ്. ലളിതാംബിക, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

വർഷകാലത്തെ വരവേൽക്കാൻ ഗ്രാമപഞ്ചായത്തുകൾ തയ്യാറാകണം

കൊടിയ വരൾച്ചയും ജലക്ഷാമവും കൊണ്ട് ദുരിതമനുഭവിച്ച നമുക്ക് യഥാസമയം വന്നെത്തിയ മഴ ഒരനുഗ്രഹമായി മാറി. ധാരാളം നദികളും കുളങ്ങളും നീരുറവകളും ജലാശയങ്ങളും പതിനായിരക്കണക്കിന് കിണറുകളുമുള്ള കേരളം കുടിവെള്ളത്തിനു വേണ്ടി നെട്ടോട്ടമോടിയ ദുരിത കാലമാണ് കടന്നുപോയത്. മഴ മാറി വീണ്ടും വേനൽക്കാലം എത്തും എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഈ വിചാരങ്ങളുടെ പശ്ചാത്തലത്തിലാണ് സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വരും വർഷം ജല സുരക്ഷയ്ക്കായിരിക്കും സർക്കാർ ഏറ്റവുമധികം ഊന്നൽ നല്കുക എന്ന് പ്രഖ്യാപിച്ചത്.

ജലം അമൂല്യവും ജീവന്റെ നിലനില്പിന് അത്യാന്താപേക്ഷിതവുമാണ് എന്ന് തിരിച്ചറിഞ്ഞ് മഴക്കാലത്തു ലഭ്യമാകുന്ന ജലം വേനൽക്കാലത്തും ഉപയോഗിക്കാവുന്ന തരത്തിൽ സംരക്ഷിക്കാനുതകുന്ന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കണം. മഴവെള്ളക്കൊയ്ത്ത്, തടയണ നിർമ്മാണം, മഴക്കുഴി നിർമ്മാണം, ജലാശയങ്ങൾ സംരക്ഷിക്കൽ തുടങ്ങി അനുയോജ്യമായ ജലസംരക്ഷണ പദ്ധതികൾ പ്രാദേശികമായി നടപ്പാക്കി ജലസുരക്ഷ ഉറപ്പു വരുത്താൻ ഗ്രാമപഞ്ചായത്തുകൾ മുൻകയ്യെടുക്കണം.

വരൾച്ചയുടെ ദുരിതത്തിൽ നിന്നും മഴയുടെ സമൃദ്ധിയിലേക്ക് മാറിയപ്പോൾ പുതിയ വെല്ലുവിളികൾ നമുക്ക് മുന്നിൽ ഉയരുന്നു. സംസ്ഥാനത്ത് ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും തുടങ്ങി പല പകർച്ച വ്യാധികളും റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നഷ്ടപ്പെടുത്തുകയാണോ എന്ന് തോന്നിപ്പിക്കുന്ന തരത്തിൽ പനിബാധിതരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സർക്കാരും ആരോഗ്യവകുപ്പും ഫലപ്രദമായി ഇടപ്പെടുന്നത് കൊണ്ട് നമ്മുടെ ആശങ്കകൾ ഒരു പരിധിവരെ ദുരീകരിക്കപ്പെടുന്നുണ്ട്. ആശുപത്രികളിൽ പ്രത്യേക വാർഡുകളും സായാഹ്ന ഒ.പിയും മറ്റ് ചികിത്സാ സൗകര്യങ്ങളും ഒരുക്കി സർക്കാർ ഈ വെല്ലുവിളിയെ നേരിടുകതന്നെയാണ്. എന്നാൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ശക്തമായ ഇടപെടൽ നടത്താനുണ്ട്.

മഴക്കാലപൂർവ്വ ശുചീകരണത്തിനും പകർച്ചവ്യാധിനിയന്ത്രണത്തിനുമായി തദ്ദേശസ്ഥാപനങ്ങൾ എന്തൊക്കെ കാര്യങ്ങൾ സമയബന്ധിതമായി നപ്പാക്കണമെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 03.05.2013-ലെ 22963, 07.05.2013-ലെ 28615 എന്നീ നമ്പർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം. വിദ്യാഭ്യാസം, കൃഷി, സാമൂഹ്യനീതി, മൃഗസംരക്ഷണം, നഗരകാര്യം, പൊതുമരാമത്ത്, ഇറിഗേഷൻ, തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. റോഡ്, തോട്, കിണർ, കുളം മറ്റ് ജലസ്രോതസ്സുകൾ, ടാങ്ക്, ഓട എന്നിവ വൃത്തിയാക്കൽ, ചെറുതും വലുതുമായ വെള്ളക്കെട്ടുകൾ ഒഴിവാക്കൽ, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജനം, കൊതുകു നശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മഴക്കാല പൂർവ്വ ശുചീകരണ പരിപാടികൾ നടത്തിയെന്നുറപ്പുവരുത്തണം. ഉറവിട മാലിന്യസംസ്കരണം, സംയോജിത മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടുത്തി ശുചിത്വകർമ്മ പരിപാടിയും ഫലപ്രദമായി നടപ്പാക്കണം.

മാലിന്യ സംസ്കരണത്തിൽ ഉദ്ദേശിച്ചത്രയും പുരോഗതി നേടാനായില്ല എന്ന മുഖ്യമന്ത്രിയുടെ അഭിപ്രായം തദ്ദേശസ്ഥാപനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ ശ്രദ്ധിക്കണം. മാലിന്യസംസ്കരണവും ശുചിത്വവും ആരോഗ്യത്തിന് അനിവാര്യമാണ്. ആരോഗ്യമുള്ള ജനതയിലൂടെയേ ആരോഗ്യമുള്ള രാഷ്ട്രം സാക്ഷാത്കൃതമാകൂ എന്ന സത്യം മനസ്സിലാക്കി മാലിന്യമുക്ത കേരളത്തിനും ജല സുരക്ഷയ്ക്കും ഉതകുന്ന പദ്ധതികൾ ഏറ്റെടുത്തുനടപ്പിലാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തുകളും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിനു

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

സാമൂഹ്യ സേവന വളർച്ചയിൽ കേരളം ഏറെ മുന്നോട്ടു പോയി എങ്കിലും അട്ടപ്പാടി പോലെയുള്ള സംഭവങ്ങൾ നമ്മൾ ഇനിയും ജാഗ്രതയോടെ പ്രവർത്തിക്കണം എന്ന മുന്നറിയിപ്പാണ് നൽകുന്നത്.

ഒരു ജനതയുടെ പൊതുവായ ആരോഗ്യം മനുഷ്യ വിഭവ ശേഷി വികസനവും ആ ജനതയുടെ പോഷകാഹാര സമ്പ്രദായത്തിന്റെ സൂചകങ്ങളാണ്. പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും എല്ലാവർക്കും അനുയോജ്യ നിലവാരത്തിൽ പോഷകാഹാരം ലഭിക്കാനും വ്യത്യസ്ത ഏജൻസികളുടെ സംയുക്ത പ്രവർത്തനം അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ നീതി-ആരോഗ്യ വകുപ്പുകൾ എന്നിവയ്ക്ക് ഫലപ്രദമായി ഇടപെടാൻ കഴിയും. ഇതോടൊപ്പം തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിനും വിദ്യാഭ്യാസ വകുപ്പിനും ശ്രദ്ധേയമായ നിലയിൽ ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിയും. സാമൂഹ്യ സേവന വളർച്ചയിൽ കേരളം ഏറെ മുന്നോട്ടു പോയി എങ്കിലും അട്ടപ്പാടി പോലെയുള്ള സംഭവങ്ങൾ നമ്മൾ ഇനിയും ജാഗ്രതയോടെ പ്രവർത്തിക്കണം എന്ന മുന്നറിയിപ്പാണ് നൽകുന്നത്. ഒരാളിന്റെ ആരോഗ്യനില ഏറെക്കുറെ ജനിതക ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു എങ്കിൽ പോലും ജാവിതത്തിലുട നീളം ഭക്ഷണത്തിന്റെ ഗുണമേന്മ പാരിസ്ഥിതിക സമ്മർദ്ദം, അണുബാധ, ജീവിതശൈലീമാറ്റം, വിട്ടുമാറാത്ത രോഗം എന്നിവയെ പ്രതിരോധിക്കുന്ന പ്രധാന ഘടകമാണ്.

പര്യാപ്തമായ ഭക്ഷണം, ആരോഗ്യം, കരുതൽ എന്നീ അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുക എന്ന ആത്യന്തിക ലക്ഷ്യമാണ് പോഷകാഹാര നയം കൊണ്ട് കൈവരിക്കാനാവുക.

ഒരു പോഷകാഹാര നയം ഉടനെ

നാം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പോഷകാഹാര നയം സംസ്ഥാനത്തൊട്ടാകെ ജനങ്ങളുടെ പോഷകാഹാര സ്ഥിതി വിലയിരുത്താൻ വ്യവസ്ഥ ചെയ്യുന്നു. മികച്ച പോഷകാഹാരത്തെയും പോഷകാഹാര കുറവിനെയും അമിത പോഷകാഹാരത്തെയും പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ഗവൺമെന്റിന് അപ്പപ്പോൾ ഉപദേശ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക എന്നതും നയം വിഭാവനം ചെയ്യുന്നു. 1993 ലാണ് ഇന്ത്യയിൽ ആദ്യമായി ഒരു പോഷകാഹാര നയം നിലവിൽ വന്നത്. പോഷകാഹാരക്കുറവിനെ പ്രതിരോധിക്കാനുള്ള ഈ നയം വനിതാ-ശിശുക്ഷേമ വകുപ്പാണ് പ്രഖ്യാപിച്ചത്. ഹ്രസ്വ-ദീർഘ കാല ലക്ഷ്യങ്ങൾ ഈ നയത്തിനുണ്ടായിരുന്നു. പക്ഷേ കേരളം പ്രധാനമായും ലക്ഷ്യമാക്കുന്നത് പോഷകാഹാരകുറവ് മാത്രമല്ല അമിത പോഷകാഹാരം കൂടിയാണ്.

പോഷകാഹാരകുറവ് പരിഹരിക്കുക, സംയോജിത ശിശുവികസന പദ്ധതിയിൽ കൂടുതൽ മെച്ചപ്പെട്ട ഭക്ഷണം നൽകുക, കുട്ടികളുടെ വളർച്ച വിലയിരുത്തുക, കൗമാര പ്രായക്കാരായ എല്ലാ കുട്ടികളെയും ഐ.സി.ഡി.എസിന്റെ പരിധിയിൽ കൊണ്ടുവരുക, എല്ലാ ഗർഭിണികൾക്കും ഐ.എഫ്.എ ഗുളികകൾ ലഭ്യമാക്കുക, മുലയൂട്ടുന്ന അമ്മമാർക്ക് ഐ.എഫ്.എയും കാത്സ്യം ഗുളികകളും നൽകുക, പകർച്ചാവ്യാധികൾ വരാൻ സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം അയഡിൻ കലർന്ന ഉപ്പ് വിതരണം ചെയ്യുക, പോഷകക്കുറവ് അനുഭവപ്പെടുന്ന എല്ലാവർക്കും പോഷകാഹാരം നൽകുക, പോഷകാഹാര പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്ന പരിവർത്തനം അറിയാനുള്ള സംവിധാനം, പരിശീലനം, ഗവേഷണം, മേൽനോട്ടം, അങ്കണവാടികൾക്ക് അംഗീകാരം, ഗിർവർഗ്ഗക്കാരിൽ പോഷകാഹാരക്കുറവ് പരിഹരിക്കാൻ പദ്ധതി, മുതിർന്ന പൗരന്മാരുടെ പോഷകാഹാരം നിർണ്ണയിക്കുക, വിദ്യാലയ പരിസരത്ത് ജങ്ക് ഫുഡും കൊഴുപ്പ് കൂടുതലുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക, ആരോഗ്യവർദ്ധക ഭക്ഷണങ്ങൾ എന്ന പേരിൽ വരുന്ന തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുക എന്നീ ലക്ഷ്യങ്ങൾ പോഷകാഹാര നയം വിഭാവനം ചെയ്യുന്നു. അടുത്ത രണ്ട് മാസത്തിനുള്ളിൽ നയം പ്രഖ്യാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാര-ആരോഗ്യ നിലവാരം ഉയർത്തുക, സ്ത്രീകളിലും പെൺകുട്ടികളിലും പോഷകാഹാരത്തിന്റെ അനിവാര്യതയെപ്പറ്റി അവബോധം ഉണർത്തുക, രണ്ട് വയസ്സു വരെ സമ്പുഷ്ടാഹാരം നിർബന്ധമാക്കുക, പോഷകാഹാരക്കുറവിന്റെയും ദൂഷ്യഫലത്തെപ്പറ്റിയുള്ള ബോധവത്കരണം, പോഷകാഹാര കുറവിന്റെയും അമിത പോഷകാഹാരത്തിന്റെയും ദോഷഫലങ്ങൾ ഉദാഹരണ സഹിതം വെളിവാക്കുക, പോഷകാഹാര പരിശീലന കേന്ദ്രങ്ങൾ സംസ്ഥാന, മേഖല, ജില്ലാ തലങ്ങളിൽ ആരംഭിക്കുക, പോഷകാഹാര മേൽനോട്ട കേന്ദ്രങ്ങൾ സ്ഥാപിക്കുക, വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക പോഷകാഹാരം, ജനനസമയത്തെ ഭാരക്കുറവ് പരിഹരിക്കുക, വിറ്റാമിൻ 'എ'യുടെ അഭാവത്തിന് പരിഹാരം, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക എന്നിവ കേരളം നടപ്പാക്കാനുദ്ദേശിക്കുന്ന പോഷകാഹാര നയത്തിന്റെ നേട്ടങ്ങളായി മാറ്റുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. പര്യാപ്തമായ ഭക്ഷണം, ആരോഗ്യം, കരുതൽ എന്നീ അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുക എന്ന ആത്യന്തിക ലക്ഷ്യമാണ് പോഷകാഹാര നയം കൊണ്ട് കൈവരിക്കാനാവുക. സാമൂഹ്യനീതി വകുപ്പിന്റെ ഈ സംരംഭം ആരോഗ്യമുള്ള ജനത അധിവസിക്കുന്ന പ്രദേശമായി കേരളത്തെ മാറ്റുകയും അതുവഴി സാമൂഹ്യ സാമ്പത്തിക വികസനത്തിനുള്ള ശക്തമായ അടിത്തറയായി മനുഷ്യ വിഭവശേഷി രൂപപ്പെടുകയും ചെയ്യും. ■

1993 ലാണ് ഇന്ത്യയിൽ ആദ്യമായി ഒരു പോഷകാഹാര നയം നിലവിൽ വന്നത്. പോഷകാഹാരക്കുറവിനെ പ്രതിരോധിക്കാനുള്ള ഈ നയം വനിതാ-ശിശുക്ഷേമ വകുപ്പാണ് പ്രഖ്യാപിച്ചത്. ഹ്രസ്വ-ദീർഘ കാല ലക്ഷ്യങ്ങൾ ഈ നയത്തിനുണ്ടായിരുന്നു. പക്ഷേ കേരളം പ്രധാനമായും ലക്ഷ്യമാക്കുന്നത് പോഷകാഹാരകുറവ് മാത്രമല്ല അമിത പോഷകാഹാരം കൂടിയാണ്.





എം.വി തോമസ്

മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

സംസ്കൃതവുമായി അഭേദ്യബന്ധം സ്ഥാപിക്കാൻ കഴിഞ്ഞ മലയാളത്തിൽ ഇന്ന് ഉപയോഗത്തിലിരിക്കുന്ന പദങ്ങളിൽ 50 ശതമാനത്തിലധികവും ആ ഭാഷയിൽ നിന്ന് കടംകൊണ്ടവയാണ്. മലയാളത്തിലെ സമ്പന്നമായ ലിപിവ്യവസ്ഥ മറ്റൊരു ഭാഷയിലെയും ഒട്ടുമിക്ക പദങ്ങളും ഉൾക്കൊള്ളാനും എഴുതാനും ഉച്ചരിക്കാനും നമ്മെ പ്രാപ്തരാക്കുന്നു.

2013 മെയ് 23ന് ചേർന്ന കേന്ദ്ര മന്ത്രി സഭായോഗം മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി അനുവദിച്ചു. ഈ മഹോന്നത പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാരതീയ ഭാഷയാണ് മലയാളം. സംസ്കൃതം, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകൾക്കാണ് ഇതിനു മുമ്പ് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത്.

ഈ സ്ഥാന ലബ്ദി കൊണ്ട് മലയാള ഭാഷാ വികസനത്തിനും ഗവേഷണത്തിനുമായി നൂറുകോടിയോളം രൂപ കേന്ദ്ര സഹായമായി കേരളത്തിന് ലഭിക്കും. മലയാള ഭാഷാ പഠനത്തിനായി മികവിന്റെ കേന്ദ്രം, സർവകലാശാലകളിൽ മലയാളം ചെയർ എന്നിവ ആരംഭിക്കും. മലയാള ഭാഷാ പണ്ഡിതർക്ക് ആണ്ടുതോറും രണ്ട് രാജ്യാന്തര പുരസ്കാരങ്ങൾ ലഭ്യമാക്കും. ഏറ്റവും നല്ല രണ്ട് മലയാള ഗവേഷണ പ്രബന്ധങ്ങൾക്ക് 50,000 രൂപയുടെ രണ്ട് ഫെലോഷിപ്പുകൾ നല്കാനും വ്യവസ്ഥയുണ്ട്.

The Union Cabinet today approved classifying Malayalam as a 'Classical Language'

മലയാളം

ആയിരത്തി അഞ്ഞൂറു കൊല്ലത്തെ പഴക്കമാണ് ശ്രേഷ്ഠ ഭാഷാപദവി നല്കുന്നതിനുള്ള മുഖ്യമാനദണ്ഡം. ഇതനുസരിച്ച് മലയാളത്തിന് ആ യോഗ്യതയുണ്ടോ എന്ന കാര്യത്തിൽ കേരളത്തിന് അകത്തും പുറത്തുമുള്ള പല പണ്ഡിതർക്കും സംശയമുണ്ടായിരുന്നു. എന്നാൽ ചിലപ്പതികാരം, മണിമേഖല, തൊൽക്കാപ്പിയം തുടങ്ങിയ തമിഴ് കൃതികളിലെ മലയാള പദങ്ങൾ ചൂണ്ടിക്കാട്ടി സംഘകാല സാഹിത്യത്തിന്റെ പൈതൃകവും പാരമ്പര്യവും മലയാളത്തിനു കൂടി അവകാശപ്പെടുന്നതാണെന്ന് മറ്റൊരു വിഭാഗം പണ്ഡിതർ അഭിപ്രായപ്പെട്ട പശ്ചാത്തലത്തിൽ ഇതര ദ്രാവിഡ ഭാഷകൾക്കെന്ന പോലെ മലയാളത്തിനും ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കേണ്ടതാണെന്ന് മലയാള ഭാഷാ സ്നേഹികളായ കുറേ വ്യക്തികളും പ്രസ്ഥാനങ്ങളും ശക്തിയായി വാദിച്ചു. ഇതേതുടർന്ന് 2010 മെയ് 6ന് അന്നത്തെ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി, സാംസ്കാരിക മന്ത്രി എം.എ. ബേബി, ഒ.എൻ.വി കുറുപ്പ്, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, സച്ചിദാനന്ദൻ മുതലായവരടങ്ങിയ ഒരു നിവേദക സംഘം ഡൽഹിയിലെത്തി മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നൽകണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. പ്രധാന മന്ത്രി ഈ പ്രശ്നം ഒരു വിദഗ്ധ സമിതിയുടെ പരിഗണനയ്ക്കു വിട്ടു.

മലയാള ഭാഷയുടെ പുരാതനത്വം സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി വിപുലമായ ഒരു പ്രബന്ധം തയ്യാറാക്കുവാൻ മേനാംകുളത്തെ 'ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സി'ലെ വിവധ ഭാഷാ പണ്ഡിതന്മാരെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി. ഇതിന്റെ സംയോജകനായി പ്രവർത്തിച്ച ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്. ഈ പണ്ഡിതന്മാർ നാലു വാല്യങ്ങളുള്ള പ്രബന്ധം തയ്യാറാക്കി വിദഗ്ധ സമിതിയ്ക്ക് സമർപ്പിച്ചു. എന്നാൽ ഈ സമിതി മലയാളഭാഷയുടെ പ്രാചീനത്വം സംബന്ധിച്ച അവകാശവാദങ്ങൾ അംഗീകരിച്ചില്ല.

ഈ നടപടിക്കെതിരേ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രധാനമന്ത്രിക്ക് നിവേദനം നല്കി. അതേ തുടർന്ന് മലയാളികൾക്കു കൂടി പ്രാതിനിധ്യമുള്ള ഒരു പുതിയ വിദഗ്ദ സമിതി രൂപവത്കരിക്കപ്പെട്ടു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രസിഡന്റ് വിശ്വനാഥ് തിവാരിയുടെ അധ്യക്ഷതയിലുള്ള സമിതിയിൽ മലയാളം സർവ്വകലാശാല വൈസ്ചാൻസലർ കെ. ജയകുമാർ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഡോ. ബി. ഗോപിനാഥൻ എന്നിവർ കൂടി അംഗങ്ങളായി. പുതിയ സമിതി മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നല്കണമെന്ന് ശുപാർശ ചെയ്തു. ഈ ശുപാർശയാണ് കേന്ദ്രമന്ത്രി സഭ അംഗീകരിച്ചത്.

മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചത് കേരളത്തിലും കേരളത്തിനു പുറത്തുമുള്ള സകലമലയാളികൾക്കും അഭിമാനിക്കാൻ വക നൽകുന്നു. മലയാളത്തിനും ഇതര ദ്രാവിഡ ഭാഷകൾക്കും ലഭിച്ച ഈ ഉത്കൃഷ്ട പദവി ഉത്തരേന്ത്യയിലെ ആര്യ ഭാഷകളിൽ സംസ്കൃതത്തിനു മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യയിലെ ജനങ്ങളിൽ പകുതിയോളം പേർ സംസാരിക്കുന്ന രാഷ്ട്ര ഭാഷയായ ഹിന്ദിയോ സാഹിത്യ സമ്പന്ന

മുൻകാലങ്ങളിൽ സംസ്കൃതത്തിലെ മിക്കവാറും എല്ലാ പ്രധാന കൃതികൾക്കും മലയാളത്തിൽ തർജമകൾ ഉണ്ടായെങ്കിൽ ആധുനിക കാലത്ത് റഷ്യൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിൽ നിന്നും ബംഗാളി, ഹിന്ദി തുടങ്ങിയ ഭാരതീയ ഭാഷകളിൽ നിന്നും അനവധി വിവർത്തനങ്ങൾ മലയാളത്തിലുണ്ടായി. തെക്കേ അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലെ വിശിഷ്ട കൃതികളും ഇവിടെ മൊഴിമാറി എത്തി. ലോകത്തിലെ ഏതുഭാഷയിലുമുള്ള ഏതു വിശിഷ്ട കൃതിയും മലയാള വായനക്കാർക്ക് സ്വന്തം ഭാഷയിൽ ലഭ്യമാകുമെന്ന സ്ഥിതി കൈവന്നിട്ടുണ്ട്.

മായ ബംഗാളിക്കോ ഉത്തരേന്ത്യയിലെ മറ്റേതെങ്കിലും പ്രാദേശിക ഭാഷയ്ക്കോ ക്ലാസിക്കൽ പദവി ലഭിച്ചിട്ടില്ല എന്നത് നമ്മുടെ തലയെടുപ്പ് രാജ്യത്തിനകത്തും പുറത്തും വർധിപ്പിക്കുക തന്നെ ചെയ്യും.

എന്നാൽ മലയാള ഭാഷയുടെ വൈശിഷ്ട്യം പുരാതനത്വത്തിൽ മാത്രമല്ല സ്ഥിതിചെയ്യുന്നത്. പദസമ്പത്തിലും ആശയവിനിമയ ശേഷിയിലും ഈ ഭാഷ മറ്റ് ഭാരതീയ ഭാഷകളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് നിലകൊള്ളുന്നത്. 'കറുത്ത പൊന്നി'ന്റെ നാടായ കേരളത്തിന് അതിപുരാതന കാലം മുതൽ വിദേശരാജ്യങ്ങളുമായി വാണിജ്യപരമായ ബന്ധം ഉണ്ടായിരുന്നു. അതുവഴി ഗ്രീക്ക് ലാറ്റിൻ, സുറിയാനി, പേർഷ്യൻ, അറബി, പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെ അനവധി പദങ്ങൾ നമ്മുടെ നിത്യവ്യവഹാരത്തിൽ കടന്നുകൂടി. ഒരു ദ്രാവിഡ ഭാഷയെന്ന നിലയിൽ തമിഴ്, തെലുങ്ക്, കന്നഡ, എന്നീ ഭാഷകളിലെ ഒട്ടേറെ പദങ്ങൾക്കും മലയാളത്തിൽ സ്ഥാനം കിട്ടി. സംസ്കൃതവുമായി അഭേദ്യബന്ധം സ്ഥാപിക്കാൻ കഴിഞ്ഞ മലയാളത്തിൽ ഇന്ന് ഉപയോഗത്തിലിരിക്കുന്ന പദങ്ങളിൽ 50 ശതമാനത്തിലധികവും ആ ഭാഷയിൽ നിന്ന് കടം കൊണ്ടവയാണ്. മലയാളത്തിലെ സമ്പന്നമായ ലിപിവ്യവസ്ഥ മറ്റൊരു ഭാഷയിലെയും ഒട്ടുമിക്ക പദങ്ങളും ഉൾക്കൊള്ളാനും എഴുതാനും ഉച്ചരിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. പ്രവാസി മലയാളികൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഗൾഫ് ഉൾപ്പെടെയുള്ള ഒട്ടേറെ വിദേശരാജ്യങ്ങളിൽ നിന്നും ധാരാളം പദങ്ങൾ മലയാളത്തിൽ എത്തിക്കുന്നുണ്ട്. ഇംഗ്ലീഷിനെപ്പോലും വെല്ലുന്ന രീതിയിൽ അന്യഭാഷാ പദങ്ങൾ സ്വാംശീകരിക്കാനുള്ള കഴിവ് മലയാളത്തിനുണ്ട്.

സാഹിത്യപരമായി നോക്കുമ്പോൾ മലയാളം എക്കാലത്തും സമ്പന്നമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേസരി എ. ബാലകൃഷ്ണ പിള്ളയുടെയും മറ്റും ശ്രമഫലമായി മലയാളം ഒരു കുതിച്ചു ചാട്ടം നടത്തി. കവിതയിലും ഗദ്യ സാഹിത്യത്തിലും അത്യാധുനിക പ്രവണതകൾ ഉൾകൊള്ളാൻ ഈ ഭാഷയ്ക്കു കഴിഞ്ഞു. മുൻകാലങ്ങളിൽ സംസ്കൃതത്തിലെ മിക്കവാറും എല്ലാ പ്രധാന കൃതികൾക്കും മലയാളത്തിൽ തർജമകൾ ഉണ്ടായെങ്കിൽ ആധുനിക കാലത്ത് റഷ്യൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിൽ നിന്നും ബംഗാളി, ഹിന്ദി തുടങ്ങിയ ഭാരതീയ ഭാഷകളിൽ നിന്നും അനവധി വിവർത്തനങ്ങൾ മലയാളത്തിലുണ്ടായി. തെക്കേ അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലെ വിശിഷ്ട കൃതികളും ഇവിടെ മൊഴിമാറി എത്തി. ലോകത്തിലെ ഏതു ഭാഷയിലുമുള്ള ഏതു വിശിഷ്ട കൃതിയും മലയാള വായനക്കാർക്ക് സ്വന്തം ഭാഷയിൽ ലഭ്യമാകുമെന്ന സ്ഥിതി കൈവന്നിട്ടുണ്ട്. ഗദ്യ-പദ്യ ശാഖകളിൽ മലയാള സാഹിത്യം ഇന്ത്യയിലെ മറ്റേതുഭാഷകളെക്കാളും മുന്നിലാണ്.

കേന്ദ്രസർക്കാർ മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി നല്കിയിട്ടുണ്ടെങ്കിലും മലയാളികളിൽ നല്ലൊരു ഭാഗം സ്വന്തം മാതൃഭാഷയെ പരമ പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. കേരളത്തിൽ വിദ്യ അഭ്യസിക്കുന്ന കുട്ടികളിൽ 25% പേരെങ്കിലും ഒരു ഘട്ടത്തിലും മലയാളം പഠിക്കുന്നില്ല. എസ്.എസ്.എൽ.സിയിൽ പോലും മലയാള പഠനം നിർബന്ധിതമല്ല. കേന്ദ്രീയ പഠന പരിപാടികളുടെ കാര്യം പറയേണ്ടതില്ല. ഇവിടെ ഭരണം, കോടതി, സ്വകാര്യ ഭാഷാവിനിയോഗം, ബാങ്കിംഗ്, വാണിജ്യം, ബിസിനസ്സ് എന്നീ മേഖലകളിലൊക്കെ മലയാളത്തിന് അർഹമായ അംഗീകാരം ഇന്നും ലഭിച്ചിട്ടില്ല.

മലയാളം സ്കൂൾ തലത്തിൽ നിർബന്ധിത ഭാഷയാക്കാനും സർക്കാർ ഉദ്യോഗത്തിന് മലയാളം പരിജ്ഞാനം അനിവാര്യമാക്കാനും ഭരണ-കോടതി തലങ്ങളിൽ മലയാളം നടപ്പാക്കാനും അശ്രാന്ത പരിശ്രമം നടക്കുകയും മലയാളഭാഷാ പോഷണത്തിനായി എഴുത്തച്ഛന്റെ പേരിൽ മലയാള സർവ്വകലാശാല ആരംഭിക്കുകയും ചെയ്തിരിക്കുന്ന ഈ അവസരത്തിൽ മലയാളത്തിന് ലഭിച്ചിരിക്കുന്ന ശ്രേഷ്ഠ ഭാഷാപദവി കേരളീയ ജനതയുടെ ആത്മാഭിമാനവും ആത്മ വീര്യവും വർദ്ധിപ്പിക്കാനുതകുമെന്ന് പ്രതീക്ഷിക്കാം. ■

(ലേഖകൻ പി.ആർ.ഡിയിൽ നിന്നും ഡപ്യൂട്ടി ഡയറക്ടറായി വിരമിച്ചതാണ്.)

ഒ.എൻ.വി കുറുപ്പ്


ഡോ. പുതുശ്ശേരി രാമചന്ദ്രൻ

ഡോ. നടുവട്ടംഗോപാലകൃഷ്ണൻ


സച്ചിദാനന്ദൻ

കെ. വിനോദ് കുമാർ

മഴക്ക് സ്വാഗതം കാരണം ഞങ്ങൾ തയ്യാറാണ്

ദൈവത്തിന്റെ സ്വന്തം നാട് മഴയാൽ അനുഗ്രഹീതമാണ്. വീണ്ടുമെത്തുന്ന മഴയെ സ്വാഗതം ചെയ്യണം നാം, രണ്ടു കൈയും നീട്ടി. അതിഥിയെ ദേവ തുല്യമായി കാണുന്ന മലയാളി ഇന്ന് പക്ഷേ അനുഗ്രഹമായ മഴയെ പേടിയോടെ കാണുന്നു. പച്ചപ്പിലേക്കും ശുചിത്വത്തിലേക്കും സ്വീകരിക്കുന്നതിന് പകരം മാലിന്യങ്ങളിലേക്ക് ക്ഷണിച്ചാൽ മഴ പേടിക്ക് കാരണമാകുകയും ശത്രുവിന്റെ കൈയിലെ ആയുധമാകുകയും ചെയ്യും.

മഴക്കാലം കേരളത്തിൽ പനിക്കാലം കൂടിയാണ്. ഒപ്പം ജല ജന്യ രോഗങ്ങളും. സാധാരണ പനി നമ്മെ വിശ്രമത്തിലേക്കും തുടർന്ന് പ്രതിരോധ ശേഷിയിലേക്കും നയിക്കുമ്പോൾ പുതിയ ഇനങ്ങൾ ദീർഘകാല വ്യഥയിലേക്കും മരണത്തിലേക്കും കൂട്ടിക്കൊണ്ടു പോകുന്നു. മഴയെ സ്വീകരിക്കാൻ മാലിന്യങ്ങൾ വലിച്ചെറിയപ്പെടാത്ത ജീവനുള്ള ഭൂമിയെ അനുവദിക്കുക മാത്രമാണ് പോംവഴി.

പ്രശ്നം

മഴക്കാലത്ത് വർദ്ധിച്ച് കാണുന്ന കൊതുക് ജന്യ-ജലജന്യ രോഗങ്ങൾ പ്രധാനമായും താഴെ പറയുന്നു.

രോഗം	രോഗകാരി	പകരുന്ന വഴി	ലക്ഷണങ്ങൾ
ഡങ്കിപ്പനി	ആർബോ (ഫ്ലാവി) വൈറസ്	ഈഡിസ് ഈജിപ്തി ഈഡിസ് ആൽബോ പിക്റ്റസ് കൊതുക് കടി ഏൽക്കുന്നതിലൂടെ	പെട്ടെന്നുണ്ടാകുന്ന കടുത്ത പനി, കണ്ണുകളിൽ കടുത്ത വേദന, കഠിനമായ തലവേദന, നാഡീ വേദന, ശരീരത്തിൽ ചുവന്ന പാടുകൾ, വിശപ്പില്ലായ്മ, ഛർദ്ദി
ചിക്കുൻ ഗുനിയ	ആൽഫാവൈറസ്		പനി, വിറയൽ, കഠിനമായ സന്ധി വേദന, തല വേദന, വിശപ്പില്ലായ്മ, പ്രകാശത്തിലേക്ക് നോക്കുമ്പോൾ അസ്വസ്ഥത, സന്ധികളുടെ നീർവീക്കം
മലമ്പനി	പ്ലാസ്മോഡിയം വൈവാക്സ്, പ്ലാസ്മോഡിയം ഫാൾസിപ്പാറം പ്ലാസ്മോഡിയം മലേറിയേ	അനോഫിലസ് കൊതുക് കടി ഏൽക്കുന്നതിലൂടെ	വിറയലോട് കൂടിയ ഇടവിട്ട ദിവസങ്ങളിലെ പനി, വിയർപ്പ്, ഛർദ്ദി, തലവേദന, ശരീര വേദന
ജപ്പാൻ ജ്വരം	ഫ്ളാവി വൈറസ്	ക്യൂലക്സ്, മാൻസോണിയ കൊതുക് കടി ഏൽക്കുന്നതിലൂടെ	പനി, തലവേദന, ഛർദ്ദി, കഴുത്ത് കുനിക്കാൻ കഴിയാതെ വരിക, ഓർക്കാനം, ഓർമ്മക്കുറവ്, മാനസിക വിഭ്രാന്തി, ഞെട്ടലും കോച്ചലും, ബോധക്ഷയം
എലിപ്പനി	ലെപ്റ്റോസ്പൈറ ബാക്ടീരിയ	എലി, പശു, മുയൽ, പന്നി മുതലായ ജീവികളുടെ മൂത്രംകലർന്ന വെള്ളവുമായുള്ള സമ്പർക്കം	ശക്തിയായ പനി, പേശീ വേദന, കണങ്കാൽ വേദന, കണ്ണിന് ചുവപ്പ് നിറം, മൂത്രത്തിന്റെ അളവ് കുറയുക, മഞ്ഞപ്പിത്തം തുടങ്ങിയവ

കോളറ	വിബ്രിയോ കോളറെ ബാക്ടീരിയ	മലിനമായ ഭക്ഷണ പാനീയങ്ങൾ	പെട്ടെന്നുള്ള വയറിളക്കം, ഛർദ്ദി, ഉരുണ്ടു കയറ്റം
മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ)	ഹെപ്പറ്റൈറ്റിസ് എ വൈറസ്		പനി, മൂത്രത്തിലും കണ്ണിലും മഞ്ഞ നിറം, വിശപ്പില്ലായ്മ, ഓക്കാനം, വായയുടെ ഉൾഭാഗത്ത് ശ്ലേഷ്മ കലകൾ മഞ്ഞയാവുക
ടൈഫോയിഡ്	സാൽമൊണെല്ല ടൈഫി ബാക്ടീരിയ		പെട്ടെന്നുള്ള ഛർദ്ദി, ശക്തിയായ തലവേദന, വിശപ്പില്ലായ്മ, ചിലപ്പോൾ ഛർദ്ദി, വയറിളക്കം
മന്തുരോഗം	മന്തുവിരകൽ (വൂച്ചറേറിയ ബാൻക്രോഫ്റ്റി, ബ്രൂഗിയ മലായി)	ക്യൂലക്സ്, മാൻസോണിയ കൊതുകുകൾ വഴി	പനി, കഴലവീക്കം, ഛർദ്ദി, കൈകാലുകളിൽ ചൊറിഞ്ഞ് തടിക്കുക, കൈകാലുകളിൽ താല്ക്കാലിക വീക്കം എന്നിവ പ്രാരംഭ ലക്ഷണങ്ങൾ

മേൽപ്പറഞ്ഞ മാരക രോഗങ്ങൾ പലതും കൂടിയ അളവിൽ മഴക്കു മുമ്പു തന്നെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

നമുക്ക് ചെയ്യാവുന്നത്

- പനി വന്നാൽ സ്വയം ചികിത്സ ഒഴിവാക്കുക, ഡോക്ടറുടേയോ ആരോഗ്യ പ്രവർത്തകരുടെയോ സഹായം തേടുക.
- പാത്രം, ടെറസ്, സൺഷേഡ്, കുപ്പി, ചിരട്ട, ടയർ വീപ്പ, വാട്ടർടാങ്ക്, മൺചട്ടി, ആട്ടുക്കല്ല്, പൂച്ചെട്ടി, വാട്ടർകൂളർ, മുട്ടത്തോട്, തൊണ്ട് പ്ലാസ്റ്റിക് കൂട്, പ്ലാസ്റ്റിക് ഷീറ്റ്, ഉടഞ്ഞ ഗ്ലാസ്, കുപ്പിയുടെ അടപ്പ്, ഫ്രിഡ്ജിന്റെ അടിഭാഗത്തുള്ള ട്രേ, സിമന്റ് ടാങ്ക്, റബ്ബർ ചിരട്ട, മരപ്പൊത്ത്, വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള മറ്റിടങ്ങൾ എന്നിവയിൽ വെള്ളം കെട്ടി നിന്ന് കൊതുക് പെരുകാനുള്ള സാധ്യത ഒഴിവാക്കുക (ഈഡിസ് കൊതുകിന്റെ മുട്ടകൾ ശുദ്ധജലത്തിലും മറ്റുള്ളവ അഴുക്കു ജലത്തിലുമാണിടുക. ഈഡിസ് മുട്ടകൾ വെള്ളമില്ലാത്ത സ്ഥലത്തിട്ടാലും പിന്നീട് വെള്ളം ലഭിക്കുമ്പോൾ വിരിയുമെന്നും ഓർക്കുക)
- അടുക്കളയിൽ നിന്നും കുളിമുറിയിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടികിടക്കുന്നില്ലെന്നും പൊതു ഓടകളിലേക്ക് ഒഴുക്കില്ലെന്നും ഉറപ്പു വരുത്തുക.
- കിണറ്റിൻ കരയിൽ ജലം കെട്ടിക്കിടക്കുന്നില്ലന്ന് ഉറപ്പു വരുത്തുക
- മുകൾത്തട്ട് ചലിക്കാത്ത കിണറുകളിൽ കൊതുക് വളരാൻ ഇടയുള്ളതിനാൽ ഗപ്പി മത്സ്യം വളർത്തുകയോ നിരന്തരമായി മുകൾത്തട്ട് ചലിപ്പിക്കുകയോ ശുദ്ധീകരിക്കുകയോ ചെയ്യുക.
- കുളത്തിലും കിണറുകളിലും കൂത്താടി ഭോജികളായ ഗപ്പി, ഗാംബൂസിയ, മാനത്ത്കണ്ണി തുടങ്ങിയ മീനുകളെ നിക്ഷേപിക്കുക.
- കൊതുക് വല ഉപയോഗിക്കുക.
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
- ആഹാര സാധനങ്ങൾ മലിനമാകാതെ സൂക്ഷിക്കുക.
- കിണർ വെള്ളം ശുദ്ധീകരിക്കുക.
- തുറസായ സ്ഥലങ്ങളിലെ മല മൂത്ര വിസർജ്ജനം ഒഴിവാക്കുക.
- പ്ലാസ്റ്റിക് വലിച്ചെറിയാതിരിക്കുക
- എലി, പശു, മുയൽ, പന്നി മുതലായ ജീവികളുടെ മൂത്രം കലരാൻ സാധ്യതയുള്ള വെള്ളവുമായുള്ള സമ്പർക്കം ഒഴിവാക്കുക.
- കൃഷി പണി ഉൾപ്പെടെ മലിന ജല സമ്പർക്ക ജോലിയിൽ ഏർപ്പെടുമ്പോൾ മുൻ കരുതലുകൾ സ്വീകരിക്കുക.
- മാലിന്യങ്ങൾ കുമിഞ്ഞ് കൂടാൻ അനുവദിക്കാതിരിക്കുക.
- ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിക്കുക.
- വ്യക്തി ശുചിത്വം പാലിക്കുക.
- പരിസര ശുചിത്വം പാലിക്കുക.
- എലി നശീകരണം നടത്തുക.
- മണ്ണും ഉറവകളും മലിനമാക്കാതിരിക്കുക.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതല

മഴക്കാല പൂർവ്വ ശുചീകരണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവധ വകുപ്പുകളും എന്തൊക്കെ ചെയ്യണമെന്ന് നിർദ്ദേശിച്ച് കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് രണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ വാർഡിലും ഒന്നിലധികം ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ഗൃഹ/സ്ഥാപന/സ്ഥല സന്ദർശനം നടത്തുകയും മഴക്കാല പൂർവ്വ ശുചീകരണ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ആഴ്ചയിൽ ഒരു ഡ്രൈഡേ ആചരിക്കാൻ നിർദ്ദേശിക്കുകയും ശുചിത്വ മാപ്പിംഗ് നടത്തുകയും പ്രവർത്തന മോണിറ്ററിംഗ് ഫല പ്രദമാക്കുകയും വേണം.

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
- ആഹാര സാധനങ്ങൾ മലിനമാകാതെ സൂക്ഷിക്കുക.
- കിണർ വെള്ളം ശുദ്ധീകരിക്കുക.
- തുറസായ സ്ഥലങ്ങളിലെ മല മൂത്ര വിസർജ്ജനം ഒഴിവാക്കുക.
- പ്ലാസ്റ്റിക് വലിച്ചെറിയാതിരിക്കുക
- എലി, പശു, മുയൽ, പന്നി മുതലായ ജീവികളുടെ മൂത്രം കലരാൻ സാധ്യതയുള്ള വെള്ളവുമായുള്ള സമ്പർക്കം ഒഴിവാക്കുക.

സർക്കുലർ നമ്പർ 22963/ഡിസി1/2013 തീയതി 03.05.2013

ഏപ്രിൽ നാലാം വാരം മുതൽ ആരംഭിക്കേണ്ട വിപുലമായ പ്രവർത്തനങ്ങളാണ് സർക്കുലർ നിർദ്ദേശിക്കുന്നത്.

എല്ലാ വിഭാഗം ആൾക്കാരും ഉൾപ്പെടുന്ന വാർഡ് തല ശുചിത്വ കൂട്ടായ്മകൾ വിളിച്ച് ചേർക്കണം.

വാർഡ് തല ശുചിത്വ ആരോഗ്യ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

ഓരോ വാർഡിലും ഒന്നിലധികം ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ഗൃഹ/സ്ഥാപന/സ്ഥല സന്ദർശനം നടത്തുകയും മഴക്കാല പൂർവ്വ ശുചീകരണ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ആഴ്ചയിൽ ഒരു ഡ്രൈഡേ ആചരിക്കാൻ നിർദ്ദേശിക്കുകയും ശുചിത്വ മാപ്പിംഗ് നടത്തുകയും പ്രവർത്തന മോണിറ്ററിംഗ് ഫല പ്രദമാക്കുകയും വേണം.

വാർഡ് തല ശുചിത്വ മാപ്പിംഗ് നടത്തി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രത്യേക പരിഗണന നൽകി രോഗ സാധ്യത ഒഴിവാക്കണം.

ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ച് പഞ്ചായത്ത് തല കർമ്മ പരിപാടി തയ്യാറാക്കണം.

റോഡ്/തോട്/കിണർ/മറ്റ് ജല സ്രോതസ്സുകൾ/ടാങ്ക്/ഓടകളുടെ വൃത്തിയാക്കൽ, ചെറുതും വലുതുമായ വെള്ളക്കെട്ട് ഒഴിവാക്കൽ, പ്ലാസ്റ്റിക്ക് മാലിന്യ സംഭരണവും സംസ്കരണവും തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മഴക്കാല പൂർവ്വ കർമ്മ പരിപാടിയും ദീർഘ വീക്ഷണത്തോടെയുള്ള ഉറവിട മാലിന്യ സംസ്കരണം, സംയോജിത മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടുത്തി ശുചിത്വ കർമ്മ പരിപാടിയും രൂപപ്പെടുത്തി നടപ്പാക്കണം.

ഗാർഹിക-സ്ഥാപന തല ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ലഘു ലേഖകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ് ഷോകൾ, എസ്.എം.എസ്-റേഡിയോ ഫോൺ കോളർ ട്യൂൺ അടിസ്ഥാനമായ പ്രചരണങ്ങൾ എന്നിവ ഉപയോഗപ്പെടുത്താം.

ജില്ലാ തലത്തിൽ ജില്ലാ കളക്ടറും ബ്ലോക്ക്-ഗ്രാമ തലങ്ങളിൽ അതത് പഞ്ചായത്ത് സെക്രട്ടറിമാരും അവലോകന സമിതി കൺവീനർമാരായി പ്രവർത്തിക്കണം.

പ്രസിഡന്റ് ചെയർപേഴ്സണും മെഡിക്കൽ ഓഫീസർ കൺവീനറും വിവധ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പഞ്ചായത്ത് നോമിനേറ്റ് ചെയ്യുന്ന സന്നദ്ധ പ്രവർത്തകരും ഉൾപ്പെട്ട സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

ഓരോ ആഴ്ചയിലും വാർഡ് തലത്തിൽ ശുചിത്വ ആരോഗ്യ സമിതിയും പഞ്ചായത്ത് തലത്തിൽ ഏകോപന സമിതിയും മോണിറ്ററിംഗ് നടത്തണം.

വിദ്യാഭ്യാസം, കൃഷി, സാമൂഹ്യ നീതി, മൃഗ സംരക്ഷണം, നഗര കാര്യം, പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പികളുടെ തനതു മേഖലകളിൽ അവരുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

സർക്കുലർ നമ്പർ 28615/ഡിസി1/2013 തീയതി 07.05.2013

സംസ്ഥാനത്ത് ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള കർമ്മ പരിപാടി ഈ സർക്കുലറിൽ നിർദ്ദേശിക്കുന്നു.

എല്ലാ ആഴ്ചയിലും വാർഡ് തല ശുചിത്വ ആരോഗ്യ സമിതികൾ യോഗം ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൈക്രോപ്ലാൻ കൃത്യമായി നടപ്പാക്കണം.

ശുദ്ധമായ കുടിവെള്ളം നൽകുന്നതിനും ഉപയോഗിക്കുന്ന വെള്ളം ശുദ്ധമാണെന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നോഡൽ ഓഫീസറായി പ്രവർത്തിക്കണം.

04.05.2013 തീയതിയിലെ 1200/2013/തസ്വഭവ നമ്പർ ഉത്തരവു മുഖേന വാർഡൊന്നിന് 25,000/- രൂപ ചെലവാക്കുന്നതിനും ആയതിനായി ശുചിത്വമിഷനിൽ നിന്നും 10.000/- രൂപ നൽകുന്നതിനും സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ■

ലേഖകൻ പഞ്ചായത്തു സെക്രട്ടറിയാണ്

അറയ്ക്കൽ ബാലകൃഷ്ണപിള്ള

ഗ്രാമപ്പഞ്ചായത്തുകളും ഹൗസിംഗ് ബോർഡും

ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്കരിച്ചു കൊണ്ട് പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് സർവ്വതോമുഖമായ പുരോഗതി ലഭ്യമാക്കുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾ പ്രാമുഖ്യം നല്കുന്ന കർമ്മ പരിപാടികളിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്ന ഒന്നാണ് ഭവന നിർമ്മാണം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാവട്ടെ, "സുരക്ഷിതഭവനം പൗരന്റെ അവകാശം" എന്ന സമീപനത്തിൽ ഉറച്ചു നിന്നുകൊണ്ട് ജനങ്ങൾക്ക് സാമ്പത്തികമായി താങ്ങാനാവുന്ന വിധത്തിൽ പാർപ്പിടങ്ങൾ ലഭ്യമാക്കുകയാണ് ഭവന നിർമ്മാണബോർഡിന്റെ ലക്ഷ്യം. സംസ്ഥാനത്ത് സർക്കാരിന്റെ പൂർണനിയന്ത്രണത്തിൽ ഭവന നിർവ്വഹണ രംഗത്ത് പ്രവർത്തിക്കുന്ന ഏക പൊതു മേഖലാ സ്ഥാപനമാണ് ഭവന നിർമ്മാണ ബോർഡ്. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളും ഭവന നിർമ്മാണ ബോർഡും തോളോടുതോൾ ചേർന്ന് പരസ്പരം സഹകരിച്ച് പ്രവർത്തിക്കുക എന്നത് സ്വാഭാവികം മാത്രമാണ്.

പന്ത്രണ്ടു ലക്ഷം പാർപ്പിടങ്ങൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് കേരളത്തിൽ പന്ത്രണ്ട് ലക്ഷം പാർപ്പിടങ്ങൾ നിർമ്മിച്ചു കൊണ്ട് എല്ലാവർക്കും വാസയോഗ്യമായ പാർപ്പിടങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ പുനർ നിർമ്മാണം ആവശ്യമായ 5.5 ലക്ഷം വീടുകളും പുതുതായി നിർമ്മിക്കേണ്ടിവരുന്ന 6.5 ലക്ഷം വീടുകളും ഉൾപ്പെടും. മൊത്തം നിർമ്മിക്കുന്ന 12 ലക്ഷം വീടുകളിൽ 7.2 ലക്ഷം വീടുകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി ഉള്ളവയാണ്. ഇവരിൽ ഭൂരിപക്ഷവും ഗ്രാമീണരായിരിക്കുമെന്ന് കണക്കാക്കാവുന്നതാണ്. ഈ സ്ഥിതി വിവരങ്ങൾ ഭവന നിർമ്മാണ മേഖലയിൽ പഞ്ചായത്തുകളും ഹൗസിംഗ് ബോർഡും സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അതതു പ്രദേശത്തെ ഭവന നിർമ്മാണ പ്രക്രിയയിൽ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ടെങ്കിലും അവയ്ക്ക് ആ മേഖലയിലുള്ള സാങ്കേതിക പരിജ്ഞാനവും സംവിധാനവും വളരെ പരിമിതമാണ്. അതുകൊണ്ടാണ് ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ ഉൾപ്പെടെയുള്ള മരാമത്ത് പ്രവൃത്തികൾക്ക് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഒരു അക്രഡിറ്റ് ഏജൻസിയായി സർക്കാർ പ്രഖ്യാപിച്ചത്. ഇതു സംബന്ധിച്ച് സ.ഉ (സാധാ) നം. 3315/2012/തസ്വ/(സി.എ)/ഭ.വ നമ്പരായി 01.12.12 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബോർഡിന്റെ സാങ്കേതിക മികവിനും കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും വിശ്വസ്തതയ്ക്കും ലഭിച്ച വലിയ ഒരു അംഗീകാരമാണിത്. കൂടാതെ 2013-14 ലെ ബഡ്ജറ്റിൽ വിവധ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും നടപ്പാക്കുന്ന ഭവന നിർമ്മാണ പരിപാടികളുടെ നോഡൽ ഏജൻസിയായും ഹൗസിംഗ് ബോർഡിനെ നിയമിച്ചിട്ടുള്ളത് ബോർഡിനെ സംബന്ധിച്ചടുത്തോളം അഭിമാനകരമാണ്. ഹൗസിംഗ് ബോർഡുമായി സഹകരിച്ച് അനുകൂലമായ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൂർവ്വാധികം ജാഗ്രത പുലർത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പന്ത്രണ്ട് ലക്ഷം പാർപ്പിടങ്ങൾ നിർമ്മിച്ചു കൊണ്ട് എല്ലാവർക്കും വാസയോഗ്യമായ പാർപ്പിടങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ പുനർ നിർമ്മാണം ആവശ്യമായ 5.5 ലക്ഷം വീടുകളും പുതുതായി നിർമ്മിക്കേണ്ടിവരുന്ന 6.5 ലക്ഷം വീടുകളും ഉൾപ്പെടും. മൊത്തം നിർമ്മിക്കുന്ന 12 ലക്ഷം വീടുകളിൽ 7.2 ലക്ഷം വീടുകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി ഉള്ളവയാണ്.

സഹകരണം രണ്ടു തരത്തിൽ

തദ്ദേശ സ്ഥാപനങ്ങൾക്ക് രണ്ടുതരത്തിൽ ഹൗസിംഗ് ബോർഡുമായി സഹകരിക്കുവാൻ കഴിയും. ഒന്നാമത് പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തം നിലയിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റ് എന്ന നിലയിൽ ബോർഡിന് സ്ഥാനം നല്കുക. പഞ്ചായത്തുകളും മറ്റും സ്വന്തം നിലയിൽ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ രൂപകല്പന മുതൽ നിർമ്മാണഘട്ടം പൂർത്തീകരണം വരെ എല്ലാ തലങ്ങളിലും ബോർഡിന്റെ ഉപദേശവും സാങ്കേതിക സഹായവും സ്വീകരിക്കാൻ കഴിയും. കോഴഞ്ചേരി പഞ്ചായത്ത് ആധുനിക ബസ് സ്റ്റാൻഡ് നിർമ്മാണത്തിന്റെ കൺസൾട്ടസി ജോലികളും കോട്ടയം മുനിസിപ്പാലിറ്റി മുള്ളൻ കുഴിയിൽ നിർമ്മിക്കുന്ന ഫ്ളാറ്റുകളുടെ ഡെപ്പോസിറ്റ് ജോലികളും ബോർഡിനെ ഏല്പിച്ചിട്ടുള്ളത് ഇതിന് ദൃഷ്ടാന്തമാണ്.

രണ്ടാമതായി ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ചെയ്യാവുന്ന കാര്യം ഹൗസിംഗ് ബോർഡ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ഒട്ടേറെ പദ്ധതികളിൽ അനുയോജ്യമായവ സ്പോൺസർ ചെയ്ത് സ്വന്തം പ്രദേശത്ത് അവ നടപ്പാക്കുക എന്നതാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്ന പ്രധാനകാര്യം ബോർഡിന്റെ നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കുന്നതിലൂടെ തദ്ദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ഭൂമി ലഭ്യമാക്കുക എന്നതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകൾ വഴി വായ്പകൾ ലഭ്യമാക്കാൻ കഴിയും. തുച്ഛവരുമാനക്കാർക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള **സങ്കേതം ഭവനപദ്ധതി, സാഫല്യം ഭവന പദ്ധതി** എന്നിവ ഇപ്രകാരം വിജയിപ്പിക്കാവുന്ന പദ്ധതികളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സങ്കേതം ഭവന പദ്ധതി. ഇതനുസരിച്ച് 400 ച.അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഫ്ളാറ്റിന് അഞ്ചു ലക്ഷം രൂപ ചെലവു വരും. ഇതിൽ രണ്ടു ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും രണ്ടു ലക്ഷം രൂപ പഞ്ചായത്തു വഴിയുള്ള വായ്പയുമായി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളുടെ സജീവ പങ്കാളിത്തവും സഹകരണവും ലഭിച്ചാൽ മാത്രമേ ഈ പദ്ധതി വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

400 ച.അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഫ്ളാറ്റിന് അഞ്ചു ലക്ഷം രൂപ ചെലവു വരും. ഇതിൽ രണ്ടു ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും രണ്ടു ലക്ഷം രൂപ പഞ്ചായത്തു വഴിയുള്ള വായ്പയുമായി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സുരക്ഷാഭവന പദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർ ചെയ്ത് നടപ്പാക്കാവുന്ന മറ്റൊരു പദ്ധതിയാണ് സുരക്ഷാഭവന പദ്ധതി. സ്വന്തമായി രണ്ടുസെന്റു ഭൂമിയുള്ളവരും വീടില്ലാത്തവരുമായ പാവപ്പെട്ടവർക്ക് വീടുവച്ചു നൽകുന്ന പദ്ധതിയാണിത്. ഒരു ലക്ഷം രൂപ നിർമ്മാണ ചെലവ് വരുന്നതും മുപ്പതു മുതൽ അൻപതുവരെ ചതുരശ്രമീറ്റർ തറവിസ്തീർണ്ണവുമുള്ളതുമായ വീടുകൾ നല്കുന്ന ഈ പദ്ധതി സന്നദ്ധസംഘടനകൾ വ്യക്തികൾ എന്നിവർക്കും സ്പോൺസർ ചെയ്യാവുന്നതാണ്. സ്പോൺസറുടെ സഹായത്തോടെ വീടു നിർമ്മാണം കൂരമട്ടമാകുമ്പോൾ ഗുണഭോക്താവിന് 25000 രൂപ സർക്കാർ സബ്സിഡിയായി ഭവനനിർമ്മാണ ബോർഡ് നല്കുന്നതാണ്.

സാഫല്യം ഭവന പദ്ധതി

സാമ്പത്തിക പിന്നോക്കം നിൽക്കുന്ന ബിപിഎൽ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവന രഹിത ജനവിഭാഗങ്ങൾക്കായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് സാഫല്യം. പഞ്ചായത്തുകൾക്കും മറ്റും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഫലപ്രദമായി സഹകരിക്കാവുന്ന ഒരു ഭവന നിർമ്മാണ പദ്ധതിയാണിത്. ബോർഡിന്റെ കൈവശമുള്ളതോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ളതോ ആയ ഭൂമിയിൽ ഫ്ളാറ്റുകൾ പണിയുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടമായി വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമ പഞ്ചായത്തുകളിലായി 30 കോടി രൂപ അടങ്കൽ ചെലവിൽ 1008 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിലെ ഭൂവികസന ചെലവുകളും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ശുദ്ധ ജല വിതരണ സംവിധാനം, മാലിന്യ സംസ്കരണം മുതലായവയുടെ ചെലവുകൾ അതത് തദ്ദേശസ്വയംഭരണസ്ഥാപനം വഹിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ സബ്സിഡിയായി രണ്ട് ലക്ഷം രൂപ, ഹഡ്കോ വായ്പയായി ഒരു ലക്ഷം രൂപ സന്നദ്ധ സംഘടന വിഹിതമായി 25000 രൂപ ഗുണഭോക്തൃവിഹിതമായി 25000 രൂപ എന്ന രീതിയിലാണ് ഭവന നിർമ്മാണത്തിന് ആവശ്യമുള്ള മൂന്നര ലക്ഷം രൂപ സമാഹരിക്കുന്നത്. ഹഡ്കോ നൽകുന്ന വായ്പ പലിശ ഉൾപ്പെടെ 168 പ്രതിമാസ തവണകളായി ഗുണഭോക്താവ് ബോർഡിൽ തിരിച്ച് അടയ്ക്കണം. പഞ്ചായത്തോ സന്നദ്ധസംഘടനയോ സന്മനസ്സുള്ള വ്യക്തികളോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ അനുയോജ്യമായ 25 സെന്റ് സ്ഥലം ലഭ്യമാക്കുന്ന പക്ഷം ശരാശരി 327 ച.അടി വിസ്തീർണ്ണമുള്ളതും മൂന്നര ലക്ഷം രൂപ മുതൽ മുടക്കുള്ളതുമായ 72 ഫ്ളാറ്റുകൾ നിങ്ങളുടെ പ്രദേശത്ത് നിർമ്മിച്ചു പാവപ്പെട്ടവർക്കായി നൽകുവാൻ ഹൗസിംഗ് ബോർഡിന് കഴിയും. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് പഞ്ചായത്തുകളുടെ അകമഴിഞ്ഞ സഹകരണം അനിവാര്യമാണ്.

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ബോർഡിന്റെ കൈവശമുള്ള 100 ഏക്കറോളം ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിൽ അനുയോജ്യമായ നിർമ്മാണ പദ്ധതികൾ പൊതു-സ്വകാര്യ-പഞ്ചായത്ത് സംയുക്തസംരംഭങ്ങളിൽ ഏറ്റെടുക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. സുതാര്യമായ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുമായി/സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്തസംരംഭ പദ്ധതികളായ പാർപ്പിട പദ്ധതികളും വാണിജ്യ സമുച്ചയങ്ങൾ, ഷോപ്പിംഗ് മാളുകൾ ഉൾപ്പെടെയുള്ള വികസന പദ്ധതികളും നടപ്പിലാക്കാൻ ബോർഡിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ബില്ല് കേരളനിയമസഭ 2012 ജൂൺ 11ന് പാസ്സാക്കിയിട്ടുണ്ട്. ഇത്തരം സംയുക്തസംരംഭങ്ങളിൽ പഞ്ചായത്തുകൾക്ക് ഭാഗഭാക്കാകാവുന്നതാണ്. പഞ്ചായത്തുകളും ഹൗസിംഗ് ബോർഡും കൂട്ടായി പരിശ്രമിച്ചാൽ ഗ്രാമങ്ങളിലെ വീടില്ലാത്ത പാവങ്ങൾക്ക് "തല ചായ്ക്കാനൊരിടം" പ്രദാനം ചെയ്യാൻ കഴിയും. ഇതിലേക്ക് പഞ്ചായത്ത് വകുപ്പ് തലത്തിലും അതതു പഞ്ചായത്ത്തലത്തിലും ഹൗസിംഗ് ബോർഡുമായി ആശയവിനിമയം നടത്തുന്നത് അഭികാമ്യമായിരിക്കും. ഭവന നിർമ്മാണ കാര്യത്തിൽ പഞ്ചായത്തുകൾക്ക് ഭവന നിർമ്മാണ ബോർഡിന്റെ എല്ലാ സഹായ സഹകരണങ്ങളും ഉണ്ടാവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സജീവമായി സഹകരിക്കാവുന്ന മറ്റുചില പ്രത്യേക പദ്ധതികളെക്കുറിച്ചുകൂടി പറയാം. സുനാമി പുനരധിവാസ തീരദേശ ഭവന പദ്ധതിയുടെ നോഡൽ ഏജൻസിയായ ഭവന നിർമ്മാണബോർഡ് നേരിട്ടും ഏജൻസികൾ മുഖേനയും 3675 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ശാന്തിനഗർ (ബംഗ്ലാദേശ് കോളനി) പുനരധിവാസ ഭവന പദ്ധതിയാണ് ശ്രദ്ധേയമായ മറ്റൊരു പദ്ധതി. ഈ പദ്ധതി പ്രകാരം 333 വീടുകൾ നിർമ്മിക്കുവാനും നിലവിലുള്ള 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കുവാനും കോളനിയിലെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്. 2013 ജനുവരിയിൽ 218 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 115 വീടുകളുടെ നിർമ്മാണവും 25 വീടുകളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന വികസന പദ്ധതികളും രണ്ടാം ഘട്ടമായി 2013-14-ൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിദൂര സ്ഥലങ്ങളിൽ നിന്ന് നഗരത്തിൽ വന്ന് പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിനുള്ളിൽ തന്നെ മിതമായ വാടകയ്ക്ക് താമസ സൗകര്യമൊരുക്കുന്ന ഇന്നൊവേറ്റീവ് (അത്താണി) ഭവനപദ്ധതി, വനിതാജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതി, സർക്കാർ ജീവനക്കാർക്കായുള്ള വാടകവീട് പദ്ധതി തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്കും മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും പങ്കാളിത്തം വഹിക്കാവുന്നതാണ്. ■

(ലേഖകൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചെയർമാനാണ്.)

സ്ത്രീസുരക്ഷക്ക് 2013 - ലെ ക്രിമിനൽ നിയമ ഭേദഗതി നിയമം

ടി. ഷാഹുൽ ഹമീദ്

സർക്കാരുകളുടെ മുൻഗണനകൾ മാറിമറിയുകയാണ്, നാളിത് വരെ വലിയ പരിഗണന നൽകാത്ത മേഖലകളിലേക്ക് സർക്കാർ കൂടുതൽ ശ്രദ്ധയും വിഭവ നീക്കിയിരിപ്പും നടത്തുകയാണ്. സ്ത്രീകളുടെ സമഗ്രമായ പുരോഗതിക്ക് വേണ്ടി അതിനൂതനങ്ങളായ പദ്ധതികളും, സ്ത്രീകളുടെ എല്ലാ തരത്തിലുള്ള സുരക്ഷക്ക് കുറ്റമറ്റ നിയമസംവിധാനവും ഒരുക്കാൻ സർക്കാർ മുന്നോട്ട് വന്നിരിക്കുന്നു. ഈ പ്രാവശ്യത്തെ കേന്ദ്ര ബഡ്ജറ്റിൽ വനിതാശിശുമേഖലക്ക് 1000 കോടി, നിർഭയ നിധി 1000 കോടി, വനിതാ ബേങ്ക് 2000 കോടി സ്ത്രീകൾക്ക് എതിരെയുള്ള വിവേചനം തടയുന്നതിന് വേണ്ടി എന്നിവ അടക്കം 97134 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സ്ത്രീകൾക്ക് എല്ലാ തലത്തിലും മാന്യമായ പരിഗണന നൽകേണ്ടതും, സുരക്ഷിതത്വമായ ജീവിത സൗകര്യം ഒരുക്കേണ്ടതും ഭരണകൂടങ്ങളുടെ ഒഴിച്ച് കൂടാനാവാത്ത ചുമതലയാണ്. ഡൽഹിയിലെ ബസ്സിൽ 16/12/2012 ന് നടന്ന ബലാൽസംഗത്തെ തുടർന്ന് സിംഗപ്പൂർ ആശുപത്രിയിൽ വെച്ച് 29/12/2012 ന് (13-ാമത്തെ ദിവസം) മരണപ്പെടുകയും ചെയ്ത 23 വയസ്സുകാരി 'നിർഭയ'യുടെ സംഭവം ഒരു നിമിത്തമായിരുന്നു. ഐക്യരാഷ്ട്ര സഭ അടക്കം ലോകരാജ്യങ്ങൾ വിമർശിക്കുകയും നടുക്കം രേഖപ്പെടുത്തുകയും ചെയ്ത സംഭവത്തെ തുടർന്ന് സകല കണ്ണുകളും ഒരേ കേന്ദ്രത്തിലേക്ക് ഒറ്റ മനസ്സായി നിൽക്കുകയും ചെയ്ത സാഹചര്യം, സ്ത്രീകളുടെ സുരക്ഷ അവരുടെ സകല പ്രശ്നങ്ങളും ആഴത്തിൽ പഠിക്കാനും നിലവിലുള്ള യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനും സർക്കാർ മുന്നോട്ടു വന്നു. നിർഭയ സംഭവത്തിന് ശേഷം ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തടയുന്നതിനും നിലവിലുള്ള ക്രിമിനൽ നിയമത്തിൽ ആവശ്യമായ ഭേദഗതി ഉണ്ടാക്കുന്നതിനും രാജ്യത്തെ നിയമവ്യവസ്ഥയെ സ്ത്രീകളുടെ കാലികമായ പ്രശ്നങ്ങൾക്ക് മുമ്പിൽ സർവ്വ സജ്ജരാക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാർ മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ജെ. എസ്. വർമ്മയുടെ നേതൃത്വത്തിൽ ജസ്റ്റീസ് ലീലാസേത്ത് (മുൻ ഹൈക്കോടതി ജഡ്ജി, ഗോപാൽ സുബ്രഹ്മണ്യം (മുൻ സോളിസ്റ്റർ ജനറൽ)എന്നിവർ അംഗങ്ങളായ കമ്മറ്റിയെ 23.12.12 ന് നിയമിക്കുകയും പ്രശ്നങ്ങളെ ആഴത്തിൽ പഠിച്ച് 30 ദിവസത്തിനുള്ളിൽ 80,000 അഭിപ്രായങ്ങൾ ക്രോഡീകരിച്ച് 23.01.2013 ന് കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബലാൽസംഗം, ലൈംഗീകാതിക്രമം, മനുഷ്യക്കടത്ത്, കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമം, പീഡനങ്ങൾക്ക് ഇരയായവരുടെ മെഡിക്കൽ പരിശോധന, പോലീസ്, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഉണ്ടാക്കേണ്ട കാലാനുസൃതമായ നിയമഭേദഗതികളും പുതിയ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതിനെക്കുറിച്ചും കമ്മറ്റി വിശദമായ റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വിശദമായ ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ് (ആന്റി റേപ്പ് ബിൽ) എന്ന പേരിൽ കൊണ്ട് വരികയും, 2013 മാർച്ച് 19 ന് നിയമം

പാസ്സാക്കി 2013 ഏപ്രിൽ 2 ന് രാഷ്ട്രപതി ഒപ്പിട്ട് നിയമം ആകുകയും ചെയ്തു. 2011– 12 വർഷത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 35% വർദ്ധനവ് വന്ന സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും അഭിമാന ബോധത്തോടെ ജീവിക്കുവാനും സകല ചൂഷണങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചനം ലഭിക്കുവാൻ ഉതകുന്ന പുരോഗമനപരമായ ഒട്ടേറെ നിയമ പരിഷ്ക്കാരങ്ങളും സാഹചര്യത്തിനനുസരിച്ചുള്ള മാറ്റങ്ങളും 2013 – ലെ ക്രിമിനൽ നിയമ ഭേദഗതിയിൽ അടങ്ങിയിട്ടുണ്ട്. പല സ്ത്രീ പീഡനകേസുകളിലും കുറ്റക്കാർ എളുപ്പം രക്ഷപ്പെടുകയും പരാതിക്കാർക്ക് കൊടിയ പീഡനങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്ന ഒട്ടേറെ സംഭവങ്ങൾ പുറത്തുവരുന്ന ഘട്ടത്തിൽ പഴുതുകളില്ലാതെ പീഡനങ്ങൾക്ക് ഇരയായവർക്ക് അനുകൂലമായി പ്രതികൾക്ക് പരമാവധി ശിക്ഷ വാങ്ങിച്ച് കൊടുക്കാൻ പര്യാപ്തമായ നിയമഭേദഗതി എല്ലാ സ്ത്രീ സംഘടനകളും സ്വാഗതം ചെയ്യുകയുണ്ടായി.

തൊഴിലിടങ്ങളിൽ നിന്ന് പീഡനങ്ങൾ ഏറ്റ് വാങ്ങേണ്ടിവരുന്നവരുടെ കാര്യത്തിൽ ഉടമകൾ നഷ്ടപരിഹാരം നൽകണം എന്നതും, ബലാൽസംഗത്തിന് ഇരയായി മരണപ്പെട്ടാൽ പ്രതികൾക്ക് വധശിക്ഷ നൽകുവാനും, സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുവാനും, എല്ലാ പോലീസ് സ്റ്റേഷനിലും സിസിടിവി സ്ഥാപിക്കുവാനും, പോലീസ് സ്റ്റേഷൻ കവാടത്തിലും ചോദ്യം ചെയ്യുന്ന മുറിയിലും നിർബന്ധമായും ക്യാമറ സ്ഥാപിക്കുവാനും, ഓൺലൈനായി എഫ് ഐ ആർ ചെയ്യാനുള്ള സൗകര്യവും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന്റെ കാര്യത്തിൽ അധികാര പരിധി നോക്കാൻ പാടില്ല എന്നുള്ളതും, സ്ത്രീകളുടെ പ്രശ്നത്തിൽ ഇടപെടുന്നവരുടെ സംരക്ഷണം, കമ്മ്യൂണിറ്റി പോലീസ് സംവിധാനം എന്നിവ ഏർപ്പെടുത്തണം, രാജ്യത്തെ എല്ലാ വിദ്യാലയങ്ങളിലും ലൈംഗിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ ജസ്റ്റിസ് വർമ്മ കമ്മീഷൻ സർക്കാറിന് മുന്നിൽ സമർപ്പിച്ചു. പ്രസ്തുത നിർദ്ദേശങ്ങളിലെ സാരാംശം ഉൾക്കൊണ്ട് ക്രിമിനൽ ഭേദഗതി നിയമത്തിൽ 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം, 1973 ലെ ക്രിമിനൽ നടപടി ക്രമം, 1872 ലെ ഇന്ത്യൻ തെളിവ് നിയമം എന്നീ നിയമങ്ങളിൽ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നു.

ഇന്ത്യൻ ശിക്ഷാ നിയമം

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബലാത്സംഗം എന്ന കുറ്റത്തിന്റെ നിർവ്വചനം വിപുലമാക്കി. ലൈംഗികാതിക്രമവും ബലാൽസംഗത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി. പുരുഷന്മാരെ മാത്രമെ ഈ വകുപ്പിൽ ശിക്ഷിക്കാൻ സാധിക്കുകയുള്ളൂ.

166 വകുപ്പിനോട് 166 എ എന്ന പുതിയവകുപ്പ് കൂട്ടിചേർത്തു. പബ്ലിക്ക് സർവന്റ്മാർ കുറ്റാന്വേഷണത്തിൽ വേണ്ടവിധം ശ്രദ്ധിക്കാത്ത അന്വേഷണത്തിൽ അമാന്തം കാണിച്ചാൽ ഒരു വർഷം തടവും പിഴയും ഉണ്ടാകും. ആയുധങ്ങൾകൊണ്ട് മാരകമായ മുറിവേൽപിക്കുന്ന കുറ്റമായ 326 വകുപ്പിനോട് 326 എ, 326 ബി എന്നിവ കൂട്ടിചേർത്തു. ബോധപൂർവം ഒരാളെ ആസിഡ് ഉപയോഗിച്ച് അക്രമിച്ചാൽ 10 വർഷം വരെ തടവും 10ലക്ഷം രൂപ വരെ പിഴയും ഈടാക്കി പിഴ പരാതിക്കാർക്ക് നൽകണം. ഗൗരവം ഉള്ള കേസുകളിൽ ജീവപര്യന്തം തടവ് വരെ വിധിക്കാവുന്നതാണ്. 326 ബി, ആസിഡ് കൊണ്ട് അക്രമത്തിന് ശ്രമിച്ചാൽ കുറ്റവാളികൾക്ക് 5 വർഷം മുതൽ 7 വരെ തടവും കൂടെ പിഴയും പുതിയ നിയമത്തിൽ ചുമത്താവുന്നതാണ്. ആസിഡ് എന്നാൽ മനുഷ്യശരീരത്തിന് പൊള്ളലേൽക്കുന്ന ഏത് പദാർഥവും ഉൾപ്പെടുന്നു.

സ്ത്രീകൾക്കെതിരെ ഉള്ള അക്രമം തടയുന്ന നിലവിലെ 354 വകുപ്പിന്റെ ശിക്ഷ 5 വർഷം വരെയാക്കി. പ്രസ്തുത വകുപ്പിനോട് 354 എ വകുപ്പ് കൂട്ടിച്ചേർത്ത് ലൈംഗീക അതിക്രമം എന്ന കുറ്റത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ കൂട്ടിചേർത്ത് നിയമം ശക്തമാക്കി.

ഐക്യരാഷ്ട്ര സഭ അടക്കം ലോകരാജ്യങ്ങൾ വിമർശിക്കുകയും നടുക്കം രേഖപ്പെടുത്തുകയും ചെയ്ത സംഭവത്തെ തുടർന്ന് സകല കണ്ണുകളും ഒരേ കേന്ദ്രത്തിലേക്ക് ഒറ്റ മനസ്സായി നിൽക്കുകയും ചെയ്ത സാഹചര്യം, സ്ത്രീകളുടെ സുരക്ഷ അവരുടെ സകല പ്രശ്നങ്ങളും ആഴത്തിൽ പഠിക്കാനും നിലവിലുള്ള യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും സർക്കാർ മുന്നോട്ടു വന്നു.



ബലാൽസംഗത്തിന് ഇരയായി മരണപ്പെട്ടാൽ പ്രതികൾക്ക് വധശിക്ഷ നൽകുവാനും, സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുവാനും, എല്ലാ പോലീസ് സ്റ്റേഷനിലും സിസിടിവി സ്ഥാപിക്കുവാനും, പോലീസ് സ്റ്റേഷൻ കവാടത്തിലും ചോദ്യം ചെയ്യുന്ന മുറിയിലും നിർബന്ധമായും ക്യാമറ സ്ഥാപിക്കുവാനും, ഓൺലൈനായി എഫ് ഐ ആർ ചെയ്യാനുള്ള സൗകര്യവും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന്റെ കാര്യത്തിൽ അധികാര പരിധി നോക്കാൻ പാടില്ല എന്നുള്ളതും, സ്ത്രീകളുടെ പ്രശ്നത്തിൽ ഇടപെടുന്നവരുടെ സംരക്ഷണം, കമ്മ്യൂണിറ്റി പോലീസ് സംവിധാനം എന്നിവ ഏർപ്പെടുത്തണം,

1. ശാരീരികമായ തലോടൽ, ലൈംഗിക ചുവയുള്ള അലോസരപ്പെടുത്തുന്ന വാക്കുകൾ.
2. ലൈംഗിക കാര്യങ്ങൾ ആവശ്യപ്പെടൽ
3. സ്ത്രീകൾക്ക് അസ്വസ്തത ഉണ്ടാക്കുന്ന പെരുമാറ്റം
4. അശ്ലീല പുസ്തകങ്ങൾ നിർബന്ധിച്ച് കാണിക്കൽ
5. വാക്കാലും പ്രവൃത്തിയാലും ആംഗ്യത്തിലായാലും ലൈംഗിക പ്രകൃതമുള്ള എല്ലാ കാര്യങ്ങളും.

പ്രസ്തുത കുറ്റം ചെയ്താൽ 5 വർഷം വരെ കഠിനതടവും, പിഴയും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

354 ബി – അക്രമണത്തിലൂടെ ഒരു സ്ത്രീയെ നഗ്നയാക്കിയാലും നിർബന്ധിച്ച് ആ വ്യക്തിയെ നഗ്നയായി പൊതുസ്ഥലത്ത് നടക്കുവാൻ നിർബന്ധിച്ചാലും 3 വർഷം മുതൽ 7 വർഷം വരെ തടവും കൂടെ പിഴയും കിട്ടും.

354 സി – അസാന്മാർഗിക മാർഗ്ഗത്തിലൂടെ സ്ത്രീകളുടെ സ്വകാര്യപ്രവൃത്തികളെ നിരീക്ഷിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്താൽ 1 വർഷം മുതൽ 3 വർഷം വരെ തടവ് ലഭിക്കുന്ന ശിക്ഷ ലഭിക്കുമെന്ന് 354 സി വകുപ്പ് പറയുന്നു. സ്നേഹപ്രകടനത്തിലൂടെ സ്ത്രീകളുടെ ഫോട്ടോ സ്നേഹം നടിച്ച് എടുക്കുകയും എടുത്ത ഫോട്ടോകൾ മറ്റുള്ളവർക്ക് കാണിച്ചാലും ഈ വകുപ്പ് പ്രകാരം കുറ്റം ചെയ്തതായി കണക്കാക്കും. കുറ്റം ആവർത്തിച്ചാൽ ശിക്ഷ 7 വർഷം വരെ വിധിക്കാവുന്നതാണ്.

354 ഡി – സ്നേഹം നടിച്ച് ആരെയെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങളായ ഇന്റർനെറ്റ്, ഇമെയിൽ എന്നിവയിലൂടെ പ്രവൃത്തികൾ കാണിച്ച് ക്രിമിനൽ ഭയത്തിന്റെ വിത്ത് പാകുന്നവരെയും ശിക്ഷിക്കാൻ ഈ വകുപ്പ് പ്രകാരം സാധിക്കും. 1 വർഷം മുതൽ 3 വർഷം വരെ ശിക്ഷ കിട്ടും ഈ വകുപ്പ് പ്രകാരം കുറ്റം ചെയ്താൽ.

അടിമപണിക്ക് വേണ്ടി ആളുകളെ വാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്നത് തടയുന്ന 370–ാം വകുപ്പിനോട് 370 എ കൂട്ടിച്ചേർത്തു.

ചൂഷണത്തിന് വേണ്ടി മനുഷ്യരെ കടത്തുകയാണെങ്കിലും താമസിപ്പിക്കുകയാണെങ്കിലും ഭയപ്പെടുത്തി, ഭീഷണിപ്പെടുത്തി, സ്വാധീനിച്ച്, ബലം പിടിച്ച് കൊണ്ടുപോകുകയോ, തട്ടികൊണ്ട് പോയി ചതിയിലൂടെയോ അധികാര ദുർവിനിയോഗം നടത്തിയോ പണം തരാം എന്ന് വാഗ്ദാനം ചെയ്തോ കടത്തി കൊണ്ട് പോയാൽ 7 വർഷം വരെയുള്ള കഠിന തടവും പിഴയും ഒന്നിൽ കൂടുതൽ പേർ ചേർന്നാണ് കുറ്റകൃത്യം ചെയ്തത് എങ്കിൽ 10 വർഷം വരെയുള്ള കഠിന തടവും ലഭിക്കും. വേശ്യാവൃത്തി, അടിമപണിക്ക് വേണ്ടി, അവയവങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടി, മനുഷ്യരെ കടത്തിയാൽ ഈ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. ഈ കാര്യത്തിൽ സമ്മതമുണ്ട് എന്നത് ഗൗരവമാക്കേണ്ടതില്ല എന്ന് നിയമം അനുശാസിക്കുന്നു.

മനുഷ്യകടത്തിൽ പൊതുപ്രവർത്തകർ ഉണ്ടെങ്കിൽ, മൈനർമാരെ കടത്തി ലൈംഗീകാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സ്ഥിരം കുറ്റവാളികൾ ഉണ്ടെങ്കിൽ ജീവിതാവസാനം വരെ ജയിലിൽ പാർപ്പിക്കാനും ഈ നിയമം അനുശാസിക്കുന്നു, ഈ കാര്യത്തിൽ സഹായികളെയും ശിക്ഷിക്കാൻ വകുപ്പുണ്ട്.

ലൈംഗികാതിക്രമം തടയുന്നതിന് ഇന്ത്യൻ പീനൽ കോഡിൽ 375 എ വകുപ്പ് കൂട്ടിചേർത്തു. സമ്മതവും താല്പര്യവും ഇല്ലാതെ ഭയപ്പെടുത്തി സമ്മതം വാങ്ങിച്ചോ തെറ്റിദ്ധരിപ്പിച്ചോ മാനസികാവസ്ഥയിൽ നിന്നോ സാഹചര്യത്തിൽ നിന്നോ ഭവിഷ്യത്ത് അറിയാതെയോ 18 വയസ്സ് പൂർത്തീകരിക്കാതെയോ സമ്മതം പുറത്ത് പറയാൻ കഴിയാത്തവരെയോ ലൈംഗീകാതിക്രമം കാണിച്ചാൽ ഈ വകുപ്പ് പ്രകാരം കുറ്റം ചെയ്തെന്ന് പറയാം. 18 വയസ്സ് വരെ പെൺകുട്ടികളുടെ സമ്മതം അസംഗതമാണ്. 376 – ലൈംഗിക അതിക്രമത്തിനുള്ള ശിക്ഷ 7 വർഷം വരെ തടവും, പിഴയും. ചില കേസുകളിൽ കേസിന്റെ ഗൗരവത്തിന് അനുസരിച്ച് ശിക്ഷ ജീവപര്യന്തം വരെ തടവും പിഴയും ലഭിക്കാവുന്നതാണ്. പോലീസ് ഓഫീസറോ, പബ്ലിക്ക് സർവന്റോ, സൈനിക വിഭാഗത്തിൽ പെട്ടവരൊ, ജയിൽ ജീവനക്കാരോ, ഹോസ്പിറ്റൽ മാനേജ്മെന്റ് അംഗങ്ങളോ, ബന്ധുക്കളോ, രക്ഷിതാക്കളോ, അദ്ധ്യാപകരോ ആണ് ലൈംഗികാതിക്രമം കാണിച്ചതെങ്കിൽ അവർക്കെതിരെ 10 വർഷവും ഗൗരവമുള്ള കേസുകളിൽ ജീവപര്യന്തവും പിഴയും വിധിക്കാവുന്നതാണ്. ഗർഭിണിയാക്കാനുള്ള ഉദ്ദേശ്യത്തിൽ ലൈംഗീകാതിക്രമണം നടത്തിയാലോ, 18 വയസ്സ് പൂർത്തീകരിക്കാത്തവരെയോ സമ്മതം നൽകാൻ കഴിവില്ലാത്തവരെയോ സാമൂഹ്യസാമ്പത്തിക പ്രേരണയിൽ

2011– 12 വർഷത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 35% വർദ്ധനവ് വന്ന സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും അഭിമാന ബോധത്തോടെ ജീവിക്കുവാനും സകല ചൂഷണങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചനം ലഭിക്കുവാൻ ഉതകുന്ന പുരോഗമനപരമായ ഒട്ടേറെ നിയമ പരിഷ്ക്കാരങ്ങളും സാഹചര്യത്തിനനുസരിച്ചുള്ള മാറ്റങ്ങളും 2013 – ലെ ക്രിമിനൽ നിയമ ഭേദഗതിയിൽ അടങ്ങിയിട്ടുണ്ട്.

സ്വാധീനിച്ച് കീഴ്പെടുത്തി മാനസിക വിഭ്രാന്തിയുള്ളവരെയോ ആരെങ്കിലും ലൈംഗികമായി അക്രമിച്ചാൽ ഈ വകുപ്പ് പ്രകാരം ശിക്ഷിക്കാവുന്നതാണ്. തുടർച്ചായ ലൈംഗികാതിക്രമവും മാനസികമായ പരിക്കുകളും ഈ കേസിലെ പരമാവധി ശിക്ഷയ്ക്ക് കാരണമാകും.

376 എ – 376 വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ ചെയ്താൽ അക്രമത്തെതുടർന്ന് മരണപ്പെടുകയോ ഗുരുതരാവസ്ഥയിൽ ആകുകയോ ചെയ്താൽ 20 വർഷത്തിൽ കുറയാത്ത ശിക്ഷയും ഗൗരവത്തിന് അനുസരിച്ച് ബാക്കിയുള്ള മുഴുവൻ സമയവും ജയിലിലടക്കുവാനും ഈ വകുപ്പ് പ്രകാരം പറയുന്നു.

376 ബി – സ്വന്തം ഭാര്യ അകന്ന് ജീവിക്കുന്ന അവസ്ഥയിൽ അവർക്കെതിരെ ഭർത്താവ് അക്രമം കാണിച്ചാൽ 2 മുതൽ 7 വർഷം വരെ തടവ് ലഭിക്കുന്ന കുറ്റം ആകും അത്.

376 സി – പൊതുസ്ഥാപനങ്ങളിൽ – ജയിൽ, ഹോസ്പിറ്റൽ, സ്ത്രീകൾ കുട്ടികൾ എന്നിവരുടെ സ്ഥാപനങ്ങളിൽ കഴിയുന്നവരെ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സ്വഭാവദൂഷ്യപ്രകാരം ഏതെങ്കിലും ബുദ്ധിമുട്ടും, ലൈംഗീകപീഡനങ്ങളും നേരിട്ടാൽ 5 മുതൽ 10 വർഷം വരെ കഠിന തടവും ശിക്ഷ ഉണ്ടാകുന്നതാണ്.

376 ഡി – ഗ്രൂപ്പായി ലൈംഗികാക്രമണം നടത്തിയാൽ 20 വർഷം വരെ ജീവപര്യന്തം തടവും ഇരകൾക്ക് മതിയായ സംരക്ഷണവും നൽകുവാൻ ഈ വകുപ്പ് നിർദ്ദേശിക്കുന്നു.

376 ഇ-സ്ഥിരം ലൈംഗിക കുറ്റവാളികളെ മരണം വരെ ശിക്ഷിക്കുവാൻ ഈ വകുപ്പ് പ്രകാരം സാധിക്കും.

509 – വാക്കുകൾ കൊണ്ട് സ്ത്രീകളെ അപമാനിച്ചാൽ ലഭിക്കുന്ന ശിക്ഷയെ നിലവിലുള്ളതിൽ നിന്ന് 3 വർഷം തടവ് വരെ ആക്കി ഉയർത്തി.

1973 ലെ ക്രിമിനൽ നടപടി ക്രമത്തിൽ താഴെ പറയുന്ന ഭേദഗതി വരുത്തി

54 -വകുപ്പിനോട് 54 എ കൂട്ടിച്ചേർത്തു. അറസ്റ്റ് ചെയ്താൽ മെഡിക്കൽ പരിശോധന, ഐഡന്റിഫിക്കേഷൻ എന്നിവ നടത്തുമ്പോൾ ശാരീരിക മാനസിക പ്രയാസം ഉള്ളവർക്ക് മതിയായ സൗകര്യം ചെയ്യൽ, വീഡിയോ റിക്കോർഡിങ്ങ് എന്നിവ ഭേദഗതിയായി നിർദ്ദേശിച്ച് നിയമമായിട്ടുണ്ട്. ലൈംഗീകാതിക്രമത്തിൽ പെടുന്നവരുടെ മൊഴി അവരുടെ വീടുകളിൽ വെച്ചോ അവർ നിർദ്ദേശിക്കുന്ന സ്ഥലത്ത് വച്ചോ ആണ് രേഖപ്പെടുത്തേണ്ടത്. ഇത് വീഡിയോ റിക്കോർഡിംഗ് ആക്കണം. സ്ത്രീകളുടെ കേസുകൾ പരമാവധി വനിതാ പോലീസ് ഉദ്യോഗസ്ഥർ അന്വേഷിക്കണം എന്ന് 154 വകുപ്പ് നിർദ്ദേശിക്കുന്നു. 161 വകുപ്പ് പ്രകാരം മൊഴി രേഖപ്പെടുത്തേണ്ടത് പരമാവധി വനിതാ ഉദ്യോഗസ്ഥർ ആകണം.

164 – മജിസ്ട്രേറ്റിന് മുമ്പിലുള്ള കുറ്റസമ്മതം കേസ് ഉണ്ടായ ഉടനെ തന്നെ ചെയ്യണം എന്ന് ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ശാരീരിക മാനസിക പ്രയാസം നേരിടുന്നവരാണെങ്കിൽ മജിസ്ട്രേറ്റ് പ്രത്യേക സൗകര്യം ഏർപ്പെടുത്തണം. വീഡിയോയിൽ ചിത്രീകരിക്കണം. അക്രമണം കൊണ്ട് ശാരീരിക മാനസിക പ്രയാസം നേരിടുന്നവരാണെങ്കിൽ മജിസ്ട്രേറ്റ് പ്രത്യേക സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. മൊഴി രേഖപ്പെടുത്തേണ്ടത് പരമാവധി വനിതാ ഉദ്യോഗസ്ഥർ ആകണം. ആദ്യം നല്കുന്ന മൊഴി തന്നെ ചീഫ് വിസ്താരമായി കണക്കാക്കി ക്രോസ്സ് വിസ്താരം ചെയ്യാൻ അനുവദിക്കാവുന്നതാണ്.

198 എ വകുപ്പിനോട് 198 ബി കൂട്ടിച്ചേർത്ത് ഭർത്താവിനെതിരെയായി ലൈംഗികാതിക്രമണം 376 (ബി) ഐ പി സി പ്രകാരം കേസ് എടുക്കാവുന്നതാണ് എന്ന് കൂട്ടി ചേർത്തു.

273–18 വയസ്സിന് താഴെയുള്ളവരുടെ തെളിവ് ശേഖരിക്കുമ്പോൾ പ്രതികളുടെ സാന്നിദ്ധ്യം കൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ കോടതി ക്രമീകരണം നടത്തണം.

327–തെളിവ് ഇൻ ക്യാമറയിൽ ആക്കണം. ആയത് പുതിയ ലൈംഗികാതിക്രമ കേസുകളിലേക്ക് കൂടി വ്യാപിപ്പിച്ചു.

1872 ലെ തെളിവ് നിയമം

തെളിവ് നൽകാൻ സാധിക്കാത്തവർക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തണം. സമ്മതം ഉണ്ട് എന്ന കാര്യത്തിൽ ഇരയുടെ മൊഴിയാണ് കോടതി സ്വീകരിക്കുക. വാക്കാൽ തെളിവ് നൽകാൻ കഴിയാത്തവർക്ക് പുതിയ മാർഗ്ഗങ്ങൾ കോടതിക്ക് സ്വീകരിക്കാവുന്നതാണ്.

കാലത്തിനനുസൃതമായ നിയമഭേദഗതികൾ നിയമമായെങ്കിലും നിരന്തരമായ ജാഗ്രതയും ഇടപെടലും വളരുന്ന സമൂഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. സകലവിധ അതിക്രമത്തിൻ നിന്നും പൂർണ്ണ മോചനം കൈവരിച്ച് സ്ത്രീകൾക്ക് ജീവിക്കാനുള്ള ചാലകമാണ് 2013 ലെ ക്രിമിനൽ ഭേദഗതി നിയമം. ■

(ലേഖകൻ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ അസി: കോ-ഓർഡിനേറ്ററാണ്.)

നാം അറിയേണ്ട ലോകം

മനുഷ്യ ഭ്രൂണ വിത്തു കോശം – ക്ലോണിങ്ങിലൂടെ വികസിച്ചതായി വാർത്ത

വിത്തുകോശ ഗവേഷണത്തിൽ ശാസ്ത്രലോകത്ത് നിർണായക ചുവടുവെയ്പ്പ്. 1996 ൽ ഡോളി എന്ന ആടിനെ സൃഷ്ടിച്ച് ക്ലോണിങ് സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തി ഇതാദ്യമായി ഗവേഷകർ മനുഷ്യ ഭ്രൂണ വിത്തുകോശം വികസിപ്പിച്ചെടുത്തു. ആധുനിക ചികിത്സാരംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് കാരണമായേക്കാവുന്ന ഈ നേട്ടത്തിനു പിന്നിൽ ഓറിഗൺ നാഷണൽ പ്രൈവറ്റ് റിസർച്ച് സെന്ററിലെ ഗവേഷകരായ ഡോ. പൗലാ അമേതേയും, ഡോ. ശൗക്റത്ത് മിതാലി പോവുമാണ്. സെൽ എന്ന ജേണലാണ് ഗവേഷണഫലം പുറത്തു വിട്ടത്. മനുഷ്യ ശരീരത്തിലെ ചർമ കോശത്തെ ക്ലോണിങ് സാങ്കേതിക വിദ്യയിലൂടെ വിജയകരമായി വിത്തുകോശങ്ങളാക്കി മാറ്റുകയാണ് ഇവർ ചെയ്തത്.

❖❖❖

വരുന്നു പ്ലാസ്റ്റിക് നോട്ടുകൾ

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്ലാസ്റ്റിക് കറൻസി നോട്ടുകൾ അച്ചടിക്കാൻ പോകുന്നു. 10 രൂപയുടെ 100കോടി നോട്ടുകളാണ് പേപ്പറിനു പകരം പ്ലാസ്റ്റിക്കിൽ അച്ചടിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി അടക്കം രാജ്യത്തെ അഞ്ച് നഗരങ്ങളിലാണ് പ്ലാസ്റ്റിക് നോട്ടുകൾ പരീക്ഷിക്കുന്നത്. പരീക്ഷണം ഫലപ്രദമെന്ന് കണ്ടാൽ രാജ്യവ്യാപകമായി ഇറക്കും. ഇപ്പോൾ ആസ്ട്രേലിയ, സിങ്കപ്പൂർ എന്നീ രാജ്യങ്ങളിലാണ് പ്ലാസ്റ്റിക് നോട്ടുകൾ പ്രചാരത്തിലുള്ളത്. ദീർഘകാലം രൂപയ്ക്ക് പരിക്കില്ലാതെ ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് നോട്ടുകൾ പരിസ്ഥിതി സൗഹൃദമാണെന്ന് റിസർവ് ബാങ്ക് വിലയിരുത്തുന്നു.

❖❖❖

ജാഗ്രതൈ
മക്കൾ ഏഴ്, പിഴ 20.60 കോടി ഡോളർ

ചൈനയിലെ പ്രമുഖ ചലചിത്ര സംവിധായകൻ ഷാങ്യിമൗവുവിന് ഏഴ് മക്കൾ. പക്ഷേ ചൈനയിലെ ശക്തമായ കുടുംബാസൂത്രണ നിയമം ലംഘിച്ചിരിക്കുന്നു. ആയതിനാൽ ശിക്ഷ വൈകില്ല എന്നുറപ്പായി. ഒരു കുടുംബത്തിന് ഒരു കുട്ടി മാത്രമെ ചൈനയിൽ പാടുള്ളൂ. നിയമപ്രകാരം 16 കോടിയുവാൻ (2.60 കോടി ഡോളർ) പിഴ ഒടുക്കേണ്ട നിയമലംഘനമാണ് ഷാങിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. പീപ്പിൾസ് ഡെയ്‌ലിയുടെ വെബ്സൈറ്റാണ് ഷാങിന്റെ മക്കൾ പുരാണം പുറത്തുവിട്ടത്. എന്നാൽ ചൈനയിലെ മക്കൾ പ്രേമികൾക്ക് ശുഭകരമായ മറ്റൊരു വാർത്തയും പുറത്തുവന്നിട്ടുണ്ട്. പിടിവിട്ട് കുതിച്ച ജനസംഖ്യ നിയന്ത്രിക്കുന്നതിന് 1970 കളുടെ അവസാനത്തിൽ ഏർപ്പെടുത്തിയ ഒരു കുട്ടി നയത്തിൽ ഇളവു വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടത്രെ.

❖❖❖

ചെറുപ്രായക്കാരിൽ മറവിരോഗം – കമ്പ്യൂട്ടറും, മൊബൈലും വില്ലന്മാർ

കമ്പ്യൂട്ടർ, മൊബൈൽഫോൺ തുടങ്ങിയ ആധുനിക ജീവിതത്തിലെ ഒഴിവാക്കാൻ കഴിയാത്ത ഉപകരണങ്ങളുടെയും അന്തരീക്ഷ മലിനീകരണവും ഭക്ഷണത്തിലെ രാസപദാർത്ഥങ്ങളുടെ ആധിക്യവുമെല്ലാം വാർധക്യത്തിനു മുമ്പു തന്നെ മറവി രോഗം പിടിപെടാൻ സാധ്യതയേറുന്നതായി ജേണൽ പബ്ലിക് ഹെൽത്തിൽ പ്രസിദ്ധീകരിച്ച ബ്രിട്ടീഷ് പഠനം ചൂണ്ടിക്കാട്ടുന്നു. മുപ്പതു വർഷത്തിനപ്പുറം 55 വയസ്സിനു മുമ്പുതന്നെ ഇത്തരം രോഗങ്ങൾക്ക് അടിപ്പെടുന്ന കേസ്സുകൾ വൻതോതിൽ വർദ്ധിക്കുന്നതായി പഠനത്തിനു നേതൃത്വം നൽകിയ കോളിൻ പ്രിച്ചാഡ് അഭിപ്രായപ്പെട്ടു. ആധുനിക ജീവിത ശൈലിയും അന്തരീക്ഷ മലിനീകരണവും കാരണം ചെറിയ പ്രായത്തിൽ തന്നെ മറവി രോഗം പോലുള്ള തലച്ചോർ കേന്ദ്രീകൃതമായ രോഗങ്ങൾക്ക് അടിമയാവുന്നത് കൂടി വരുന്നതായി പഠനത്തിൽ തെളിഞ്ഞു.

❖❖❖

പ:ന്യൂ:സർവ്വീസ്

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ടിംഗ്

പുതിയ അക്കൗണ്ടന്റുമാർ ചുമതലയേൽക്കുമ്പോൾ

മൂന്നുവർഷം മുമ്പ്, ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിക്കപ്പെട്ട അക്കൗണ്ടന്റ് തസ്തികയിലേക്ക്, ഓപ്ഷൻ നൽകി പ്രമോഷൻ നേടിയ യൂ.ഡി.ക്ലാർക്കുമാർ പ്രവേശിച്ചു. അത് പഞ്ചായത്ത്അക്കൗണ്ടിംഗിന്റെ ചരിത്രത്തിൽ വഴിത്തിരിവായിരുന്നു. പഞ്ചായത്ത് അക്കൗണ്ടിംഗ് സുസ്ഥിരമായി ശക്തിപ്പെടുത്തണമെങ്കിൽ അക്കൗണ്ടന്റ് എന്ന പ്രത്യേക തസ്തിക സൃഷ്ടിക്കേണ്ടത് ആവശ്യമാണെ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ശുപാർശചെയ്തു. നിയമസഭ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലായിരുന്നു അത്. ആ ശുപാർശ സംസ്ഥാന സർക്കാർ സ്വീകരിച്ചതായിരുന്നു പുതിയ തസ്തിക സൃഷ്ടിച്ചതിന്റെ പശ്ചാത്തലം.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ചതും സംസ്ഥാന സർക്കാർ സ്വീകരിച്ചതുമായ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം 2004 ഏപ്രിൽ 1-ന് നിലവിൽ വന്നു. സിംഗിൾ എൻട്രി കാഷ് അടിസ്ഥാനത്തിൽ, എല്ലാ ഇടപാടുകളും തത്സമയം രേഖപ്പെടുത്തി പ്രതിദിനം ക്ലോസ് ചെയ്യുന്ന ഒരൊറ്റ കാഷ് ബുക്ക് പഞ്ചായത്ത് അക്കൗണ്ടിംഗിൽ അടിസ്ഥാനപരമായ പുരോഗതി കൈവരുത്തി. ഈ പുരോഗതിക്ക് ആക്കം കൂട്ടിയത് അക്കൗണ്ടന്റുമാരുടെ ആദ്യ തലമുറയാണ്.



സാംഖ്യസോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളും, അവയെ അടിസ്ഥാനമാക്കി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സാംഖ്യ' സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനും സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തി. 2011-12ൽ 350 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുകളിലും 13 ജില്ലാ പഞ്ചായത്തുകളിലും സാംഖ്യ നിലവിൽ വന്നു. 2012-13 അവസാനത്തോടെ ഇടുക്കി ജില്ലയിലെ 16 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള മുഴുവൻ ത്രിതല പഞ്ചായത്തുകളിലും അക്കൗണ്ടിംഗ് സാംഖ്യയിലേക്കുമാറി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാംഖ്യ ഉപയോഗിച്ചായിരിക്കും 2013-14 ലെ അക്കൗണ്ടിംഗ് പ്രവർത്തനം നടത്തുന്നത്.

ഗ്രാമപഞ്ചായത്തുകളിലെ സാംഖ്യാ പ്രവർത്തനത്തിൽ നിർണ്ണായക പങ്കാണ് ആദ്യതലമുറ അക്കൗണ്ടന്റുമാർ നിർവ്വഹിച്ചത്. ഇപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിയായും ജൂനിയർ സൂപ്രണ്ടായും പ്രമോഷൻ നേടിയ അവർ, ഇനി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലും സാംഖ്യാ പ്രവർത്തനത്തിന് തങ്ങളുടേതായ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കാം.

സാമ്പത്തിക ഉപദേഷ്ടാവ്

പുതുതായി പ്രമോഷൻ നേടുന്ന അക്കൗണ്ടന്റുമാരുടെ പരിശീലനം കിലയുടെ നേതൃത്വത്തിൽ, പഞ്ചായത്ത് വകുപ്പിന്റെയും ഇൻഫർമേഷൻ കേരള മിഷന്റേയും സജീവ പങ്കാളിത്തത്തോടെ നടന്നുവരികയാണ്. പരിശീലനം നേടി സാംഖ്യയിൽ പ്രവർത്തനമാരംഭിക്കുന്നതോടെ ഗ്രാമപഞ്ചായത്തുകളിലെ സുപ്രധാന ഉത്തരവാദിത്തമാണ് അവർ നിർവഹിക്കാൻ പോകുന്നത്.

ഏതു പ്രവർത്തനത്തിനും ധനം ആവശ്യമാണ്. അതുകൊണ്ടുതന്നെ, ധനം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ പഞ്ചായത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവു കൂടിയാണ്. ഈ ഉത്തരവാദിത്തം ഫലപ്രദമായി നിർവഹിക്കണമെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

എല്ലാ പണമിടപാടുകളും സാംഖ്യയിൽ തത്സമയം രേഖപ്പെടുത്തുക എന്നതുതന്നെയാണ് സുപ്രധാനം. കൗണ്ടറിൽ പ്രവർത്തിക്കുന്ന കാഷ്യർ, സെക്ഷനിൽ നിന്ന് ഡിമാൻഡ് ജനറേറ്റ് ചെയ്യുന്ന ക്ലാർക്കുമാർ, രസീത് കാൻസലേഷൻ - പേയ്മെന്റ് ഓർഡർ തുടങ്ങിയവ അപ്രൂവ് ചെയ്യുന്ന സെക്രട്ടറി എന്നിവർ അവരവരുടെ ഉത്തരവാദിത്തം സാംഖ്യയിൽ നിർവ്വഹിക്കുന്നതിനാവശ്യമായ ഉപദേശം അക്കൗണ്ടന്റ് നൽകേണ്ടതാണ്. ഇതിനായി ഇൻഫർമേഷൻ കേരള മിഷൻ നിയോഗിച്ചിട്ടുള്ള അക്കൗണ്ടന്റ്-കം-ഐടി എക്സ്പെർട്ടിന്റെ സേവനം പ്രയോജനപ്പെടുത്താം. സാംഖ്യ ആപ്ലിക്കേഷൻ സംബന്ധിച്ച പരാതിയുണ്ടെങ്കിൽ ഐ.കെ.എം-സൂചിക'യിൽ രേഖപ്പെടുത്തുതിന് തത്സമയം തന്നെ ഇൻഫർമേഷൻ കേരള മിഷൻ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ഉപയോഗിക്കേണ്ടതാണ്.

കാഷ്യർ നൽകിയ രസീത് കാൻസൽ ചെയ്യണമെങ്കിൽ, നൽകിയ രസീത് തിരിച്ചുവാങ്ങി കൗണ്ടർ ഫോയിലിനൊപ്പം സൂക്ഷിക്കുകയും, രസീത് കാൻസലേഷൻ റിക്വസ്റ്റ്, കാഷ്യയർ സാംഖ്യയിൽ, സെക്രട്ടറിക്കു നൽകേണ്ടതുമാണ്. ക്യാൻസലേഷൻ റിക്വസ്റ്റ് സെക്രട്ടറിയാണ് അപ്രൂവ് ചെയ്യേണ്ടത്.

പേയ്മെന്റ് ഓഡർ രേഖപ്പെടുത്തിയാൽ സെക്രട്ടറി അപ്രൂവ് ചെയ്യേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി രേഖപ്പെടുത്തേണ്ട അപ്രൂവൽ ഒരു കാരണവശാലും ക്യാഷിയറേയോ അക്കൗണ്ടന്റിനെയോ ഏൽപ്പിക്കരുത്. ഇപ്രകാരം ചെയ്തതിനാൽ ഒരു ഗ്രാമപഞ്ചായത്തിൽ തിരിമറി നടന്നകാര്യം വായനക്കാരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. താൻ ചെയ്യേണ്ട അപ്രൂവൽ ക്യാഷിയറേയോ അക്കൗണ്ടന്റിനെയോ ഏൽപ്പിക്കുകയില്ലെന്ന് ഓരോ സെക്രട്ടറിയും ദൃഢനിശ്ചയം ചെയ്യണം. ഏതെങ്കിലും കാരണവശാൽ പഞ്ചായത്തിൽ നിന്നു പുറത്തേക്ക് പോവുകയാണെങ്കിൽ, സെക്രട്ടറി സാംഖ്യയിലെ തന്റെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്കോ, ജൂനിയർ സൂപ്രണ്ടിനോ ഡെലിഗേറ്റ് ചെയ്യേണ്ടതാണ്. സെക്രട്ടറി ഒരിക്കലും തന്റെ ചുമതല നിയമവിരുദ്ധമായി കാഷിയറേയോ അക്കൗണ്ടന്റിനെയോ ഏല്പിക്കരുത്.

ഏതു പ്രവർത്തനത്തിനും ധനം ആവശ്യമാണ്. അതുകൊണ്ടുതന്നെ, ധനം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ പഞ്ചായത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവു കൂടിയാണ്. ഈ ഉത്തരവാദിത്തം ഫലപ്രദമായി നിർവഹിക്കണമെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

എല്ലാ ദിവസവും വൈകുന്നേരം കാഷ് ബുക്ക് സമ്മറി, ബാങ്ക് ബുക്കുകൾ എന്നിവയുടെ പ്രിന്റൗട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിടേണ്ടതാണ്. ഇവ ക്രമമായി അടുക്കിവെച്ച് ബൈൻഡ് ചെയ്ത് കാഷ് ബുക്ക്/ബാങ്ക് ബുക്ക് ആയി സൂക്ഷിക്കണം.

സർക്കാർ ഉദ്യോഗസ്ഥന് ഔദ്യോഗിക ചുമതലയുടെ ഭാഗമായി ലഭിക്കുന്നതും ഉടൻതന്നെ ട്രഷറിയിൽ ഒടുക്കേണ്ടതില്ലാത്തതുമായ തുകകൾ സ്വന്തം ഓഫീസിലെ കാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണെന്ന് കേരള ട്രഷറി കോഡ്, വാല്യം 1-ന്റെ 130-ാം ചട്ടം അനുശാസിക്കുന്നു.

ഒരു ഉദ്യോഗസ്ഥൻ സ്വന്തം ചുമതല സോഫ്റ്റ്‌വെയറിൽ നിർവഹിക്കുകയും ഉയർന്ന ഉദ്യോഗസ്ഥൻ അത് അപ്രൂവ് ചെയ്യുകയും ചെയ്യുക എന്നതിനാണ് 'ആഭ്യന്തര നിയന്ത്രണം' എന്നു പറയുന്നത്. ആഭ്യന്തര നിയന്ത്രണം ഒഴിവാക്കപ്പെടുന്നില്ലെന്ന് ജനപ്രതിനിധികളും സെക്രട്ടറിയും ഉറപ്പുവരുത്തണം. സാംഖ്യയിൽ നിർണ്ണായക പ്രവർത്തനം നടത്തുന്ന അക്കൗണ്ടന്റിന് ഏതെങ്കിലും സമയത്ത് സെക്രട്ടറി ആഭ്യന്തര നിയന്ത്രണംഒഴിവാക്കുന്നുവെന്ന് അനുഭവപ്പെടുന്നപക്ഷം സ്നേഹപൂർണമായ ഉപദേശം നൽകാവുന്നതാണ്.

കാഷ്ചെസ്റ്റ്

കൗണ്ടറിലെ കാഷ് ഇടപാടുകൾ ക്ലോസ് ചെയ്തശേഷം രസീത് കാൻസലേഷൻ റിക്വസ്റ്റുകൾക്ക് കാഷിയർ സെക്രട്ടറിയുടെ അപ്രൂവൽ നേടേണ്ടതാണ്. സെക്രട്ടറി അപ്രൂവ് ചെയ്യാത്ത റിക്വസ്റ്റുകളുമായി ബന്ധപ്പെട്ട രസീത് ഒന്നും കാൻസൽ ആവുകയില്ല. കൗണ്ടർ സ്റ്റേറ്റ്മെന്റിന്റെ പ്രിന്റൗട്ട് എടുത്ത് അതുപ്രകാരമുള്ള പണമുണ്ടെന്ന് സെക്രട്ടറിയേയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ കാഷിയർ ബോദ്ധ്യപ്പെടുത്തണം കാഷിയറും ആ ഉദ്യോഗസ്ഥനും ചേർന്നായിരിക്കണം, കാഷ്ചെസ്റ്റിൽ പണം സൂക്ഷിക്കേണ്ടത്. കാഷ് ചെസ്റ്റിന്റെ രണ്ടു താക്കോലുകൾ രണ്ട് വ്യത്യസ്ത ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്. ഇതുവരെയും കാഷ് ചെസ്റ്റ് ഇല്ലാത്ത പഞ്ചായത്തുകളിൽ 2006 ഏപ്രിൽ 12-ന്റെ ജി.ഒ (പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 21-ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്ന പ്രകാരം കാഷ് ചെസ്റ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. സർക്കാർ ഉദ്യോഗസ്ഥന്ഔദ്യോഗിക ചുമതലയുടെ ഭാഗമായി ലഭിക്കുന്നതും ഉടൻതന്നെ ട്രഷറിയിൽ ഒടുക്കേണ്ടതില്ലാത്തതുമായ തുകകൾ സ്വന്തം ഓഫീസിലെ കാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണെന്ന് കേരള ട്രഷറി കോഡ്, വാല്യം 1-ന്റെ 130-ാം ചട്ടം അനുശാസിക്കുന്നു. മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ പരമാവധി കാഷ് ബാലൻസ് സംബന്ധിച്ച നിർദ്ദേശം വഴി കെ ടി സി 130-ാം ചട്ടം റദ്ദാകുന്നില്ല. അതിനാൽ തന്നെ സെൽഫ് ചെക്ക് വഴി പിൻവലിച്ച് കാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്ന തുകകൾക്കു മാത്രമേ പരമാവധി കാഷ് ബാലൻസ് സംബന്ധിച്ചുള്ള 12.04.2006-ലെ ഉത്തരവിലെ നിർദ്ദേശം ബാധകമാവൂ. പഞ്ചായത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവെന്ന നിലയിൽ അക്കൗണ്ടന്റിന് ഇത്തരം കാര്യങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

കൂടുതൽ ശ്രദ്ധ വേണ്ട കാര്യങ്ങൾ

ഏതു ബില്ലും അക്കൗണ്ടന്റ് പരിശോധിച്ച് സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തിയ ശേഷം മാത്രമേ തുടർ നടപടികൾക്കായി മുകളിലേക്ക് അയയ്ക്കാവൂ. ബില്ലിടേണ്ട പേയ്മെന്റ് ഓർഡർ നമ്പർ എഴുതണം. സെക്രട്ടറി പേയ്മെന്റ് ഓർഡർ അപ്രൂവ് ചെയ്യുകയും വേണം. പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തിയശേഷം പേയ്മെന്റ് ഓർഡർ നമ്പർ അക്കൗണ്ടന്റ് ബില്ലിൽ എഴുതിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷമേ സെക്രട്ടറി പേയ്മെന്റ് ഓഡർ അപ്രൂവ് ചെയ്യാവൂ.

വർഷാരംഭത്തിൽ സാംഖ്യയിൽ വരുമാനം സംബന്ധിച്ച അക്രൂവൽ രേഖപ്പെടുത്തണം. വർഷാരംഭത്തിൽ രേഖപ്പെടുത്താനുള്ള മറ്റു കാര്യങ്ങളും രേഖപ്പെടുത്തണം.

എല്ലാ ദിവസവും വൈകുന്നേരം കാഷ് ബുക്ക് സമ്മറി, ബാങ്ക് ബുക്കുകൾ എന്നിവയുടെ പ്രിന്റൗട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിടേണ്ടതാണ്. ഇവ ക്രമമായി അടുക്കിവെച്ച് ബൈൻഡ് ചെയ്ത് കാഷ് ബുക്ക്/ബാങ്ക് ബുക്ക് ആയി സൂക്ഷിക്കണം.

സാംഖ്യയിൽ കൂടുതൽ സൗകര്യങ്ങൾ

2012-13 മുതൽ തന്നെ സുലേഖ ആപ്ലിക്കേഷനുമായി ഉദ്ഗ്രഥിച്ചാണ് സാംഖ്യ പ്രവർത്തിക്കുന്നത്. സൂചിക (ഫയൽ ട്രാക്കിംഗ്), സങ്കേതം (ബിൽഡിംഗ് പെർമിറ്റ്), സഞ്ചയ (റവന്യൂ) സേവന (സിവിൽ രജിസ്ട്രേഷൻ) എന്നിവയുമായും സാംഖ്യ ഉദ്ഗ്രഥിച്ചിരിക്കുന്നു.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2013-14- സഞ്ചയ (റവന്യൂ) ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമാവുമെന്നും ഇതിനായി റവന്യൂ ഡാറ്റാ ബേസ് തയ്യാറാക്കുന്ന പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. അതുകഴിഞ്ഞാൽ സാംഖ്യയിൽ കളക്ഷൻ രേഖപ്പെടുത്തിക്കഴിഞ്ഞ ഉടനെ സഞ്ചയയിൽ ഡിമാൻഡ് ക്ലോസ് ചെയ്യപ്പെടും. ഇ-പേയ്മെന്റ് വഴി ടാക്സ് ഒടുക്കാനും കഴിയും. എഴുതി തയ്യാറാക്കുന്ന ബില്ലുകൾക്കു പകരം സാംഖ്യയിൽ നിന്ന് പ്രിന്റൗട്ട് എടുക്കുന്ന ബില്ലുകളിലായിരിക്കും അധികം താമസിയാതെ സെക്രട്ടറിമാർ ഒപ്പിടുക. അതുപോലെ, ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ സാംഖ്യയിൽ നിന്ന് പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി ഒപ്പിട്ട് സമർപ്പിക്കുന്ന ബില്ലുകൾ മാത്രമേ ട്രഷറി സ്വീകരിക്കുകയുള്ളൂ. മാത്രവുമല്ല, ട്രഷറിയുടെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുമായി സാംഖ്യ ബന്ധപ്പെടുത്തിക്കഴിഞ്ഞാൽ, പഞ്ചായത്ത് സമർപ്പിക്കുന്ന ബില്ലിന്റെ വിവരം ട്രഷറിയിൽ കമ്പ്യൂട്ടർ സ്ക്രീനിൽ ലഭ്യമാകുന്നതാണ്. ഇതു പരിശോധിച്ചായിരിക്കും ട്രഷറി ബില്ലുകൾ പാസ്സാക്കുന്നത്. ട്രഷറി പേയ്മെന്റ് നടത്തിക്കഴിഞ്ഞ ഉടനെ, സാംഖ്യയിൽ അതു സംബന്ധിച്ച വിവരം ലഭ്യമാകുന്നതിനും കളമൊരുങ്ങും.

ബജറ്റ് തയ്യാറാക്കുന്നതിനുള്ള മൊഡ്യൂൾനിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസുകളെ പഞ്ചായത്ത് ഓഫീസിൽ സാംഖ്യയുമായി ബന്ധപ്പെടുത്തുന്നതിനുള്ള മൊഡ്യൂൾ എന്നിവയും അധികം താമസിയാതെ ലഭ്യമാക്കുന്നതാണ്.

പുതുതായി ചുമതലയേൽക്കുന്ന അക്കൗണ്ടന്റുമാർക്ക് ഈ വർഷം കൂടുതൽ കാര്യങ്ങൾ സാംഖ്യയിൽ ചെയ്യാൻ കഴിയും. അക്കൗണ്ടന്റ് ആയി മൂന്നുവർഷം പ്രവർത്തിച്ച അസിസ്റ്റന്റ് സെക്രട്ടറിയോ ജൂനിയർ സൂപ്രണ്ടോ അവരുടെ സഹായത്തിനായി പഞ്ചായത്തിൽ ഉണ്ടാവും. ഇൻഫർമേഷൻ കേരള മിഷൻ നിയോഗിച്ച അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടിന്റേയും, ടെക്നിക്കൽ അസിസ്റ്റന്റിന്റേയും പിന്തുണ കൂടി ലഭിക്കുന്നതിനാൽ പുതിയ അക്കൗണ്ടന്റുമാർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു. ■



പർപ്പിൾ പാഷൻ ഫ്രൂട്ടിന്റെ ജന്മദേശം ബ്രസീൽ ആണ്. ഇളം ചുവപ്പു മുതൽ കടും പർപ്പിൽ വരെ നിറമുള്ളതാണ്. മൗണ്ടൻസ്വീറ്റ് കപ്പ് എന്നു വിളിക്കുന്ന ഇതിന്റെ ശാസ്ത്ര നാമം "പാസിഫ്ളോറ എടുലിസ" എന്നാണ്. ഇവയ്ക്ക് മധുരം കൂടുതലാണ്. ചൂടു കാലാവസ്ഥക്ക് യോജിച്ചതാണ്. വിത്തുകൾ മുഖേനയും, തണ്ടു വേരു പിടിപ്പിച്ചും തൈകൾ ആക്കാവുന്നതാണ്.

ഇതിന്റെ ജ്യൂസിന് വേദന ശമിപ്പിക്കാനും വിരകളെ അകറ്റാനും, ഹൃദയ നാഡീരോഗങ്ങളെയും, കാൻസറിനേയും ശമിപ്പിക്കാനുള്ള കഴിവുണ്ട്. ഉണങ്ങിയ പൂക്കൾ ഇട്ട് തിളപ്പിച്ചെടുക്കുന്ന വെള്ളം വേദനസംഹാരിയായി ഉപയോഗിക്കുന്നു. ജ്യൂസ് തുടർച്ചയായി കഴിച്ചാൽ മാനസിക സംഘർഷം, ഉറക്കമില്ലായ്മ, ആസ്മ, ചുമ, മൈഗ്രേൻ പോലെയുള്ള തലവേദനകൾ, ദഹന സംബന്ധമായ ക്രമകേടുകൾ, ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയവ ശമിക്കുവാനും സഹായിക്കുന്നു.

ജ്യൂസ് മറ്റ് പല ജ്യൂസുമായി ചേർത്ത് വിവിധതരം രുചിയും, മണവുമുള്ള പാനീയങ്ങൾ ഉണ്ടാക്കാനും വിവധതരം സാലഡുകൾ, സർബ്ബത്തുകൾ, ഐസ്ക്രീമുകൾ, ജാമുകൾ, ശീതള പാനീയങ്ങൾ മുതലായവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഇവയിൽ 90% ൽ കൂടുതലും സിട്രിക്ക് ആസിഡ് ആണ്. ബാക്കി മാലിക് ആസിഡും. 15 % പഞ്ചസാരയും, 1.2% പ്രോട്ടീനും 0.7% കൊഴുപ്പും ധാരാളം പൊട്ടാസ്യവും, വൈറ്റമിൻ സിയും, നിയാസിനും, ഫൈബറും, വിവധതരം ആൽക്കലോയിഡുകളും ഗ്ലൈക്കോസൈഡുകളും, ഫ്ലെവിനോയിഡുകളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇതിൽ അടങ്ങിയിരിക്കുന്ന പ്ലാസിഫ്ളോറിൻ എന്ന രാസപദാർത്ഥമാണ് വേദന നിവാരണത്തിനും ശാരീരിക ഉന്മേഷത്തിനും സഹായിക്കുന്നത്. ഇതിന്റെയെല്ലാം സാന്നിദ്ധ്യത്താൽ പാഷൻ ഫ്രൂട്ട് വളരെയധികം ഔഷധഗുണങ്ങൾ ഉള്ളതു കൊണ്ട് ഔഷധക്കനി എന്നും, മധുരക്കനി എന്നും ഇതിനെ വിളിക്കാം.

പർപ്പിൾ പാഷൻ ഫ്രൂട്ട് കൃഷി ചെയ്യുന്ന രീതി

മണ്ണും, മണലും, ചാണകപ്പൊടിയും ചേർത്ത് ഇളക്കിയ മിശ്രിതം ചെടിചട്ടിയിൽ ആക്കി വിത്തു പാകണം. 25- 30 ദിവസം ആകുമ്പോൾ തൈയ് ഇളക്കിനടാൻ പാകമാകും.

ഒന്നരയടി നീളം, വീതി ഒരു അടി താഴ്ചയിൽ കുഴി എടുക്കണം. കുറച്ചു മണ്ണ് എടുത്ത് അത്രയും മണലും അല്പം കുമ്മായവും ചേർത്ത് നല്ലപോലെ ഇളക്കിയിടണം. ഇത് 20 ദിവസത്തിൽ കുറയാതെ കിടക്കണം. മണ്ണിലെ അമ്ലത്വം മാറാനാണ് കുമ്മായം ചേർക്കുന്നത്. കുഴിയുടെ അടി ഭാഗത്ത് കുറച്ച് ഉണങ്ങിയ ചവറുകൾ ഇടണം. വേപ്പിൻ പിണ്ണാക്ക് പഴം കഞ്ഞിവെള്ളത്തിൽ കുതിർപ്പിച്ച് ചളിച്ചതിനുശേഷം, കുമ്മായം ഇട്ട് ഇളക്കിയ മണ്ണിൽ ഒഴിച്ച് ആവശ്യത്തിന് ചാണകവും, അല്പം ചാരവും ചേർത്ത് നല്ലതുപോലെ ഇളക്കി കുഴിയിൽ ഇട്ട് അതിൽ തൈയ് ഇളക്കി നടണം. നട്ട് 3 ദിവസമെങ്കിലും വെയില് കൊള്ളാതെ തണൽ കൊടുക്കണം. 2 മാസം ആകുമ്പോൾ ചുവട്ടിൽ മണ്ണിര കമ്പോസ്റ്റോ, കോഴി വളമോ ഇട്ട് വേരിന് ക്ഷതം വരാതെ മണ്ണ് ഇളക്കി കൊടുക്കണം. വള്ളി പടർന്ന് തുടങ്ങിയാൽ അതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കണം.

ടറസ്സിൽ G.I പൈപ്പുകൊണ്ട് പന്തലുണ്ടാക്കി അതിൽ പടർത്തിയാൽ കായ് ഫലം കൂടും, മുറിക്കുള്ളിൽ ചൂട് ഏൽക്കുകയുമില്ല. പന്തലിന്റെ അടിയിൽ ഇരുന്ന് വിശ്രമിക്കാം, പഠിക്കാം, നല്ല ഓക്സിജൻ ശ്വസിച്ച് നമ്മുടെ മാനസിക നില ക്രമീകരിക്കാം. കൂടുതൽ ഔഷധ ഗുണങ്ങളുള്ള പർപ്പിൾ പാഷൻ ഫ്രൂട്ട് മക്കളെ വളർത്തുന്നതു പോലെ വളർത്തി അതിന്റെ ഫലം ഭക്ഷിച്ച് നിങ്ങളും സംതൃപ്തരാകുക. ■

ആർ. രവീന്ദ്രൻ

കൃഷിയ്ക്ക് രവീന്ദ്രൻ മാതൃക

ചെറുപ്പം മുതൽ കൃഷിയെ സ്നേഹിച്ചും പാടത്തു ഇറങ്ങിയും നെല്ല് നട്ടും കൊയ്തും, പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തും ശീലിച്ചു. 10 വർഷം ഗൾഫിൽ ജോലി ചെയ്തു. മടങ്ങിവന്ന് വീണ്ടും കൃഷിയാരംഭിച്ചു. 2004-ൽ കിട്ടിയ ഒരു കഷ്ണം ആഫ്രിക്കൻ കാച്ചിൽ കൃഷി ചെയ്തു. മറ്റുള്ള കാച്ചിലിനേക്കാൾ നല്ലവിളവുകിട്ടുകയുണ്ടായി. ഓരോ വർഷം കഴിയുന്തോറും കാച്ചിലിന്റെ ഭാരം കൂടി വന്നു. 50 കി.ഗ്രാം, 72കി.ഗ്രാം, 130കി.ഗ്രാം, 165 കി.ഗ്രാം, 172കി.ഗ്രാം, 230കി.ഗ്രാം, 275കി.ഗ്രാം, വരെ കിട്ടുകയുണ്ടായി. 275കി.ഗ്രാം ഭാരം വരുന്ന കാച്ചിലിന് ലോകത്തിൽ വച്ച് ഏറ്റവും വലിയ കാച്ചിൽ എന്ന ബഹുമതി കിട്ടി. “ലിംകാ ബുക്ക് ഓഫ് വേൾഡ് റിക്കാർഡിൽ” 2011 ൽ സ്ഥാനം പിടിച്ചു. കേരളത്തിലെ ഒരു ജൈവ കർഷകനായി പേരു ചേർക്കപ്പെട്ടു. ദേശീയ അവാർഡു മുതൽ സംസ്ഥാന അവാർഡുവരെ നിരവധി നേടുകയുണ്ടായി. ഇതുവരെ 52 അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ■

പ:ന്യൂ:സർവ്വീസ്

പർപ്പിൾ പാഷൻ ഫ്രൂട്ട്

ടി.സി. സുനിൽ ദത്ത്

കേരളത്തിലെ ഫോക്‌ലോർ കലാരൂപങ്ങൾ കേരളത്തിന്റെ ജീവതാളമായ പടയണി

മദ്ധ്യ തിരുവിതാംകൂറിന്റെ അനുഷ്ഠാന കലയാണ് പടയണി. അതി പ്രാചീനമായ ആചാര വിശ്വാസങ്ങളെ അടിസ്ഥാനമാക്കി ഭദ്രകാളി പ്രീതിയ്ക്കായി നടത്തുന്ന കലാസമർപ്പണം കൂടിയാണിത്. എറണാകുളം, കോട്ടയം ജില്ലകളിൽ മുടിയേറ്റ്, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പടയണി, തെക്കൻ തിരുവിതാംകൂറിൽ കാളിയൂട്ട് എന്നീ പ്രകാരങ്ങളിൽ ഭദ്രകാളിയുമായി ബന്ധപ്പെട്ട അനുഷ്ഠാന കലകൾ നടന്നു വരുന്നു.

ദാരിക നിഗ്രഹാനന്തരം കോപാക്രാന്തയായ ഭദ്രകാളിയെ ശാന്തയാക്കുന്നതിനു വേണ്ടി ശിവന്റെ പടയായ ഭൂതഗണങ്ങൾ പലവിധ കോലങ്ങൾ കെട്ടി നൃത്തം ചവിട്ടിയിട്ടും ഫലമുമണ്ടായില്ല. ഭദ്രകാളിയുടെ കോപമടക്കുവാൻ ഈ കോലങ്ങൾക്കൊന്നും കഴിയാതെ വന്നപ്പോൾ സാക്ഷാൽ സുബ്രഹ്മണ്യൻ തന്നെ കാളിയുടെ ഉഗ്രരൂപം പച്ചപ്പാളയിലെഴുതി തുന്നിച്ചേർത്ത കോലമെടുത്താടി ശാന്തയാക്കുന്നു. ഈ പുരാവൃത്തമാണ് പടയണിയെന്ന അനുഷ്ഠാന കലാരൂപത്തിന്റെ പശ്ചാത്തലം.

പച്ചപ്പാളയുടെ കീറുകൾ തുന്നിച്ചേർത്ത് വിവധതരം കോലങ്ങളുണ്ടാക്കുന്നു. പച്ച, വെള്ള, കറുപ്പ്, ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളാണ് കോലങ്ങൾ വരയ്ക്കുന്നതിന് ഉപയോഗിക്കുന്നത്. പച്ചപ്പാളയുടെ പച്ചനിറം, പാളയുടെ വെളുത്ത ഭാഗം, കരിയിൽ നിന്നുള്ള കറുപ്പ്, ചെങ്കല്ലിൽ നിന്നുള്ള ചുവപ്പ്, ചണ്ണക്കിഴങ്ങിന്റെ മഞ്ഞനിറം ഇവയാണ് പഞ്ചവർണ്ണങ്ങൾക്ക് ആധാരമാകുന്നത്. കുരുത്തോല തൊങ്ങലുകൾ വലിയ കോലങ്ങൾക്ക് ഭംഗിയേകുന്നു.

പ്ലാവിന്റെ കാതലുള്ള വേര് അറുത്തെടുത്തുണ്ടാക്കുന്ന തടിച്ചുറ്റിൽ കന്നിൻ തോൽ പൊതിഞ്ഞുണ്ടാക്കുന്ന തപ്പ് എന്ന വാദ്യമാണ് പടയണിയുടെ താളം നിയന്ത്രിക്കുന്നത്. ഈ തപ്പുകൾക്ക് വലിയ ഗഞ്ചിറയുടെ രൂപമാണെന്ന് വേണമെങ്കിൽ പറയാം. മണിക്കൂറുകളോളം കനൽച്ചൂടിൽ ചൂടാക്കി പാഞ്ചിത്തോൽ കൊണ്ട് തുടച്ച് പരുവപ്പെടുത്തിയാണ് കൊട്ടാനുപയോഗിക്കുന്നത്. ഇങ്ങനെ ചൂടാക്കുന്നതിനെ തപ്പ് കാച്ചുക എന്നു പറയും. ഉച്ചഭാഷണിയുടെ സഹായമില്ലാതെ തന്നെ തപ്പിന്റെ ശബ്ദം നാല് നാഴിക ദൂരെ കേൾക്കാനാകും.

ആദ്യന്തം ചലനാത്മകമായ പടയണി അതിന്റെ സമഗ്ര രൂപത്തിൽ ഒരു ഇതിഹാസ നാടകം തന്നെയാണ്. ഗോത്രസംസ്കാരം, കാർഷിക സംസ്കാരം, ആയോധന കലാസങ്കേതം, ഊർവ്വരതാനുഷ്ഠാനം ഇവയാണ് പടയണിയുടെ ജീവൻ നിലനിർത്തുന്നത്.

പാട്ടും കുരവയും ചെണ്ടയും മേളയും വെടിയും പൂക്കുറ്റിയും ഓലപ്പൂട്ട് പന്തവും ഒക്കെ ചേർന്നുള്ള കാപ്പൊലി പ്രാരംഭ ചടങ്ങുകളിലൊന്നാണ്. സൂത്രധാരനെപ്പോലെ വെളിച്ചപ്പാട് രംഗപ്രവേശനം ചെയ്യുന്നു. തുടർന്ന് സൈനീകവിന്യാസം പോലെ കാവടി അരങ്ങേറുന്നു. പുലവൃത്തമായി പത്തുപതിനഞ്ച് പേർ മുണ്ടുടുത്ത് പട്ട് അരയിൽ ചുറ്റി തോർത്ത് തലയിൽ കെട്ടി തപ്പുതാളത്തിനനുസരിച്ച് നൃത്തം വയ്ക്കുന്നു. അതിനെത്തുടർന്ന് പരദേശി എന്ന വേഷം കളത്തിലെത്തി വിനോദങ്ങൾ പകരുന്നു. പരിഹാസ നൃത്തമായിട്ടുള്ള പരദേശി പ്രവേശത്തിൽ രണ്ട്, നാല് എന്നിങ്ങനെ ജോഡിയായിട്ടാണ് വരാറുള്ളത്. നായ്, പന്നി, കടുവ, വേടൻ ഇവ ചേർന്നുള്ള നായാട്ടും മറ്റൊരിനമാണ്.

തുടർന്നങ്ങോട്ട് പലതരം കോലങ്ങൾ പടയണിക്കളത്തിലേക്ക് കടന്നു വരുകയായി. പക്ഷിക്കോലം, യക്ഷിക്കോലം, കുതിരക്കോലം, മറുത, മാടൻ, കാലൻ, ഭൈരവി തുടങ്ങിയ കോലങ്ങളാണ് തുള്ളിയാടുകയും ഉറയുകയും ചെയ്യുന്നത്. ഈ ബാധ ഒഴിവാകാൻ പിശാചുകോലം, രോഗബാധയകറ്റാൻ മറുതാക്കോലം, പക്ഷിബാധയകറ്റാൻ പക്ഷിക്കോലം, വളർത്തു മൃഗങ്ങളുടെയും മനുഷ്യരുടെയും രക്ഷയ്ക്ക് മാടൻ കോലം, അമ്മ ദൈവങ്ങളായി അരക്കിയക്ഷി, ഭൈരവിക്കോലം, കഥാകഥനരീതിയും പകർന്നാട്ടവുമായ കാലൻകോലം ഇവയെല്ലാം പടയണിയുടെ പൂർണ്ണതയിലേക്ക് വഴിയൊരുക്കുന്നു.

അച്ചൻ കോവിൽ, മണി മലയാർ, പമ്പാതടങ്ങളിലെ ആദിഗോത്രങ്ങൾ ആചരിച്ചു പോന്ന സംസ്കാര വിശേഷമായ പടയണി നാട്ടുക്കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഇന്നും നടന്നു വരുന്നതിനെ അഭിമാനത്തോടെ കണ്ടേ മതിയാവൂ. വിളവെടുപ്പിനും വിത്തിറക്കലിനുമിടയ്ക്കുള്ള വേളയിലാണ് ഇവിടങ്ങളിലെ കാവുകളിൽ പടയണിക്കോലങ്ങൾ കളങ്ങളിൽ ആടിത്തിമിർക്കുന്നത്. ആദ്യന്തം ചലനാത്മകമായ പടയണി അതിന്റെ സമഗ്രരൂപത്തിൽ ഒരു ഇതിഹാസ നാടകം തന്നെയാണ്. ഗോത്രസംസ്കാരം, കാർഷിക സംസ്കാരം, ആയോധന കലാസങ്കേതം, ഊർവ്വരതാനുഷ്ഠാനം ഇവയാണ് പടയണിയുടെ ജീവൻ നിലനിർത്തുന്നത്.

കടമ്മനിട്ട വാസുദേവൻ പിള്ള, കടമ്മനിട്ട രാമകൃഷ്ണൻ തുടങ്ങിയുള്ള പടയണിയുടെ വക്താക്കൾ ഈ വിഷയം സംബന്ധിച്ച് ധാരാളം എഴുതുകയും പടയണി പ്രചരിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്.

ധനുമാസമാകുന്നതോടെ പടയണി ക്കാവുകൾ സജീവമായി തുടങ്ങും. മേടമാസം വരെ ഓരോ കാവുകളിലും പടയണി വിശേഷം സമ്മോഹനമായി തുടരുകയും ചെയ്യുന്നു. മദ്ധ്യതിരുവിതാംകൂറിലെ കടമ്മനിട്ട, എഴുമറ്റൂർ പനമറ്റത്തു കാവ്, നീലമ്പേരൂർ, തടിയൂർ തെള്ളിയൂർക്കാവ്, കുന്നന്താനം മഠത്തിൽ കാവ്, കോട്ടാങ്ങൽ, കല്ലൂപ്പാറ, കല്ലിശ്ശേരി അഴകിയകാവ്, പുല്ലാട്, വെണ്ണിക്കുളം പോരിട്ടിക്കാവ്, വലഞ്ചുഴി, ഇരവി പേരൂർ, നല്ലൂർ സ്ഥാനം, ആലപ്ര തച്ചരിക്കൽ, നാരങ്ങാനം മഠത്തുപടി, കദളിമംഗലം, ഓതറ പുതുക്കുളങ്ങര, ചെങ്ങന്നൂർ വടശ്ശേരിക്കാവ്, നെടുപ്രയാർ തേവലശ്ശേരി, കവിയൂർ തുടങ്ങിയ കാവുകളിൽ പാരമ്പര്യം വിടാതെ പടയണി അനുഷ്ഠാനമായി നല്ല രീതിയിൽ നടത്തി വരുന്നത് ഈ നാടിന്റെ ഭാഗ്യമായി കരുതണം. മൂല്യത്തിന് ക്ഷതം സംഭവിക്കാതെ പടയണി അവതരിപ്പിക്കുവാൻ യോഗ്യത നേടിയ പ്രാദേശികമായ പടയണി സംഘങ്ങൾ ഇപ്പറഞ്ഞ കാവുകളുമായി ബന്ധപ്പെട്ട് ഇന്നും പ്രവർത്തിച്ചു വരുന്നത് ആശ്വാസമായും കരുതണം. അതിന്റെ പേരിൽ അവരെ അഭിനന്ദിക്കുകയും വേണം. ■

ലേഖകൻ നാവായിക്കുളം നാടൻകലാ പഠന കേന്ദ്രം ഡയറക്ടറാണ്

പ്ലാവിന്റെ കാതലുള്ള വേര് അറുത്തെടുത്തുണ്ടാക്കുന്ന തടിച്ചുറ്റിൽ കന്നിൻ തോൽ പൊതിഞ്ഞുണ്ടാക്കുന്ന തപ്പ് എന്ന വാദ്യമാണ് പടയണിയുടെ താളം നിയന്ത്രിക്കുന്നത്.

സുധീർ തിവാരി

സയൻസ് എക്സ്പ്രസ്സ്

സമൂഹത്തിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഇന്ത്യൻ ജൈവ വൈവിദ്ധ്യത്തെപ്പറ്റിയും, കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയും അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് സെബ്സ് പ്രദർശനം ആസൂത്രണം ചെയ്തിട്ടുള്ളത്.

സയൻസ് എക്സ്പ്രസ്സ് എന്ന സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനശാല പ്രത്യേകം രൂപകൽപ്പന ചെയ്ത 16 എ.സി. കോച്ചുകളുള്ള തീവണ്ടിയാണ്. 2007 ഒക്ടോബറിലാണ് ഇതിന്റെ സഞ്ചാരം ആരംഭിച്ചത്. ഇന്ത്യ ഒട്ടാകെയുള്ള സഞ്ചാരം 4 ഘട്ടങ്ങളിലായി പൂർത്തിയാക്കിയ ട്രെയിൻ 2012 മുതൽ ജൈവവൈവിധ്യ പ്രത്യേകതകളുടെ അപൂർവ്വ ദൃശ്യവിരുന്നൊരുക്കി ഓടിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും വനം പരിസ്ഥിതി മന്ത്രാലയവും കൈകോർത്തുള്ള സംരംഭമാണിത്. സെബ്സ് എന്ന് ചുരുക്കപ്പേരിൽ വിളിക്കുന്ന തീവണ്ടിയുടെ 2013 -ലെ ഷെഡ്യൂൾ ഡെൽഹിയിലെ സഫ്ദർജംഗിൽ നിന്നും 2013 ഏപ്രിൽ 9-ന് ആരംഭിച്ച് 2013 ഒക്ടോബർ 28-ന് സമാപിക്കുംവിധം ക്രമീകരിച്ചിരിക്കുന്നു. ഇന്ത്യ ഒട്ടാകെയുള്ള 68 പ്രദേശങ്ങളിൽ ഇത് 3-4 ദിവസം വീതം പ്രദർശനത്തിനായി നിർത്തിയിടും.

2007 ഒക്ടോബറിൽ ഇൻഡ്യയൊട്ടുക്കു ചുറ്റിത്തുടങ്ങിയ ട്രെയിൻ ഇതുവരെ 86,000 കിലോമീറ്റർ സഞ്ചരിച്ചു. 270 സ്ഥലങ്ങളിൽ 1,000 പ്രദർശന ദിവസങ്ങളിലായി 87 ലക്ഷം പേർ ഈ ട്രെയിൻ സന്ദർശിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ നീളം കൂടിയ ഏറ്റവുമധികം പേർ സന്ദർശിച്ച പ്രദർശനശാലയായ സയൻസ് എക്സ്പ്രസ്സ് നിരവധി റെക്കോർഡുകൾ സൃഷ്ടിച്ചിട്ടുണ്ട്.

2011-2020 ദശകം അന്താരാഷ്ട്ര ജൈവവൈവിധ്യ ദശകവും, മരുഭൂമി-മരുവൽക്കരണത്തിനെതിരെയുള്ള പോരാട്ട വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാലാണ് സയൻസ് എക്സ്പ്രസ്സ് അതിന്റെ മുഖ്യവിഷയമായി ജൈവവൈവിധ്യം തെരഞ്ഞെടുത്തിരിക്കുന്നത്.

കോപ് - 11 ന്റെയും സി.ബി.ഡി.യുടെയും 2012-ലെ ആതിഥേയർ ഇന്ത്യയായിരുന്നു. കോപ് 11-ന്റെ ബ്രാന്റ് അംബാസിഡറായിട്ടാണ് സെബ്സ് ഇന്ത്യൻ ജൈവ വൈവിധ്യവും അത് പരിരക്ഷിക്കപ്പെടുന്ന രീതിയും ലോകത്തിന് വ്യക്തമാക്കുന്ന ആകർഷക പ്രദർശനം നടത്തുന്നത്.

സമൂഹത്തിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഇന്ത്യൻ ജൈവ വൈവിദ്ധ്യത്തെപ്പറ്റിയും, കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയും അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് സെബ്സ് പ്രദർശനം ആസൂത്രണം ചെയ്തിട്ടുള്ളത്. അതുകൊണ്ടു തന്നെ സെബ്സിന്റെ പ്രദർശനം സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും അധ്യാപകരെയും ഉദ്ദേശിച്ചാണ്.

സെബ്സിലെ 16 കോച്ചുകളിൽ 8 എണ്ണം ഇന്ത്യയിലെ വിവിധങ്ങളായ ജൈവ വൈവിധ്യ മേഖലകൾക്കായിട്ട് പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ട്രാൻസ് ഹിമാലയ, ഹിമാലയ, ഗംഗാ



ജൈവ വൈവിധ്യ പ്രദർശനം

സമതലം, വടക്കു കിഴക്കൻ, ഡക്കാൻ, ദ്വീപുകൾ, തീരങ്ങൾ, പശ്ചിമഘട്ടം, മരുഭൂമി, വരണ്ട പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം ജൈവവൈവിധ്യം പ്രദർശനത്തിനുണ്ട്. ഇതോടൊപ്പം കടലിലെയും, തീരത്തെയും, വനത്തിലെയും സൂക്ഷ്മ ജീവജാലങ്ങളുടെയും കാർഷിക വൈവിധ്യത്തിന്റെയും എല്ലാം സാമ്പിളുകൾ പ്രദർശനത്തിനുണ്ട്. കൂടാതെ ഇവയ്ക്ക് മനുഷ്യന്റെ ഉപജീവനമാർഗ്ഗവുമായുള്ള ബന്ധവും അതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ പരിരക്ഷയുമെല്ലാം പ്രദർശനത്തിന് വിഷയീഭവിച്ചിട്ടുണ്ട്. ബാക്കിയുള്ള കോച്ചുകളിൽ ഒന്നിൽ കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യവും വെള്ളവും എന്ന വിഷയങ്ങൾ എച്ച്.എസ്.ബി.സി.യുടെ സഹായത്തോടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഗ്രീൻ ടെക്നോളജികളെപ്പറ്റിയുള്ള പ്രദർശനം ഇന്ത്യൻ കമ്പനിയായ യു. എല്ലിന്റെ സഹകരണത്തോടെയാണ്, കാലാവസ്ഥാ വ്യതിയാനം വിഷയമായ സ്വിസ്സ് എംബസിയുടെ സഹായത്തോടെയുള്ള പ്രദർശനം മറ്റൊരു കോച്ചിലുണ്ട്. ഒരു കോച്ചിൽ പി.സി.ആർ.എ.യുടെ സഹകരണത്തോടെ ഊർജ്ജസംരക്ഷണം വിഷയമാക്കിയ പ്രദർശനവും മറ്റൊരു കോച്ചിൽ ശാസ്ത്ര ഗണിത പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെടുത്തി നിരവധി പ്രവൃത്തികളും, കളികളും അടങ്ങിയ കിഡ്സ് സോണുമുണ്ട്.

ശാസ്ത്രത്തിന്റെ ആനന്ദം എന്ന വി.എ.എസ്.സി.എസ്.സി പരീക്ഷണശാലയ്ക്കായി ഒരു കോച്ച് തന്നെ മാറ്റിവച്ചിട്ടുണ്ട്. ഇൻഡസ് ടവേഴ്സുമായി സഹകരിച്ചാണിത്. ഈ പരീക്ഷണ ശാലയിൽ ശാസ്ത്ര ഗണിത പരിസ്ഥിതി വിഷയങ്ങളുമായി ഇടപഴകുന്നതിന് കുട്ടികൾക്കു തനിയെ പരീക്ഷണം നടത്തിനോക്കുന്നതിനുള്ള സൗകര്യമുണ്ട്. അധ്യാപകരുടെ മാർഗ്ഗദർശനത്തിനായി ഒരു സംവാദ പരിശീലന കേന്ദ്രം അടങ്ങിയ കോച്ചുമുണ്ട്. സ്കൂളുകളിലും സന്ദർശകർക്കിടയിലും വിതരണം ചെയ്യാൻ ഇതുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങിയ ലഘുലേഖകളും സജ്ജമാക്കിയിട്ടുണ്ട്.

ഈ പ്രദർശനത്തിനായി സഹകരിച്ച് പ്രവർത്തിച്ചവരുടെ അറിവും ബുദ്ധിയും കഠിന പരിശ്രമവും പ്രതിഫലിക്കുന്നുണ്ട് പ്രദർശനത്തിന്റെ ഓരോ മേഖലയിലും. ദേശീയ പാരിസ്ഥിതിക മന്ത്രാലയവും ശാസ്ത്ര സാങ്കേതിക വകുപ്പും കൈകോർത്ത ഈ ബൃഹദ്സംരംഭത്തെ സഞ്ചരിക്കുന്ന പ്രദർശനശാലയാക്കാൻ അഹമ്മദാബാദിലെ സെന്റർ ഫോർ എൻവയോമെന്റ് എജ്യൂക്കേഷനും വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്ററുമാണ് യത്നിച്ചത്. എച്ച്.എസ്.ബി.സി, യു.എൽ ഇന്ത്യ, ഇൻഡസ് ടവേഴ്സ് എന്നിവർ ഇതിനു വേണ്ട പിന്തുണ നൽകി.

വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്ററും ശാസ്ത്ര സാങ്കേതിക വകുപ്പുമാണ് സെബ്സിന്റെ ഇന്ത്യ ഒട്ടാകെയുള്ള ദൗത്യങ്ങൾ ഏകോപിപ്പിക്കുന്നത്. വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്ററിലെ ഉന്നത നിലവാരമുള്ള, പരിശീലനം സിദ്ധിച്ച അതീവ ലക്ഷ്യബോധമുള്ള ശാസ്ത്ര കുതുകികളുടെ സംഘമാണ് സെബ്സിലെ സന്ദർശകർക്ക് പ്രദർശനത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ നൽകുന്നതും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതും സന്ദർശകർക്ക് ശാസ്ത്ര പരീക്ഷണ പ്രവർത്തനങ്ങൾ ചെയ്തു നോക്കാൻ സഹായം നൽകുന്നതും എല്ലാം.

സെബ്സിന്റെ കേരളത്തിലെ ഷെഡ്യൂൾ താഴെ കൊടുത്തിരിക്കുന്നു:

തിരുവനന്തപുരം	ഓഗസ്റ്റ് 12-14/2013	ആലപ്പുഴ	ഓഗസ്റ്റ് 16-19/2013
കോഴിക്കോട്	ഓഗസ്റ്റ് 24-27/2013	കണ്ണൂർ	ഓഗസ്റ്റ് 28-31/2013

■

(പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ)

സെബ്സ് എന്ന് ചുരുക്കപ്പേരിൽ വിളിക്കുന്ന തീവണ്ടിയുടെ 2013-ലെ ഷെഡ്യൂൾ ഡെൽഹിയിലെ സഫ്ദർജംഗിൽ നിന്നും 2013 ഏപ്രിൽ 9-ന് ആരംഭിച്ച് 2013 ഒക്ടോബർ 28-ന് സമാപിക്കുംവിധം ക്രമീകരിച്ചിരിക്കുന്നു. ഇന്ത്യ ഒട്ടാകെയുള്ള 68 പ്രദേശങ്ങളിൽ ഇത് 3-4 ദിവസം വീതം പ്രദർശനത്തിനായി നിർത്തിയിടും.



എൻഡോസൾഫാൻ ദുരന്തം: ദുരിതങ്ങൾ എന്നവസാനിക്കും?

എൻഡോസൾഫാൻ വിഷത്തിന്റെ ഇരയായി എട്ടു മാസം പ്രായമുള്ള സിനാൻ എന്ന പിഞ്ചു കുഞ്ഞ് 2013 ഏപ്രിൽ 7ന് ഉമ്മ ഫാത്തിമയുടെ മാറോട് ചേർന്ന് കിടന്ന് അവസാന ശ്വാസം വലിച്ചു. ജീവനുണ്ടായിരുന്ന 8 മാസ ക്കാലം ഒരുപാട് വേദനകൾ ആ കുഞ്ഞ് അനുഭവിച്ചു. അധികനേരം കട്ടിലിൽ കിടന്നാൽ ശ്വാസം മുട്ടും. താലോലിക്കാനായ് എടുത്താൽ വായിൽ നിന്നും നുര വരും. പിന്നെ ഏറെ നേരം ആ പിഞ്ചു നെഞ്ച് തടവി കൊടുക്കണം. ശ്വാസം മുട്ടും പനിയും കാരണം ആഴ്ചയിൽ മൂന്നു ദിവസവും ആശുപത്രിയിൽ തന്നെ. ഉടലിനെക്കാൾ വലിയ തലയുമായി പിറന്ന ആ കുഞ്ഞിന് തലച്ചോറിൽ വെള്ളം നിറയുന്ന ഹൈഡ്രോസെഫാലസ് എന്ന രോഗമായിരുന്നു. ചികിത്സയില്ലാത്ത ഈ രോഗത്തിന് ആകെയുള്ള പരിഹാരം തലച്ചോറിൽ നിന്ന് വയറ്റിലേക്ക് ട്യൂബിട്ട് വെള്ളം കളയുക എന്നത് മാത്രമായിരുന്നു. ഇത്രയും കാലം സിനാൻ ജീവിച്ചതും അങ്ങനെ തന്നെ. ശസ്ത്രക്രിയകൾക്കു മാത്രമായി നാലു ലക്ഷം രൂപയിലേറെ ചെലവായി. അമ്മ ഫാത്തിമയ്ക്കും അച്ഛൻ സലാഹുദ്ദീനുമുണ്ടായിരുന്ന ഒമ്പതരസെന്റും വീടും സ്വർണ്ണവും കുഞ്ഞിന്റെ ചികിത്സയ്ക്കായി വിറ്റു. ഡ്രൈവറായ സലാഹുദ്ദീൻ രാവും പകലും പണിക്കുപോയി. ചികിത്സയ്ക്കായി പണമുണ്ടാക്കാൻ. വിഷമഴയുടെ ഇരയാണെന്നുറപ്പായിട്ടും സാങ്കേതികതകളുടെ പുസ്തകകണക്കിൽ രോഗബാധിതരുടെ പട്ടികയിൽ സിനാന്റെ പേര് ഉൾപ്പെട്ടിരുന്നില്ല. എൻഡോസൾഫാൻ പട്ടികയിൽ പെടുത്താൻ അപേക്ഷ നൽകിയിരുന്നു.

കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർകോട് ജില്ലയിലുള്ള കശുവണ്ടി തോട്ടങ്ങളിൽ തേയില കീടങ്ങളെ കൊന്നൊടുക്കാൻ എൻഡോസൾഫാൻ എന്ന മാരക കീടനാശിനി പ്രയോഗിച്ചു. 1978-ൽ കൈമെഷീനിലൂടെയും 1981 മുതൽ ആകാശമാർഗ്ഗേണെയും ഒരു പ്രദേശത്തിനുമേൽ എൻഡോസൾഫാൻ വിഷമഴയായി പെയ്തിറങ്ങി. പുഴുക്കളെയും കീടങ്ങളെയും മാത്രമല്ല, ക്യാൻസറായും അപസ്മാരമായും ചർമ്മരോഗങ്ങളായും അംഗവൈകല്യങ്ങളായും ബുദ്ധിവൈകല്യങ്ങളായും ഈ വിഷം അവിടുത്തെ മനുഷ്യരിലും ബാധിച്ചു. ഇരകളുടെ ശരീരത്തെ മാത്രമല്ല, അവരുടെ ജനിതക ഘടനയെതന്നെ ഈ വിഷം കീഴ്മേൽ മറിച്ചു. തൽഫലമായി അവർക്ക് ജനിച്ചുകൊണ്ടിരിക്കുന്ന മക്കളും അംഗ-ബുദ്ധിവൈകല്യവുമായിട്ടാണ് പിറന്നു വീഴുന്നത്. കാസർഗോഡ് ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിലെ ജനങ്ങളുടെ സ്വൈരജീവിതത്തിനുമേലാണ് തീരാശാപമായി എൻഡോസൾഫാൻ വിഷമഴ പെയ്തിറങ്ങിയത്. എൻഡോസൾഫാൻ ഇരകളുടെ മരണവാർത്തകൾ മാധ്യമങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

എൻഡോസൾഫാന്റെ മാരകശേഷി മനസ്സിലാക്കി നിരവധി രാജ്യങ്ങൾ ഇതിനോടകംതന്നെ ഈ വിഷത്തിന്റെ ഉപയോഗം നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിലും എൻഡോസൾഫാന്റെ ഉത്പാദനവും ഉപയോഗവും നിരോധിച്ചിട്ടുണ്ട്.

തയ്യാറാക്കിയത്:
രഘുരാമൻ, സെക്രട്ടറി ആലപ്പുഴ നഗരസഭ

നിയമദൃഷ്ടി

ജോൺ എസ്.ജെയിംസ്

പരസ്യകലയും വ്യവസായവും

ഒപ്പം പരസ്യ നികുതിയും

അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ല. മലയാള ഭാഷയുടെ ചരിത്രത്തോളം പഴക്കമുള്ള ചൊല്ലാണിത്. എന്നാൽ ഇപ്പോൾ മുടി കൊഴിച്ചിലിനും, കഷണ്ടിക്കും, അകാല നരയ്ക്കുമുള്ള ആയുർവ്വേദ മരുന്നുകൾക്കും, മറ്റു നിവാരണ ഉപാധികൾക്കുമായുള്ള പരസ്യങ്ങൾക്കാണ് പത്രദൃശ്യ മാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥലവും സമയവും വിനിയോഗിക്കുന്നത്; ഒപ്പം സ്വർണ്ണാഭരണങ്ങളുടെയും സൗന്ദര്യ സംവർദ്ധക സാധനങ്ങളുടേയും കാര്യത്തിലും. ഉപഭോക്തൃ വൃന്ദങ്ങളിൽ ന്യൂജനറേഷന്, പ്രത്യേകിച്ച് വീക്കർ സെക്ഷന് സൗന്ദര്യ സംവർദ്ധക സാധനങ്ങളോടും ആഭരണങ്ങളോടും ഉള്ള ദൗർബല്യം മുതലെടുത്ത്, കുറഞ്ഞകാലത്തിനുള്ളിൽ കൂടുതൽ ചരക്ക് ചെലവാക്കി വമ്പിച്ച ലാഭം കൊയ്യാനുള്ള വ്യഗ്രതയാണ് ഇത്തരം പരസ്യങ്ങളുടെ കുത്തൊഴിക്കിന് പിന്നിലുള്ള രഹസ്യം. വൻകിട വാണിജ്യ വ്യവസായ സംരംഭകർ ലക്ഷങ്ങൾ പരസ്യങ്ങൾക്കായി ചെലവിടുമ്പോൾ ചരക്കിന് കൊടുക്കുന്ന എമ്മാർപീ, എന്ന മോഹവിലയിൽ അല്ലെങ്കിൽ ലാഭത്തിൽ ഈ ചെലവും ഉൾപ്പെടുമെന്ന് ആർക്കാണ് അറിയാത്തത്? വിൽക്കാത്ത ചരക്കിനും കൊള്ളാത്ത വില നിശ്ചയിക്കുന്നത് ഇപ്പോൾ ഒരു ഫാഷൻ ആക്കിയിട്ടുണ്ട്. വില കൂടിയതിന് ഗുണവും കൂടുമെന്ന ചിലരുടെ മിഥ്യാധാരണയാണിതിനാധാരം. ഉപഭോക്താക്കളെ അമ്പേ കബളിപ്പിക്കുകയും വല്ലാതെ പ്രലോഭിപ്പിക്കുകയും ചെയ്യുന്ന പരസ്യങ്ങളേറെ. ശാസ്ത്രീയ അടിസ്ഥാനം ഏതുമില്ലാത്ത, പൊള്ളയായ ഇത്തരം പരസ്യങ്ങളെ നിരോധിക്കുന്ന നിയമം ഉണ്ടാകുന്നതുവരെ, ഇത്തരം പരസ്യങ്ങൾ ഉപഭോക്താക്കൾ തിരിച്ചറിഞ്ഞ് വിവേചന ബുദ്ധിയോടെ പെരുമാറിയാൽ മതിയാകും. പരസ്യ വ്യവസായത്തിലെ ചില ദുഷ്പ്രവണതകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളു.

വ്യവസായ വാണിജ്യ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റേയും വ്യാവസായിക കാർഷിക ഉത്പ്പങ്ങളുടെയും, തൊഴിലവസരങ്ങളുടെയും, വർദ്ധനവിന്റെ ഈ സുവർണ്ണ കാലഘട്ടത്തിൽ, വ്യവസായിക കാർഷിക ഉൽപന്നങ്ങളെ, അവയുടെ ഗുണഗണങ്ങളെ, സാമാന്യജനതയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുക എന്നത് ശാസ്ത്രീയമായ പരസ്യ വ്യവസായത്തിന്റെയും പരസ്യകലയുടെയും ഉദാത്തമായ ചുമതല തന്നെയാണ്. സാമ്പത്തിക വികസനത്തിൽ വ്യാവസായിക - കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിന് വൻ പ്രാധാന്യമാണുള്ളത്. സാമൂഹിക നീതി ഉറപ്പാക്കാൻ തൊഴിൽ രംഗത്തും കുതിച്ചു ചാട്ടം കൂടിയേതീരൂ. ഗുണപരമായ പരസ്യകലയുടേയും പരസ്യ വ്യവസായത്തിന്റേയും പ്രസക്തിയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇതിലേക്ക് ഏറെക്കുറെ സത്യസന്ധതയോടെ യുക്തിസഹമായും കലാപരമായും പരസ്യ വ്യവസായം നിറവേറ്റപ്പെടണം. കമ്പോള സംസ്ക്കാരം അതിന്റെ നല്ല അർത്ഥത്തിൽ, കൊടികുത്തി വാഴുന്ന ഈ അസുലഭ കാലഘട്ടത്തിൽ നല്ല ഉൽപന്നങ്ങൾക്ക്,അവയുടെ ഉപയോഗക്രമത്തിന് കൂടുതൽ പരസ്യം ലഭിക്കേണ്ടതുണ്ട്. അത്തരം പരസ്യങ്ങൾ ഉപഭോക്താക്കളിൽ നല്ല ഒരു ഉപഭോകൃതൃ സംസ്ക്കാരം വളർത്തേണ്ടതുമുണ്ട്. ഉൽപന്നങ്ങളുടെ ക്രിയാത്മകമായ മാർക്കറ്റിംഗിനെപ്പറ്റിയും, ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങളെപ്പറ്റി ലഭ്യമാകേണ്ട ബോധവൽക്കരണത്തെപറ്റിയും, ഒരു പാഠ്യ പദ്ധതി തന്നെ ഉടൻ വിദ്യാഭ്യാസരംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

പരസ്യത്തിന്റെ പ്രസക്തിയെപറ്റി ഇത്രയും പറഞ്ഞുവച്ചത്, പരസ്യനികുതിയെപറ്റി ഒരു ചർച്ച തുടങ്ങി വയ്ക്കുന്നതിനാണ്.

1. സാമൂഹിക പാരിസ്ഥിതിക സാഹചര്യങ്ങൾ നികുതി, ഫീസ്, സെസ്സ് എന്നിവ പിരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു ധനാഗമ മാർഗം തുറക്കുക എന്ന കാര്യം മാത്രമല്ല ഉത്ഭൂതമായത്. ഏത് കാര്യത്തിനാണോ നികുതി നൽകുന്നത് ആ കാര്യത്തിന് നികുതിദായകൻ നിർവഹിക്കേണ്ട സാമൂഹിക ഉത്തരവാദിത്വങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതിനും നികുതി പിരിക്കുന്ന അധികാരസ്ഥന് അവകാശമുണ്ടെന്ന കാര്യം ഓർക്കണം. നികുതി നൽകി

ചെയ്യുന്ന ഒരു കാര്യം പൊതു താല്പര്യത്തിന് ഹാനികരമാവരുത്. നികുതി ഏർപ്പെടുത്തുന്നതും പിരിക്കുന്നതും തികച്ചും നിയമനുസൃതമായിരിക്കുകയും വേണം എന്ന് ഭരണഘടന – അനുഛേദം 265 വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുപോലെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് സാമൂഹിക പാരിസ്ഥിതിക സാഹചര്യങ്ങളെ ഒരിക്കലും ദോഷകരമായി ബാധിക്കുന്നില്ലായെന്ന് നികുതി വാങ്ങി അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ വർദ്ധിക്കാൻ ഇടയാകാത്തവിധം പരസ്യ ബോർഡുകൾ നിർമ്മിക്കാനും പ്രദർശിപ്പിക്കുവാനും ഇടവരുത്തണം. ഗതാഗത തിരക്കുള്ള ഇടങ്ങളിൽ വാഹനം ഓടിക്കുന്നവരുടെ കാഴ്ച്ച, ശ്രദ്ധ ഇവയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന വിധം പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ അനുവദിക്കരുത്. വാക്കുകളിലൂടെയോ ചിത്രങ്ങളിലൂടെയോ സ്ത്രീത്വത്തെ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന പ്രസിദ്ധീകരണങ്ങളും പരസ്യങ്ങളും നിയമപ്രകാരം നിരോധിക്കപ്പെട്ടവയാണ്. പരസ്യങ്ങളിൽ ഇത്തരം പ്രവണതകൾ കടന്നു വരുന്നില്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം. പുകയില ഉൽപന്നങ്ങൾ പോലുള്ള നിരോധിക്കപ്പെട്ടവയെ കുറിച്ചുള്ള പരസ്യങ്ങൾ അനുവദിക്കരുത്. പരസ്യ നികുതി പിരിക്കുന്നവർ അവരുടെ ചുമതലകളും ഓർത്തിരിക്കണമെന്ന് ചുരുക്കം.

2. ഭരണഘടനാ വ്യവസ്ഥകൾ:-

ഭാരത ഭരണഘടന അനുഛേദം 246-ൽ സംസ്ഥാന ലിസ്റ്റായ രണ്ടാം പട്ടികയിൽ 55-ാം ഇനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു – 'വർത്തമാന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളും റേഡിയോ അല്ലെങ്കിൽ ടെലിവിഷൻ വഴി പ്രക്ഷേപണം ചെയ്യുന്ന പരസ്യങ്ങളും അല്ലാതെയുള്ള പരസ്യങ്ങൾ സംബന്ധിച്ച് നിയമങ്ങളുണ്ടാക്കുവാൻ സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

1992-ലെ 73, 74 എന്നീ ഭരണഘടനാ ഭേദഗതി നിയമങ്ങളനുസരിച്ച്, സംസ്ഥാനത്തിന് ഈടാക്കാവുന്ന നികുതികൾ നിശ്ചയിക്കുന്ന നടപടിക്രമമനുസരിച്ചും അങ്ങനെയുള്ള പരിധികൾക്ക് വിധേയമായി ചുമത്താനും വസൂലാക്കാനും പഞ്ചായത്തുകളേയും അധികാരപ്പെടുത്താവുന്നതാണ് എന്നും പറഞ്ഞിരിക്കുന്നു. അനുഛേദം 265 അനുസരിച്ചും നികുതി പിരിക്കാൻ പരിധികൾക്ക് വിധേയമായി അധികാരപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. സംസ്ഥാന നിയമം: 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230-ാം വകുപ്പനുസരിച്ച് മുനിസിപ്പാലിറ്റികൾക്ക് 'പരസ്യങ്ങൾക്കുള്ള നികുതി ചുമത്താനുള്ള അധികാരം ലഭിച്ചിരിക്കുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209-ാം വകുപ്പനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കും പരസ്യനികുതി ചുമത്താൻ അധികാരം നൽകുന്നുണ്ട്. മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം, 20-01-2004-ൽ സ.ഉ.(പി)31/2004/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം മുൻസിപ്പാലിറ്റികൾക്ക് പരസ്യ നികുതിയായി ഈടാക്കാവുന്ന നിരക്കിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് നിർദേശിച്ചിരിക്കുന്നു. ഏറ്റവും കൂടിയ നിരക്ക് പറഞ്ഞിട്ടുമില്ല. ഇതിന്റെ വെളിച്ചത്തിൽ മുൻസിപ്പാലിറ്റികൾ യഥേഷ്ടം യാതൊരു പരിധിയും കൂടാതെ ഉയർന്ന നികുതി നിരക്ക് നിശ്ചയിച്ച് ഈടാക്കിവരുന്നു. ഭാരത ഭരണഘടനയിലെ 73-74 ഭേദഗതികളിൽ, സംസ്ഥാന സർക്കാരുകൾ തദ്ദേശസ്ഥാപനങ്ങളെ നികുതി പിരിക്കാൻ അധികാരപ്പെടുത്തുന്നത് പരിധികൾക്ക് വിധേയമായിട്ടായിരിക്കണമെന്ന് ഭരണഘടനയിലെ അനുഛേദം 265-ൽ പറയുന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടാണ് ഇത്തരം ഉയർന്ന നിരക്കിലുള്ള ഈടാക്കൽ എന്ന കാര്യം നിയമദൃഷ്ടിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഇവിടെ 'പരിധികൾ' എന്ന വാക്കിനർത്ഥം കുറഞ്ഞതും കൂടിയതുമായ പരിധികൾ എന്നു തന്നെയാണ്. നിയമനിർമ്മാണത്തിലെ ഈ പിശക് യഥാവിധി തിരുത്തപ്പെടേണ്ടതുമാണ്. കുറഞ്ഞ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചില മുനിസിപ്പാലിറ്റികൾ, പരസ്യത്തിന്റെ സ്വഭാവം, വിസ്തീർണ്ണം, പ്രദർശിപ്പിക്കുന്ന കാലയളവ് എന്നീ ഘടകങ്ങളനുസരിച്ച് പരസ്യനികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. മുനിസിപ്പാലിറ്റി നിയമത്തിലെ 567-ാം വകുപ്പ് കൗൺസിലുകൾക്ക് ബൈലരഉണ്ടാക്കാൻ അധികാരം നൽകുന്നു. ഇതനുസരിച്ച മുനിസിപ്പാലിറ്റികൾക്ക് ബൈല ഉണ്ടാക്കാൻ കഴിയും വിധം ഒരു മാതൃകാ ബൈല സർക്കാർ രൂപീകരച്ച് നൽകുന്നത് ഉചിതമായിരിക്കും.

4. ഗ്രാമ പഞ്ചായത്തുകളിലെ ബൈല ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പരസ്യനികുതിക്കുള്ള ഒരു മാതൃകാബൈല, 18.05.2005.-ലെ സർക്കാർ ഉത്തരവ് നമ്പർ സി.5-15253/2004 പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. മാതൃകാബൈലാ അനുസരിച്ച് പരസ്യം പ്രദർശിപ്പിക്കുന്ന ബോർഡ് പോസ്റ്റർ എന്നിവയ്ക്കായി ഫാറം 'എ' യും പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതി ഫാറം 'ബി യിലും ആയിരിക്കേണ്ടതാണ്.' ബൈലായിലെ ചട്ടം 31 അനുസരിച്ച് ഓരോ മാസത്തേയ്ക്കോ അതിൽ കുറഞ്ഞ കാലയളവിലേക്കോ പരസ്യ നികുതി ചുമത്തുന്നത് ഓരോ ഇനത്തിനും ചട്ടത്തിന് 'താഴെ പറയുന്ന നിശ്ചിത നിരക്കിലായിരിക്കണമെന്ന്' നിർദ്ദേശിച്ചിരിക്കുന്നു. ചട്ടം 28 പറയുന്നത്, 'മറ്റ് ഏതൊരുനികുതിയും എന്നപോലെ പരസ്യ

സാമൂഹിക നീതി ഉറപ്പാക്കാൻ തൊഴിൽ രംഗത്തും കുതിച്ചു ചാട്ടം കൂടിയേ തീരൂ. ഗുണപരമായ പരസ്യകലയുടേയും പരസ്യ വ്യവസായത്തിന്റേയും പ്രസക്തിയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇതിലേക്ക് ഏറെക്കുറെ സത്യസന്ധതയോടെ യുക്തിസഹമായും കലാപരമായും പരസ്യ വ്യവസായം നിറവേറ്റപ്പെടണം.

ആധുനിക ലോകത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് വരുമാനങ്ങളിൽ പ്രാധാന്യമേറിയതാണ് പരസ്യനികുതി. ശക്തമായ നിയമ ത്തിന്റെ പിൻബലത്തോടെ കൃത്യമായി പിരിക്കുകയാണെങ്കിൽ മുന്തിയ തനത് വരുമാന ശ്രോതസ്സായി തീരുന്നതാണ് പരസ്യനികുതി. ഇതു സംബന്ധിച്ച നിയമങ്ങളിലും ചട്ടങ്ങളിലും ബൈലാകളിലും കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകണം.

നികുതി ഈടാക്കുന്ന കാര്യത്തിലും സൗകര്യാർത്ഥം അവകാശം നിശ്ചിത ഇനങ്ങളിൽ ഒരുവർഷത്തിൽ കവിയാ ത്തകാലത്തേക്കും ആക്ടിലേയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ലേലം ചെയ്തു കൊടുക്കുവാൻ പഞ്ചായത്തിനു അധി കാരവും അവകാശവും ഉണ്ടായിരിക്കുന്ന താണ്'. ഇതനുസരിച്ച്, ഗ്രാമപഞ്ചായത്തു കൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ബൈലാകൾ അനുസരിച്ചാണ് ഗ്രാമ പഞ്ചായത്തുകൾ പരസ്യ നികുതി ഈടാ ക്കുന്നത്.നിരക്ക്, മാതൃകാ ബൈലായിൽ പറഞ്ഞിട്ടുള്ള നിശ്ചിത നിരക്കനുസരിച്ചും.

5.മുനിസിപ്പാലിറ്റികളിലെ പരസ്യനികുതി. മുനിസിപ്പാലിറ്റി നിയമത്തിലെ 567-ാം വകുപ്പ് മുൻസിപ്പൽ കൗൺസിലുകൾക്ക് ഇക്കാര്യത്തിൽ ബൈല ഉണ്ടാക്കുവാൻ അധികാരം നൽകുന്നു. പൊതുജനങ്ങൾ ക്ക് കാണത്തക്കവണ്ണം ഏതെങ്കിലും പര സ്യം ഏതെങ്കിലും വിധത്തിൽ പ്രദർ ശിപ്പിക്കുന്ന ഏതൊരാളും മുനിസിപ്പൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കു കളിലും വിധത്തിലും നികുതികൊടുക്കേ ണ്ടതാണ്. പരിധികൾ പറഞ്ഞിട്ടില്ല ഇക്കാരണത്താൽ മുനിസിപ്പാലിറ്റികൾ യഥേഷ്ടം ഉയർന്ന നിരക്കിൽ പരസ്യ നികുതി വിജ്ഞാപനം മൂലം നിശ്ചയിക്കുക യാണ് പതിവ്. സെക്രട്ടറിക്ക്, ബൈലാ കളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാ ധികളിന്മേലും നിബന്ധനകളിൽ മേലും ഒരു പ്രാവശ്യം ഒരുവർഷത്തിൽ കവി യാത്ത ഏതൊരു കാലത്തേയ്ക്കും പര സ്യം പ്രദർശിപ്പിക്കാനുള്ള അവകാശം കുത്തകയ്ക്ക് കൊടുക്കാവുതാണ്.



6. പരസ്യനികുതിക്ക് വിധേയമല്ലാത്തവ പൊതുയോഗം, തെരഞ്ഞെടുപ്പ്, സ്ഥാനാ ർത്ഥിത്വം സ്കൈ സൈൻ അല്ലാത്തത്, കെട്ടിടത്തിന്റെ ഉള്ളിൽ പ്രദർശിപ്പിച്ചവ, ഒരു സ്ഥാപനത്തിൽ വച്ച് ഏതെങ്കിലും സാധനം വിൽക്കുകയോ മറ്റൊ, ആ ഭൂമി യിലോ കെട്ടിടത്തിൻമേലോ അല്ലെങ്കിൽ അതിന് മുകളിലോ വച്ചിട്ടുള്ള പരസ്യം, സ്ഥാപനത്തിന്റെ ഉടമസ്ഥന്റേയോ കൈ വശക്കാരന്റെയോ, പേരിനെ സംബന്ധി ക്കുന്ന പരസ്യം, റയിൽവേ, എയർപോർട്ട് അതോറിറ്റിയുടെ ബിസിനസ് സംബന്ധിച്ച പരസ്യം, റയിൽവേ സ്റ്റേഷന്റെയോ വിമാ നത്താവളത്തിന്റേയോ ഉള്ളിൽ വച്ചിരി ക്കുകയും എന്നാൽ പൊതു തെരുവിന് അഭിമുഖമായി വച്ചിരിക്കുന്ന പരസ്യം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽ കേണ്ടതായ പരസ്യനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്ന.

7. അനധികൃത പരസ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭിച്ച ശേഷം മാത്രമേ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടുള്ളു. അനുമതി ലഭിക്കാത്തവ അനധികൃത പരസ്യങ്ങളാണ്. ഇവ നീക്കം ചെയ്യിക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. അനുമതി യിലെ വ്യവസ്ഥകൾക്കനുസൃതമല്ലാത്ത പരസ്യങ്ങളും അനധികൃത പരസ്യങ്ങളിൽ പെടുന്നതാണ്.

8. പരസ്യനികുതി - തനതുവരുമാനങ്ങ ളിൽ പ്രധാനം. ആധുനിക ലോകത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് വരുമാനങ്ങളിൽ പ്രാധാന്യമേറി യതാണ് പരസ്യനികുതി. ശക്തമായ നി യമത്തിന്റെ പിൻബലത്തോടെ കൃത്യ മായി പിരിക്കുകയാണെങ്കിൽ മുന്തിയ തനത് വരുമാന ശ്രോതസ്സായി തീരുന്ന താണ് പരസ്യ നികുതി. ഇതു സംബന്ധിച്ച നിയമങ്ങളിലും ചട്ടങ്ങളിലും ബൈലാ കളിലും കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകണം. നിയമഭേദഗതികളിലൂടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ സർക്കാർ നിശ്ചയിക്കാൻ വ്യവസ്ഥ ഉണ്ടാ കണം. പഞ്ചായത്തുകൾക്കും മുനിപ്പാ ലിറ്റികൾക്കും ബാധകമായ ചട്ടങ്ങൾ രൂപീകരിക്കണം. മാതൃകാബൈലാകൾ കൂടുതൽ പ്രായോഗികതകളോടെ പുതു ക്കണം. നികുതി നിശ്ചയിക്കുന്നതിനും പിരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. പരസ്യ വ്യവസായത്തിൽ ഏർപ്പെട്ട ഏജൻസികളെ, അഥവാ പര സ്യം ചെയ്യുന്നവരെ, തദ്ദേശഭരണസ്ഥാപ നങ്ങളിൽ രജിസ്റ്റർ ചെയ്യാനും, അവരു ടെ പേരിൽ പരസ്യം പ്രദർശിപ്പിക്കാനുള്ള കുത്തക അവകാശം നൽകുന്നതിനും ബൈലാകളിൽ വ്യവസ്ഥ ചെയ്യണം. വസ്തു നികുതി നിയമത്തേയും ചട്ടങ്ങ ളേയും കുറിച്ച് പഠനം നടത്തുതിനും ഭേദ ഗതികൾ നിർദേശിക്കുന്നതിനും അധി കാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി യതുപോലെ ഈവിഷയത്തിലും പ്രായോ ഗികതകൾ പഠിച്ച് കരട് നിയമഭേദഗതി കളും, ചട്ടങ്ങളും മാതൃകാബൈലാകളും ആവശ്യമായ കരട് വിജ്ഞാപനങ്ങളും രൂപപ്പെടുത്തുവാൻ ലോക്കൽ ഗവ: കമ്മീ ഷനെ സർക്കാർ ചുമതല ഏൽപിക്കുന്നത് ഉചിതമായിരിക്കും.

വാൽകഷ്ണം: ഒരുവൻ - പരസ്യം പ്രദർശിപ്പിക്കുന്നതിന് നികുതി കൊടുക്ക ണമത്രേ! അപരൻ - അരമന രഹസ്യ ങ്ങൾക്കോ അങ്ങാടി പരസ്യങ്ങൾക്കോ ഇത് ബാധകമാണോ? ■

(ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡി: സെക്രട്ടറിയായി വിരമിച്ചയാളാണ്.)

ഭൂപ്രകൃതിയാൽ വളരെയേറെ അനുഗ്രഹീതമായ സംസ്ഥാനമാണ് കേരളം. ചെറുതും വലുതുമായ കുന്നുകളും മലകളും, സസ്യസമൃദ്ധമായ താഴ്‌വരകളും, നിത്യഹരിതങ്ങളായ വനങ്ങളും, വറ്റാത്ത നീരുറവകളും, വെള്ളച്ചാട്ടങ്ങളും, കായലുകളും, നാളികേര കുലകൾ തൂങ്ങിക്കിടക്കുന്ന കേരവൃക്ഷങ്ങളും ഇതെല്ലാം ഒത്തുചേർന്നതു കൊണ്ടു തന്നെയാണ് കേരളം സൗന്ദര്യം തുടിക്കുന്ന സംസ്ഥാനമായി മാറിയത്. ഈ സമൃദ്ധിക്കെല്ലാം ഒരു കാരണം ഇവിടെ പെയ്യുന്ന മഴ തന്നെ.

കേരളത്തിൽ ഒരു വർഷം ഏതാണ്ട് ഒമ്പത് മാസങ്ങളിലും മഴയുണ്ടാകാറുണ്ട്. ശേഷം മൂന്നു മാസങ്ങളിൽപ്പോലും ചിലയിടങ്ങളിൽ വളരെ ചെറിയ തോതിൽ മഴ പെയ്യുന്നു. ഭൂതല പ്രകൃതിയും കാറ്റിന്റെ ഗതിയിലുള്ള മാറ്റങ്ങളുമാണ് മഴയിലുള്ള പ്രാദേശിക വ്യത്യാസങ്ങൾ വരുത്തുന്നത്.

കേരള സംസ്ഥാനത്ത് മൊത്തം ഒരു വർഷം ശരാശരി 126 മഴയുള്ള ദിവസങ്ങളിലായി 3010 മില്ലിമീറ്റർ മഴ ലഭിക്കുന്നു. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം 0830 ന് അവസാനിക്കുന്ന 24 മണിക്കൂറിനുള്ളിൽ 2.5 മില്ലിമീറ്ററോ അതിൽ കൂടുതലോ മഴ പെയ്താൽ ആ ദിവസം മഴ ദിവസമായി പരിഗണിക്കാം. ജൂൺ മുതൽ സെപ്തംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് കേരളത്തിൽ മൊത്തം ശരാശരി 79 മഴ ദിവസങ്ങളിലായി ഏകദേശം 2010 മില്ലിമീറ്റർ മഴയാണ് പെയ്യുന്നത്. ഇത് വാർഷിക മൊത്തം മഴയുടെ 67 ശതമാനം വരും. വടക്കു കിഴക്കൻ മൺസൂൺ കാലത്ത്, ഒക്ടോബർ മുതൽ ഡിസംബർ വരെ മൊത്തം ശരാശരി 520 മില്ലി മീറ്ററാണ് മഴ. ഇത് വാർഷിക മൊത്തത്തിന്റെ 17 ശതമാനമാണ്. ഈ കാലയളവിൽ ശരാശരി മഴ ദിനങ്ങൾ 24 എണ്ണമേയുള്ളൂ. ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ മൊത്തം ശരാശരി 480 മില്ലിമീറ്ററാണ് മഴ. ശരാശരി 23 മഴ ദിനങ്ങളിലായി പെയ്യുന്ന ഈ മഴ വാർഷിക മൊത്തത്തിന്റെ 16 ശതമാനത്തോളം വരും.

മൊത്തം ശരാശരി കണക്കാണ് മുകളിൽ സൂചിപ്പിച്ചത്. ഒരു വർഷത്തിൽ ശരാശരി നാലായിരത്തിലധികം മില്ലിമീറ്റർ മഴ കിട്ടുന്ന പ്രദേശങ്ങളും കേരളത്തിലുണ്ട്. തെക്കു പടിഞ്ഞാറൻ കാലവർഷക്കാലത്ത് മാത്രം ശരാശരി മൂവായിരം മില്ലിമീറ്ററിലധികം മഴ കിട്ടുന്ന പ്രദേശങ്ങളും കുറവല്ല.

മഴവെള്ളവും വില്പന ചരക്കാക്കാം

ഇപ്പോൾ കേരളത്തിൽ പെയ്യുന്ന മഴയുടെ പകുതിലധികം യാതൊരു ഉപയോഗത്തിനും എടുക്കാൻ പറ്റാതെ നേരെ കടലിലാണ് എത്തിച്ചേരുന്നത്. പ്രകൃതി കനിഞ്ഞ് തരുന്ന ഈ അമൂല്യ സമ്പത്തിനെ പാഴാക്കാതെ അത് ആവുന്നിടത്തോളം സംഭരിച്ച് കുടിവെള്ളമാക്കി വില്പന ചെയ്യാവുന്നതേയുള്ളൂ. മഴവെള്ളത്തെ കുടിവെള്ളമാക്കാനുള്ള പ്രക്രിയ വളരെ ലളിതമാണ്. കേരളത്തെ സംബന്ധിച്ചടത്തോളം മഴവെള്ളം വളരെ ശുദ്ധമാണ്. കേരളത്തിന്റെ ആകാശത്ത് രൂപം കൊള്ളുന്ന മഴമേഘങ്ങളിൽ ജീവജാലങ്ങൾക്ക് ഹാനികരമാകുന്ന മാലിന്യങ്ങൾ കലരാനുള്ള സാദ്ധ്യത ഇല്ല എന്നു തന്നെ പറയാം. ഇതുവരെ അത്തരം ഒരു വസ്തുത ആരും റിപ്പോർട്ട് ചെയ്തിട്ടില്ല.

കേരളത്തിന്റെ തൊട്ടടുത്തു കിടക്കുന്ന ലക്ഷദ്വീപിൽ വളരെയേറെ ആളുകൾ മഴവെള്ളമാണ് ഇപ്പോൾ കുടിവെള്ളമായി ഉപയോഗിക്കുന്നത്. അവിടത്തെ ഭൂഗർഭ ജലത്തിൽ ഉപ്പിന്റെ ആധിക്യം കൂടുതലായതു കൊണ്ടാണിത്. കേരളത്തിൽ ഭൂഗർഭ ജലത്തിൽ മാലിന്യങ്ങൾ കൂടി വരുന്നതായാണ് റിപ്പോർട്ട്. ഭൂഗർഭ ജലം കുടിക്കാൻ യോഗ്യമല്ലാത്ത പ്രദേശങ്ങളിൽ തീർച്ചയായും മഴവെള്ളത്തിനെ ആശ്രയിക്കേണ്ടിവരും. നദികൾ, പുഴകൾ എന്നിവിടങ്ങളിൽ നിന്നുള്ള വെള്ളത്തിനെ ആശ്രയിക്കുന്നതിന് പരിമിതികൾ കൂടിവരികയാണെന്നും ഒരു വാസ്തവമായി മാറിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിൽ പെയ്യുന്ന മഴയുടെ 5 ശതമാനം മാത്രം മഴവെള്ള സംഭരണികളിൽ സംഭരിച്ച് ആ വെള്ളം ഒന്നു കൂടി ശുദ്ധീകരിച്ച് കുടിവെള്ളമാക്കി ഒരു ലിറ്ററിന് 5 രൂപ വെച്ച് വില്പന നടത്തുയാണെങ്കിൽ നല്ലൊരു വരുമാനം നമുക്കുണ്ടാക്കാൻ പറ്റും. താഴെ പറയുന്ന കണക്കുകൾ അത് വ്യക്തമാക്കുന്നു.

കേരളത്തിൽ ശരാശരി മഴ കിട്ടുന്ന സ്ഥലത്ത് 40 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഒരു മേൽക്കൂരയിൽ നിന്നും ഒരു വർഷം ഒരു ലക്ഷത്തിലധികം ലിറ്റർ വെള്ളം സംഭരിക്കാൻ പറ്റും. ഈ വെള്ളം ഒരു അസംസ്കൃത വസ്തുവായി കണക്കാക്കി ലിറ്ററിന് ഒരു രൂപ വെച്ച് ആരെങ്കിലും വാങ്ങുകയാണെങ്കിൽ ഒരു വർഷം ഒരു ലക്ഷം രൂപ സ്വരൂപിക്കാം. സ്വന്തം ആവശ്യത്തിനുള്ള കുടിവെള്ളം മാറ്റിവെച്ചാലും നല്ലൊരു സംഖ്യ ഈ വിധത്തിലുണ്ടാക്കാം.

ഡോ. പി.കെ പ്രദീപ്കുമാർ

കേരളത്തിൽ മഴവെള്ള വാണിജ്യത്തിനുള്ള സാദ്ധ്യതയും സാമ്പത്തിക നേട്ടവും

കേരളത്തിൽ ശരാശരി മഴ കിട്ടുന്ന സ്ഥലത്ത് 40 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഒരു മേൽക്കൂരയിൽ നിന്നും ഒരു വർഷം ഒരു ലക്ഷത്തിലധികം ലിറ്റർ വെള്ളം സംഭരിക്കാൻ പറ്റും. ഈ വെള്ളം ഒരു അസംസ്കൃത വസ്തുവായി കണക്കാക്കി ലിറ്ററിന് ഒരു രൂപ വെച്ച് ആരെങ്കിലും വാങ്ങുകയാണെങ്കിൽ ഒരു വർഷം ഒരു ലക്ഷം രൂപ സ്വരൂപിക്കാം.

കേരളത്തിന്റെ വിസ്തൃതി: 38863 ച.കിലോമീറ്റർ

അതായത് 38869000000 ച.മീ ($1\ km^2 = 10^6\ m^2$)

കേരളത്തിൽ ഒരു വർഷത്തെ ശരാശരി മഴ: 3010 മി.മീ : 3.01 മീ.

ഒരു വർഷം കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴ വെള്ളം : 38863000000x3.01 ക്യൂ.മീറ്റർ

അതായത് 38863000000x3.01x1000 ലിറ്റർ ($1\ m^3$=1000l.)

ആകെയുള്ള മഴ വെള്ളത്തിന്റെ 5% മാത്രം സംഭരിക്കുമ്പോൾ ലഭിക്കുന്ന മഴവെള്ളം : 38863000000x3.01x1000x5/100 ലിറ്റർ

അതായത് 38863000000x30.1x5 ലിറ്റർ

ഒരു ലിറ്റർ വെള്ളത്തിന് 5 രൂപ വീതം വില കണക്കാക്കുമ്പോൾ തുക

: 38863000000x30.1x5x5 രൂപ

: 29244408000000 രൂപ

അതായത് 2924441 കോടി!

ഈ വരുമാനത്തിന്റെ പകുതി (1462221 കോടി രൂപ) നടത്തിപ്പ് ചെലവിലേക്കെടുത്താലും പകുതി സംഖ്യ ലാഭമാക്കാം. മഴ വെള്ളത്തിന്റെ സംഭരണ ശേഷി 5 ശതമാനത്തിൽ നിന്നും അധികരിച്ചോ വെള്ളത്തിന്റെ വില്പന വില കൂടുകയാണെങ്കിലോ ലാഭം ഇനിയും വർദ്ധിപ്പിക്കാം. സംഭരണശേഷിയേയും വില്പന വിലയേയും ആശ്രയിച്ചാണ് ലാഭം കണക്കാക്കുന്നത്. ഇത് മാറുന്നതനുസരിച്ച് ലാഭത്തിന്റെയും ഏറ്റക്കുറച്ചിൽ ഉണ്ടാകും.

മഴ കുറയുന്ന അവസരങ്ങളിൽ മഴവെള്ളം സംഭരിച്ച് വില്പന ചരക്കാക്കിയാൽ നമുക്കെവിടെ വെള്ളം എന്ന് ചിന്തിച്ചേക്കാം. സുലഭമായി മഴകിട്ടുന്ന തെക്കു പടിഞ്ഞാറൻ കാലവർഷക്കാലത്ത് മാത്രമുള്ള മഴയുടെ 5 ശതമാനം സംഭരിച്ച് വില്പന നടത്തുകയാണെങ്കിൽ മേൽസൂചിപ്പിച്ച കണക്കുകൾ പ്രകാരം

38863000000x20.1x5x5 രൂപ

മഴവെള്ള സംഭരണികൾ ഉണ്ടാക്കുന്നതിനുള്ള ചെലവ് കെട്ടിട ഉടമകൾ തന്നെ വഹിക്കുന്നതാണ് നല്ലത്. മഴവെള്ളം വില്ക്കാൻ പറ്റുന്നില്ലെങ്കിൽ സ്വന്തം ആവശ്യത്തിനു തന്നെയെങ്കിലും ഉപയോഗിക്കാമല്ലൊ. ഫെറോസിമന്റ് മഴവെള്ള സംഭരണികൾ ഉണ്ടാക്കാൻ പ്രാഗത്ഭ്യമുള്ള തൊഴിലാളികൾ നമ്മുടെ നാട്ടിൽ വളരെയേറെയുണ്ട്. ഇവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കുന്നതോടൊപ്പം പുതുതായി വരുന്ന ജോലിക്കാർക്ക് പണി നേരിൽ കണ്ട് പഠിക്കുകയുമാവാം.

അതായത് 1952866 കോടി രൂപ വില്പന വിലയായി ഉണ്ടാക്കാം. ചെലവു കഴിച്ചാൽ ലാഭം നല്ലതുപോലെ ഉണ്ടാകാൻ ഏറെ സാദ്ധ്യതയുണ്ട്.

മഴവെള്ളം എങ്ങനെ സംഭരിക്കാം?

ആശയം നല്ലതാണെങ്കിലും വളരെ പെട്ടെന്ന് പ്രാവർത്തികമാക്കാൻ പറ്റുന്ന ഒരു സംഗതിയല്ല മഴവെള്ള സംഭരണം. ദീർഘ വീക്ഷണത്തോടുകൂടിയുള്ള കൂട്ടായ ചർച്ചകളിൽ കൂടിയും ആസൂത്രണം കൊണ്ടും മാത്രമെ ഇത് നടപ്പിലാക്കാൻ പറ്റുകയുള്ളൂ. ഇപ്പോൾ പണിയുന്ന വീടുകൾക്കെല്ലാം മഴവെള്ള സംഭരണികൾ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മിക്കയിടത്തും ഇത് കടലാസ്സിൽ ഒതുങ്ങുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ ബന്ധപ്പെട്ടവരുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു സംവിധാനമായിരിക്കും ഉദ്ദേശിച്ച ഫലം ഇത്തരം സംഭരണികൾ കൊണ്ടുണ്ടാവില്ല. ഇത് കർക്കശമാക്കണം. എങ്കിൽ വളരെയേറെ മഴവെള്ളം സംഭരിക്കാൻ പറ്റും. ഇങ്ങനെ സംഭരിക്കുന്ന വെള്ളം സ്വയം ഉപയോഗത്തിനു ശേഷം മിച്ചമുള്ളത് വില്ക്കുകയും ചെയ്യാം. ഫെറോസിമന്റിൽ പണിയുന്ന (10000) ലിറ്റർ കപ്പാസിറ്റിയുള്ള മഴവെള്ള സംഭരണിക്ക് ഏകദേശം മുപ്പതിനായിരം രൂപ വേണ്ടി വരും. ഇത് സംഭരണി, പാത്തികൾ, ഫിൽറ്റർ ടാങ്ക് എന്നിവയടക്കമാണ്. ഇതിലെ വെള്ളം നേരിട്ടുപയോഗിക്കാൻ പറ്റുന്നതുമായിരിക്കും.

കേരളത്തിൽ ശരാശരി മഴ കിട്ടുന്ന സ്ഥലത്ത് 40 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു മേൽക്കൂരയിൽ നിന്നും ഒരു വർഷം ഒരു ലക്ഷത്തിലധികം ലിറ്റർ വെള്ളം സംഭരിക്കാൻ പറ്റും. ഈ വെള്ളം ഒരു അസംസ്കൃത വസ്തുവായി കണക്കാക്കി ലിറ്ററിന് ഒരു രൂപ വെച്ച് ആരെങ്കിലും വാങ്ങുകയാണെങ്കിൽ ഒരു വർഷം ഒരു ലക്ഷം രൂപ സ്വരൂപിക്കാം. സ്വന്തം ആവശ്യത്തിനുള്ള കുടിവെള്ളം മാറ്റിവെച്ചാലും നല്ലൊരു സംഖ്യ ഈ വിധത്തിലുണ്ടാക്കാം.

മഴവെള്ള സംഭരണി പണിയുമ്പോഴുള്ള പ്രാരംഭ ചെലവ് മാത്രമെ വരുന്നുള്ളൂ. നല്ലവിധത്തിൽ പണിയുന്ന ഫെറോസിമന്റ് സംഭരണിക്ക് വാർഷിക മെയിന്റനൻസ് ഇല്ല എന്നു തന്നെ പറയാം. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം സംഭരണിയുടെ ഉൾവശം വൃത്തിയാക്കണമെന്നേയുള്ളൂ. ശരിയാം വിധം പരിരക്ഷിക്കുന്ന സംഭരണികൾ ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് ശേഷവും നിലനിൽക്കുമെന്നാണ് വിദഗ്ദാഭിപ്രായം. ഫെറോസിമന്റ് ടെക്നോളജി വളരെയേറെ പ്രാബല്യത്തിലായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. മറ്റുള്ള സംഭരണികളെ അപേക്ഷിച്ച് ഫെറോസിമന്റ് സംഭരണികൾക്ക് ചെലവ് കുറവാണ്; പോരാത്തതിന് ആവർത്തന ചെലവുകളുമില്ല. പരിസ്ഥിതി സൗഹൃദമായ ഇത്തരം സംഭരണികൾ ഉപയോഗിക്കാനും എളുപ്പമുണ്ട്. മഴവെള്ള സംഭരണികൾ ഉണ്ടാക്കുന്നതിനുള്ള ചെലവ് കെട്ടിട ഉടമകൾ തന്നെ വഹിക്കുന്നതാണ് നല്ലത്. മഴവെള്ളം വില്ക്കാൻ പറ്റുന്നില്ലെങ്കിൽ സ്വന്തം ആവശ്യത്തിനു തന്നെയെങ്കിലും ഉപയോഗിക്കാമല്ലോ. ഫെറോസിമന്റ് മഴവെള്ള സംഭരണികൾ ഉണ്ടാക്കാൻ പ്രാഗത്ഭ്യമുള്ള തൊഴിലാളികൾ നമ്മുടെ നാട്ടിൽ വളരെയേറെയുണ്ട്. ഇവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കുന്നതോടൊപ്പം പുതുതായി വരുന്ന ജോലിക്കാർക്ക് പണി നേരിൽ കണ്ട് പഠിക്കുകയുമാവാം. അപ്രകാരമാകുമ്പോൾ വളരെയേറെ പേർക്ക് തൊഴിൽ ചെയ്യാവുന്ന ഒരു മേഖലയായി മഴ വെള്ള വ്യവസായത്തെ വികസിപ്പിച്ചെടുക്കുകയും ചെയ്യാം.

മേൽക്കൂരകൾക്ക് വളരെയേറെ വിസ്തൃതിയുള്ള വലിയ കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതിൽ സ്വകാര്യ മേഖലയിലുള്ളതും സർക്കാർ മേഖലയിലുള്ളതുമായ കെട്ടിടങ്ങൾ ഉൾപ്പെടും. ഈ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം സംഭരിച്ചാൽ വളരെയേറെയുണ്ടാകുമത്. ഇത് കെട്ടിടങ്ങളിലുള്ളവർക്ക് സ്വന്തം ആവശ്യത്തിനോ വാണിജ്യാവശ്യത്തിനോ ഉപയോഗിക്കാവുന്നതാണ്.

സംഭരിച്ച മഴവെള്ളം എങ്ങിനെ വിൽക്കാം? ആര് വാങ്ങും?

ഇന്ന് കേരളത്തിൽ പല ഭാഗങ്ങളിലും കുപ്പിവെള്ള ഫാക്ടറികൾ ഉണ്ട്. ഇതിൽ മിക്കതും ഉപരിതലത്തിലെ വെള്ളമോ ഭൂഗർഭ ജലമോ ആണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നത്. ഇത് ഉപരിതലത്തിലെയും ഭൂഗർഭത്തിലെയും ജലത്തിന്റെ അമിത ചൂഷണത്തിന് വഴിയൊരുക്കുന്നുണ്ട്. കുപ്പി-വെള്ള ഫാക്ടറികളുടെ ചുറ്റു വട്ടത്തുമുള്ള വീടുകളിൽ മഴവെള്ള സംഭരണികൾ പ്രാവർത്തികമാക്കിയാൽ ഇതിൽ സംഭരിക്കുന്ന വെള്ളം ഫാക്ടറികൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്നതാണ്. ഇതു മൂലം ഫാക്ടറികളുടെ തൊട്ടടുത്തുള്ള വീട്ടുകാർക്ക് നല്ലൊരു വരുമാന മാർഗ്ഗമാകുകയും ചെയ്യും. വളരെയേറെ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. ഇതുമൂലം പരിസ്ഥിതിക്ക് യാതൊരു വിധ കോട്ടവും സംഭവിക്കാൻ പോകുന്നുമില്ല. ഈ ആശയം നടപ്പിലാക്കുകയാണെങ്കിൽ മഴവെള്ള സംഭരണികളുടെ പ്രാധാന്യവും അതിന്റെ വ്യാവസായിക മൂല്യവും ജനങ്ങൾ മനസ്സിലാക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് മഴവെള്ള സംഭരണികൾ വ്യാപിപ്പിക്കാൻ പറ്റുകയും ചെയ്യും. മഴവെള്ളം ഒരു കമ്പനിയിൽ എത്തിക്കുന്നത് തുടക്കത്തിൽ ഒരു പ്രശ്നമായി തോന്നിയേക്കാം. പക്ഷെ, സജ്ജീകരണങ്ങളും സഹകരണവും കൂടുമ്പോൾ അതൊക്കെ ക്രമേണ ബുദ്ധിമുട്ടില്ലാത്തതായി മാറിക്കൊള്ളും.

ശുദ്ധമായ മഴവെള്ളം സംഭരിക്കുന്നതിന് പകരം വ്യാജമായ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരെ തുടക്കത്തിൽ തന്നെ ഒഴിവാക്കുകയോ ശിക്ഷിക്കുകയോ ചെയ്യുമ്പോൾ മറ്റുള്ളവർക്ക് അതൊരു പാഠമാകും. കർശന നിബന്ധനകൾ ഈ കാര്യത്തിൽ വേണം. മഴ വെള്ളം തന്നെയാണോ സംഭരണികളിൽ സംഭരിച്ചതെന്ന് മനസ്സിലാക്കാനുള്ള സംവിധാനങ്ങളൊക്കെ ഇന്നുണ്ട്. ഒരു കമ്പനി പരിസരത്ത് ആവശ്യത്തിലേറെ അസംസ്കൃത വസ്തു (മഴവെള്ളം) ഉണ്ടെങ്കിൽ അത് കമ്പനിയിൽ ശുദ്ധി ചെയ്ത് വലിയ, കറപിടിക്കാത്ത വീണ്ടും ഉപയോഗിക്കാവുന്ന സ്റ്റീൽ അല്ലെങ്കിൽ അലുമിനിയം പാത്രങ്ങളിലാക്കി ഇന്ത്യയുടെ തന്നെ വിവധ ഭാഗങ്ങളിലേക്കോ അല്ലെങ്കിൽ വിദേശത്തേക്കോ കയറ്റി അയച്ച് വലിയൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. കുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന എത്രയോ പ്രദേശങ്ങൾ നമ്മുടെ രാജ്യത്തും വിദേശത്തും ഉണ്ടെന്നുള്ളത് ഒരു വാസ്തവമാണ്. ആയതിനാൽ മഴവെള്ളത്തിൽ നിന്നും ഉണ്ടാക്കുന്ന കുടിവെള്ളം ചെലവാകാതിരിക്കാൻ വഴിയില്ല. വളരെയേറെപ്പേർക്ക് തൊഴിലിന് സാധ്യതയുള്ള ഒരു മേഖല കൂടിയയാണിത്. മഴവെള്ള വാണിജ്യം വികസിക്കുന്നതിനനുസരിച്ച് ശുദ്ധമായ മഴവെള്ളം കയറ്റി അയക്കാൻ മാത്രം റെയിൽ മാർഗ്ഗമുള്ള ടാങ്കറുകളെ കുറിച്ചോ കടൽ മാർഗ്ഗമുള്ള കപ്പലുകളെക്കുറിച്ചോ ചിന്തിക്കാവുന്നതുമാണ്. ■

(ഈ ലേഖനത്തിലെ ഉള്ളടക്കം തികച്ചും വ്യക്തിപരമാണ്. ലേഖകൻ കോഴിക്കോട് CWRDM ൽ ശാസ്ത്രജ്ഞനാണ്)

റോയി ചാക്കോ, ഇളമണ്ണൂർ

സൈക്കിൾ റിക്ഷകൾ ഇപ്പോഴും ഡൽഹിയിൽ

ഇന്ത്യയിലെ ഈ വൻ നഗരത്തിൽ, ആധുനികതയുടെ എല്ലാ ആഡംബരങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ മഹാനഗരത്തിൽ, പഴമയുടെ, പൗരാണികതയുടെ, വികസനമില്ലായ്മയുടെ, ജീവിത ഭാരങ്ങളുടെ ചിത്രങ്ങളും കാണാം. അനുഭവിച്ചറിയാം.

ഡൽഹി യൂണിവേഴ്സിറ്റി കോമ്പൗണ്ടിന് അടുത്തുള്ള ഗുരു തേജ് ബഹദൂർ നഗറിൽ (ജി.റ്റി.ബി നഗർ) നിന്ന് ഏകദേശം രണ്ട് കിലോമീറ്റർ ദൂരമുണ്ട് എനിക്ക് എത്തിച്ചേരേണ്ട ആകാശവാണി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്. അവിടേക്ക് വീതിയുള്ള റോഡ് ഉണ്ടെങ്കിലും ഈ റൂട്ടിലൂടെ ബസ് സർവ്വീസുകൾ വളരെ കുറച്ച് മാത്രം. എന്നാൽ ഷെയർ ഓട്ടോകൾ (ബസ് ചാർജ്ജ് തുക മാത്രം വാങ്ങി പത്തോളം പേരെ കയറ്റികൊണ്ട് പോകുന്ന ഓട്ടോറിക്ഷകൾ) എപ്പോഴും സർവ്വീസ് നടത്തി കൊണ്ടിരിക്കും. ധാക്ക കോളനി, റേഡിയോ കോളനി, കൊറൊനേഷൻ പാർക്ക് വഴി ഔട്ടർറിംഗ് റോഡിലേക്കുള്ള റോഡാണിത്. ഈ റൂട്ടിൽ സൈക്കിൾ റിക്ഷ എല്ലായിടത്തും കാണാം. ഇവിടുത്തെ താമസക്കാർ ഷെയർ ഓട്ടോയേയും സൈക്കിൾ റിക്ഷയേയുമാണ് പ്രധാനമായും യാത്രയ്ക്ക് ആശ്രയിക്കുന്നത്. ഡൽഹിയുടെ മറ്റൊരു മുഖമാണിവിടെ. ലോകത്തെ ആധുനിക വാഹന സൗകര്യമായ ഏസി മെട്രോ ട്രെയിനിൽ നിന്ന് നഗരത്തിലെ ഒരു പ്രധാന പട്ടണത്തിൽ ഇറങ്ങിയ എനിക്ക് പിന്നീടുള്ള ആശ്രയം അര നൂറ്റാണ്ടിനു പുറകിലുള്ള ജനകീയ വാഹനമായിരുന്നു. പഴയകാലത്തേതുപോലെ മദ്രാസിലെ റെയിൽവേ സ്റ്റേഷനു മുമ്പിൽ കാണുന്നതു പോലെ, ഇവിടുത്തെ സൈക്കിൾ റിക്ഷക്കാർ യാത്രക്കാരുടെ പുറകെ നടന്ന് ക്യാൻവാസ് ചെയ്യുകയൊന്നുമില്ല. അവർ അവരുടെ ഗമയിൽ, കേരളത്തിലെ ഓട്ടോറിക്ഷ പോലെ അങ്ങനെ കിടക്കും. ഞാൻ ജി.റ്റി.ബി നഗറിലെ ഒരു ജനകീയ വാഹനത്തിനടുത്തെത്തി. എന്നിട്ട് എനിക്ക് അറിയാവുന്ന ഹിന്ദിയിൽ ചോദിച്ചു. "ഭയ്യാ, റേഡിയോ കോളനി ജായേഗി? റിക്ഷാക്കാരൻ എന്തോ മറുപടി പറഞ്ഞു. എനിക്കു മനസ്സിലായില്ല. ഏതായാലും ജായേഗി എന്നോ നഹീ ജായേഗി എന്നോ അല്ല എന്നുറപ്പാണ്. അയാൾ അയാളുടെ നാടൻ ഭാഷയിൽ 'തയ്യാർ' എന്നർത്ഥം വരുന്ന രീതിയിലാണ് പ്രതികരിച്ചതെന്ന് അയാളുടെ ശരീര ഭാഷയിൽ നിന്ന് എനിക്കു മനസിലായി. പെട്ടന്നു തന്നെ അയാൾ വണ്ടി സ്റ്റാർട്ടാക്കി, ഫസ്റ്റ് ഗിയറുമിട്ടു. ഞാൻ ചോദിച്ചു "കിതനാ റുപ്യാ ഭായ്?" (മുമ്പ് ഉത്തരേന്ത്യയിൽ ജീവിച്ചിരുന്നത് കൊണ്ട് കേരളത്തിലേതു പോലെ താഴ്മയില്ലാതെയല്ല ഹിന്ദിക്കാർ സംസാരിക്കുന്നതെന്ന് എനിക്കറിയാമായിരുന്നു. അവിടെ പരസ്പരം 'ഭായ്' എന്നു പറഞ്ഞാണ് അഭിസംബോധന ചെയ്യുന്നത്. കുട്ടികൾ മുതിർന്നവരെയൊക്കെ 'അങ്കിൾ ജി' എന്നാണ് വിളിക്കാറ്. പെട്ടെന്ന് മറുപടി വന്നു. "ബീസ് റുപ്യ". ബീസ് അല്ല തീസ് ആയാലും ചാലിസ് ആയാലും ഉടനെ വണ്ടിയിൽ കയറുമായിരുന്നു. കാരണം എനിക്കാ തണുപ്പ് അസഹ്യമായി തോന്നി. ഞാൻ പെട്ടെന്നു തന്നെ വണ്ടിയിൽ കയറി "ചലോ ഭായ്" എന്നു പറയുന്നതിനു മുൻപു തന്നെ വണ്ടി 'സെക്കന്റ് ഗിയറി'ലായിക്കഴിഞ്ഞു.

താറുമാറായി കിടക്കുന്ന റോഡിലൂടെ, നല്ലൊരു കാറ്റടിച്ചാൽ ദേഹമാസകലം പൊടിയടിച്ചു കയറുന്ന പരിസരത്തിലൂടെ സൈക്കിൾ റിക്ഷാക്കാരൻ എന്നെ വഹിച്ചുകൊണ്ട് നോൺസ്റ്റോപ്പായി ഓടിക്കൊണ്ടിരുന്നു. അതിരാവിലെ ഒരു സൗഹൃദം സ്ഥാപിക്കാനായി എനിയ്ക്കറിയാവുന്ന മുറി ഹിന്ദിയിൽ ഞാൻ പല കാര്യങ്ങൾ കക്ഷിയോട് ചോദിച്ചുകൊണ്ടിരുന്നു. നൽകിയ മറുപടിയുടെ പകുതിയൊക്കെ എനിക്കും മനസിലായും കൊണ്ടിരുന്നു. ഞാൻ ചോദിച്ചു "ഓൾ ഇന്ത്യാ റേഡിയോ പരിശീലന കേന്ദ്രത്തിന്റെ ഹോസ്റ്റൽ താങ്കൾക്കു പരിചയമുണ്ടോ?". അയാൾ മറുപടി നൽകി

ജി.റ്റി.ബി നഗറിൽ നിന്നും ഏകദേശം മൂന്നു കിലോമീറ്റർ അകത്തേക്കു മാറി ധാക്ക എന്ന സ്ഥലത്തിനു സമീപ മാണ് എന്റെ ഹോസ്റ്റൽ. ബംഗ്ലാദേശിന്റെ തലസ്ഥാന മായ ധാക്കയുടെ അതേ സ്പെല്ലിങ് തന്നെയാണ് ഈ സ്ഥലത്തിനും – DHAKA. റേഡിയോ നിലയത്തിന്റെ ക്വാർട്ടേഴ്സ് ഉള്ളതിനാലായി രിക്കാം റേഡിയോ കോളനി എന്നാണ് റേഡിയോ ക്വാർട്ടേ ഴ്സിന്റെ മുൻപിലുള്ള ബസ് സ്റ്റോപ്പിൽ എഴുതി വച്ചിരി ക്കുന്നത്.



ഇടയ്ക്കിടെ കേരളത്തിൽ നിന്ന് പലരും ഇവിടെ ട്രെയിനിംഗിനു വരുന്നുണ്ട്. ഞാൻ അവരെയും കൊണ്ട് പല പ്രാവശ്യം പോയിട്ടുണ്ട്. അതായത് ഞാനൊരു മലയാളിയാണെന്ന് അയാൾക്ക് പെട്ടെന്നു തന്നെ മനസിലായി. എന്റെ ഹിന്ദി കേട്ടിട്ടോ ഒരു മുഖംമൂടിയെപ്പോലെ വേഷം കെട്ടിയതു കൊണ്ടോ ആയിരിക്കാം അത്. ഹോസ്റ്റലിന്റെ ബോർഡ് കണ്ടപ്പോൾ വണ്ടി നിർത്താൻ ഞാൻ പറഞ്ഞു. "കോമ്പൗണ്ടിനകത്തു കൊണ്ടുവിടാം സർ അവിടെയിരുന്നു കൊൾക" എന്ന് വളരെ ഭവ്യതയോടെ എന്നോടു പറഞ്ഞു. വീണ്ടും 300 മീറ്റർ ചവിട്ടി. അയാൾ എന്നെ ഹോസ്റ്റലിന് മുൻപിൽ കൊണ്ടിറക്കി. ഞാൻ 20 രൂപ അയാൾക്കു നൽകി. ആ കൂലി വാങ്ങുമ്പോൾ അയാളിൽ ഒരു ആത്മ സംതൃപ്തിയുടെ നിഴലാട്ടം ഞാൻ കണ്ടു. എന്നോടു നന്ദി പറഞ്ഞ് സ്നേഹപൂർവ്വം അയാൾ വണ്ടിക്ക് റിവേസ് ഗിയറിട്ടു. അയാളെ ഞാനൊന്നു തിരിഞ്ഞു നോക്കി. സംസ്കാരസമ്പന്നനായ, അദ്ധ്വാനിച്ചു ജീവിക്കുന്ന ഒരു അറുപതുകാരനായിരുന്നു അയാൾ. ഈ മഹാരാജ്യത്തിലെ മഹാഭൂരിഭാഗം വരുന്ന സാധുക്കളുടെ ഗണത്തിൽപെട്ട ഒരു നല്ല മനുഷ്യൻ അയാളുടെ ജീവിതമാർഗ്ഗം തേടി, ആ പഴഞ്ചൻ വണ്ടിയിലങ്ങനെ ആടിയുലഞ്ഞ് മുന്നോട്ടു പോകുന്നു.

ആകാശവാണി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹോസ്റ്റൽ അങ്കണത്തിൽ നിന്നു കൊണ്ട് ഞാൻ അയൽ കെട്ടിടങ്ങളെ വീക്ഷിച്ചു. ആകാശവാണി ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സിനടുത്താണ് ഹോസ്റ്റൽ. മുൻപ് നഗരത്തിന്റെ പ്രധാന ഭാഗമായ കൊണാട്ട് പ്ലേസിനു സമീപം സ്ഥിതിചെയ്യുന്ന ആകാശവാണിയിൽ നിന്ന് ജി.റ്റി.ബി നഗറിലുള്ള ക്വാർട്ടേഴ്സിൽ താമസിക്കാൻ ഉദ്യോഗസ്ഥർക്കു മടിയായിരുന്നു. കാരണം, ഇവിടെയെത്താൻ ഏറെനേരം ബസിൽ യാത്ര ചെയ്യണമായിരുന്നു. ദൗളാ കുവാ, നാരായണ, രാജാഗാർഡൻ, പഞ്ചാബി ബാഗ്, വസീർപൂർ, അശോക് വിഹാർ, ഷാലിമാർ ബാഗ്, ആസാദ് പൂർ, മോഡൽ ടൗൺ എന്നീ പട്ടണങ്ങൾ താണ്ടിയാൽ മാത്രമേ റിങ് റോഡിലൂടെ ജി.റ്റി.ബി നഗറിൽ എത്താൻ സാധിക്കുകയുള്ളൂ. റിങ് റോഡിലൂടെയാണ് ഏറ്റവും കൂടുതൽ ബസ് സർവ്വീസുള്ളത്. ഏകദേശം വൃത്താകൃതിയിലുള്ള ഡൽഹി നഗരത്തിന്റെ ഏതാണ്ട് മധ്യഭാഗത്തിന് അടുത്തുകൂടിയുള്ള റോഡാണ് റിങ് റോഡ്. ഒരു സ്ഥലത്തു നിന്നു തുടങ്ങി, പല സ്ഥലങ്ങൾ താണ്ടി അവിടെ തന്നെ എത്തുന്ന ഈ മഹാനഗരത്തിലെ ഒരു പ്രധാന വീതിയേറിയ പാത. അതായത് ദൗളാകുവായിൽ നിന്ന് ബസിൽ കയറി ദൗളാകുവായിലേക്കു തന്നെ ടിക്കറ്റെടുത്താൽ മുൻപു പറഞ്ഞ സ്ഥലങ്ങളിലൂടെ ജി.റ്റി.ബി നഗറിലെത്തി തുടർന്ന് ഐ.എസ്.ബി.ടി, രാജ് ഘട്ട്, പ്രഗതി മൈതാൻ, നിസാമുദ്ദീൻ, ആശ്രാം, ലജ്പത്ത് നഗർ, ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, മോന്തി ബാഗ് വഴി ദൗളാകുവായിൽ ബസ് എത്തുന്നു. ഇരു ദിശയിലൂടെയും വാഹന സർവ്വീസുള്ളതിനാൽ ഏതുവഴി വേണമെങ്കിലും ഇവിടെയെത്താം. ജി.റ്റി.ബി നഗറിൽ നിന്നും ഏകദേശം മൂന്നു കിലോമീറ്റർ അകത്തേക്കു മാറി ധാക്ക എന്ന സ്ഥലത്തിനു സമീപമാണ് എന്റെ ഹോസ്റ്റൽ. ബംഗ്ലാദേശിന്റെ തലസ്ഥാനമായ ധാക്കയുടെ അതേ സ്പെല്ലിങ് തന്നെയാണ് ഈ സ്ഥലത്തിനും- DHAKA. റേഡിയോ നിലയത്തിന്റെ ക്വാർട്ടേഴ്സ് ഉള്ളതിനാലായിരിക്കാം റേഡിയോ കോളനി എന്നാണ് റേഡിയോ ക്വാർട്ടേഴ്സിന്റെ മുൻപിലുള്ള ബസ് സ്റ്റോപ്പിൽ എഴുതി വച്ചിരിക്കുന്നത്.

വലിയ ഒരു ഓഫീസ് സമുച്ചയം പോലെ തോന്നിക്കും, ഹോസ്റ്റൽ കണ്ടാൽ. വളരെ മനോഹരമായ കെട്ടിടമാണത്. ഒരു മാതിരി നല്ല വിശാലതയുള്ള പരിസരവുമുണ്ട്. ഇന്ത്യയുടെ വിവധ ഭാഗങ്ങളിൽ നിന്നായി മിക്കവാറും എല്ലാ ആഴ്ചയും ഉദ്യോഗസ്ഥർ ഇവിടെ എത്തിക്കൊണ്ടിരിക്കുന്നു, ഇവിടെ നിന്നും തിരികെ പൊയ്ക്കൊണ്ടിരിക്കുന്നു. ■

(ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്)

കവിത

ഡങ്കിപ്പനി

ഈഡിസ് കൊതുക് പെരുകാതിരിക്കാൻ
ഡെങ്കിപ്പനി വരാതിരിക്കാൻ
ഒത്തൊരുമയോടെന്നും നമുക്ക് നിൽക്കാം,
മഹാമാരിയൊക്കെപ്പറിച്ചെറിയാം.

കൊതുകു പരത്തുന്ന രോഗമാണീ
ഡങ്കിപ്പനിയെന്നോർമവേണം
ഈഡിസ് ഈജിപ്റ്റി, ആൽബോപിക്സ്
കൂട്ടരേ കേട്ടില്ലേ കൊതുകിന്റെ പേരാ,
ചോരക്കൊതിയുള്ള കൊതുകിന്റെ പേരാ,
ചോരക്കുടിച്ചാൽ പകരം തരുന്നതോ
ആൽബോവൈറസും ഡങ്കിപ്പനിയും

പെരുകുന്ന കൂത്താടിയ്ക്കിടമുണ്ടിവിടെ
ഒക്കെയും നോക്കിയതില്ലാതെയാക്കാം
ടാപ്പിങ് ചിരട്ട കമഴ്ത്തി വെയ്ക്കാം.
പ്ലാസ്റ്റിക് മാലിന്യം നനയാതിടാം,
അയലിലും, റോഡിലും, ഓടയിലും,
മാലിന്യമൊട്ടുമേ തള്ളിടല്ലേ,
നമ്മുടെ മാലിന്യം നമുക്കെടുക്കാം,
അന്യന് കൊടുക്കാതെ സംസ്കരിക്കാം.

പകരാതെ നോക്കാം നമുക്ക് രോഗം
പരിസരം ഡ്രൈഡേയിൽ വൃത്തിയാക്കാം.
കൊതുകിന്റെ ഉറവിടം കമഴ്ത്തിവയ്ക്കാം.
വീട്ടിലെ ഫ്രിഡ്ജിലും ഒഴിഞ്ഞ പാത്രത്തിലും,
വാഴേടെ പോളേലും ഫ്ളവറിന്റെ ബേസിനിലും,
കൊതുകിന്റെ കൂത്താടി വരാതെ നോക്കാം.
മഹാമാരിയൊന്നും വരാതെ നോക്കാം.

കെ.പി സൈനുദ്ദീൻ
ആയുർവേദ ഡിസ്പെൻസറി, ഇട്ടിവ

മലയോര മേഖലയ്ക്ക് ഉണർവേകി ഗ്രാമ യാത്ര പത്തനംതിട്ട ജില്ലയിൽ

ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തു സാമൂഹ്യക നീതി വകുപ്പു മന്ത്രി ഡോ: എം.കെ മുനീർ നടത്തി വരുന്ന ഗ്രാമയാത്ര 07.06.13 വെള്ളിയാഴ്ച പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ, പ്രമാടം എന്നീ ഗ്രാമപഞ്ചായത്തുകളിൽ വച്ച് നടന്നു. രാവിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ കുളത്തൂർ ദേവീക്ഷേത്ര ആഡിറ്റോറിയത്തിൽ നടന്ന ഗ്രാമ യാത്രയ്ക്ക് കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് ആയിരങ്ങൾ പങ്കെടുത്തു. കണ്ണങ്കര പഞ്ചായത്ത് ബസ് സ്റ്റാന്റിൽ നിന്നും വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ഘോഷയാത്രയായാണ് മന്ത്രിയേയും മറ്റും സ്വീകരിച്ച് ആനയിച്ചത്.

റാന്നി നിയോജകമണ്ഡലം എം.എൽ.എ രാജു എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വിശേഷാൽ ഗ്രാമസഭ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചത് പഞ്ചായത്ത് പ്രസിഡന്റ് വി.ടി ചാക്കോ ആയിരുന്നു. കേരളത്തിന്റെ അഭിമാനമായ പഞ്ചായത്തു സാമൂഹ്യനീതി വകുപ്പു മന്ത്രി ഡോ: എം.കെ മുനീർ നടത്തുന്ന ഈ ഗ്രാമയാത്ര അദ്ദേഹത്തിന്റെ പൊതു ജീവിതത്തിൽ ഒരു പൊൻതൂവൽ ആയി മാറുമെന്ന് അദ്ധ്യക്ഷ പ്രസംഗം നടത്തിയ രാജു എബ്രഹാം എം.എൽ.എ അഭിപ്രായപ്പെട്ടു. റാന്നി മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തിലും ആധുനിക അറവുശാലയും പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ വൈദ്യുത ശ്മശാനവും അനുവദിക്കണമെന്നും മന്ത്രിയോടഭ്യർത്ഥിച്ചു.

ഉദ്ഘാടന പ്രസംഗത്തിൽ – എങ്ങനെയാണ് ഗ്രാമസഭകൾ ചേരേണ്ടത് എന്നു ഒന്നു കൂടി ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇത്തരം ഗ്രാമയാത്രകൾ സംഘടിപ്പിച്ചിരിക്കുന്നത്, പഞ്ചായത്തു പ്രസിഡന്റും, മെമ്പർമാരും കൂടിയിരുന്നാൽ വികസനം ആവില്ല, ഗ്രാമവാസികളുടെ അഭിപ്രായങ്ങളും ആരായണം അതിനു വേണ്ടിയായിരിക്കണം ഗ്രാമസഭകൾ, അവിടെയാണ് മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സങ്കൽപ്പത്തിന്റെ പ്രസക്തി എന്നു മന്ത്രി പറഞ്ഞു.

ഇടപ്പള്ളി തമ്പ്രാക്കൻമാർ നിർമ്മിച്ച ഈ ക്ഷേത്രാങ്കണത്തിൽ വച്ച് നടന്ന ഗ്രാമയാത്രയിൽ നിങ്ങളുടെ എം.എൽ.എ ആവശ്യപ്പെട്ട ആധുനിക അറവുശാല, വൈദ്യുത ശ്മശാനം എന്നിവയ്ക്കുവേണ്ട ഫണ്ട് അനുവദിക്കുമെന്ന് മന്ത്രി ഉറപ്പു നൽകി. മലയോര മേഖലയെന്ന പ്രത്യേക പരിഗണന നൽകി റാന്നി നിയോജക മണ്ഡലത്തിൽ 12 അംഗൻവാടി കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുമെന്നും 23.75 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന മാതൃക അംഗൻവാടിക്ക് റാന്നി പഞ്ചായത്തിൽ ഉടൻ തറക്കല്ലിടുമെന്നും മന്ത്രി പറഞ്ഞു.

സാമൂഹ്യ വകുപ്പിന്റെ ആശ്വാസകിരണം പദ്ധതി പ്രകാരം 75 പേർക്കുള്ള ധനസഹായ വിതരണം മന്ത്രി നിർവ്വഹിച്ചു. സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് രണ്ട് നിരാലംബരായ കുട്ടികൾക്ക് അപേക്ഷ ലഭിച്ചയുടൻ തന്നെ മന്ത്രി പ്രഖ്യാപിച്ചു. “താലോലം” എന്ന പേരിലറിയപ്പെടുന്ന 18 വയസ്സിൽ താഴെ പ്രായമുള്ളവർക്കുള്ള ചികിൽത്സാ സഹായം നൽകുന്നതിനും രണ്ട് പേരെ തെരെഞ്ഞെടുത്തു. പോളിയോ വന്ന് കാലുകൾ തളർന്ന കുളത്തൂർ മുട്ടാറ്റിൽ ജിനുമോൾ സ്കറിയക്ക് മുച്ചക്ര സ്കൂട്ടർ നൽകും. ജിനുവിന്റെ വീട്ടിലേക്കുള്ള വഴി വികസിപ്പിക്കുന്നതിനു ആവശ്യമായ പണം പഞ്ചായത്തു ലഭ്യമാക്കും.

ചുങ്കപ്പാറ ബസ് സ്റ്റാൻഡിൽ ഏറ്റവും ആധുനികമായ രണ്ട് ഷീ ടോയ്‌ലറ്റുകൾ സ്ഥാപിക്കും. തുടർന്ന് മന്ത്രി ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ പരാതികൾ നേരിൽ കേൾക്കുകയും രേഖാമൂലമുള്ള പരാതികൾ സ്വീകരിക്കുകയും ചെയ്തു. പരാതികൾക്കെല്ലാം സമയബന്ധിതമായി പരിഹാരം കാണുമെന്നും ഇപ്പോൾ പരിഹരിക്കാൻ കഴിയുന്നവ ഇപ്പോൾ തന്നെ പരിഹരിക്കുമെന്നും മന്ത്രി തന്റെ മറുപടി പ്രസംഗത്തിൽ ഉറപ്പു നൽകി. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ഡോ: സജി ചാക്കോ, പഞ്ചായത്തു ഡയറക്ടർ എസ്. ലളിതാംബിക ഐഎഎസ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബെന്നി പുത്തൻപുരയ്ക്കൽ, ജില്ലാപഞ്ചായത്തു അംഗങ്ങൾ, ബ്ലോക്കിലെ മറ്റു പഞ്ചായത്തു പ്രസിഡന്റുമാർ, വിവധ വകുപ്പുകളുടെ ജില്ലാ തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഉച്ചയ്ക്കു ശേഷം കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം ഗ്രാമപഞ്ചായത്തിലാണ് ഗ്രാമയാത്ര സംഘടിപ്പിച്ചത്. ഗ്രാമത്തിന്റെ ഒത്തുചേരലുകളുടെ കേന്ദ്രബിന്ദുവായി നിൽക്കുന്ന രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു വിശേഷാൽ ഗ്രാമസഭ നടന്നത്. ചാറ്റൽ മഴ നേരിയ വെല്ലുവിളിയായി എത്തിയെങ്കിലും ജനങ്ങൾ അതിനെ പുഞ്ചിരിയോടെ സ്വീകരിച്ചു. പൂങ്കാവ് ജംഗ്ഷനിൽ നിന്നും ഘോഷയാത്രയായാണ് മന്ത്രിമാരായ എം.കെ മുനീറിനെയും, അടൂർ പ്രകാശിനെയും സ്വീകരിച്ചത്. താലപ്പൊലി, ചെണ്ടമേളം, പുലിക്കളി, തെയ്യം, മുത്തുക്കുടകൾ തുടങ്ങിയവ ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടി.

സ്റ്റേഡിയത്തിനുള്ളിൽ തയ്യാറാക്കിയിരുന്ന കോന്നി നിയമസഭാ മണ്ഡലത്തിന്റെ സാംസ്കാരിക തനിമയുടെ ചെറുമാതൃകകൾ അതിഥികൾക്ക് കൗതുകമായി. കോന്നിയിലെ ആനക്കൂട്, കൊക്കാത്തോട് കാട്ടാത്തിപ്പാറ എന്നിവയും കാർഷിക സംസ്കൃതിയുടെ ചിഹ്നങ്ങളായ വൈക്കോൽത്തുറുവും, തേവുചക്രവുമൊക്കെ വേദിക്കരികിൽ ഒരുക്കിയിരുന്നു. കേരളത്തിലെ അധികാര വികേന്ദ്രീകരണ മാതൃക പഠിക്കാനെത്തിയ ശ്രീലങ്കൻ സംഘം സദസിന്റെ മുൻ നിരയിലിരുന്ന് പരിപാടികൾ വീക്ഷിച്ചു.

ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാൻ കൂടുതൽ സമയം ലഭിക്കുന്നതിനു വേണ്ടി പ്രമാടം ഗ്രാമപഞ്ചായത്തു പ്രസിഡന്റ് സരസമ്മ തങ്കപ്പന്റെ ചുരുങ്ങിയ വാക്കുകളിലെ സ്വാഗത പ്രസംഗത്തോടെ തുടങ്ങിയ യോഗം മന്ത്രിമാരുടെ പ്രസംഗം ഉൾപ്പെടെ ചുരുങ്ങിയ സമയം കൊണ്ട് അവസാനിപ്പിച്ച് രണ്ടു മന്ത്രിമാരും ജന

ങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് പരാതികൾ സ്വീകരിക്കുകയും ആവലാതികൾ കേൾക്കുകയും ചെയ്തു. അദ്ധ്യക്ഷ പ്രസംഗം നടത്തിയ റവന്യൂ കയർ വകുപ്പുമന്ത്രിയും കോന്നി മണ്ഡലം എം.എൽ.എയുമായ അടൂർ പ്രകാശ് സീതത്തോട് ഗ്രാമപഞ്ചായത്തിലെ ഗവി നിവാസികളായ വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബസ് വാങ്ങാൻ ധന സഹായം നൽകുമെന്ന് പഞ്ചായത്തു വകുപ്പു മന്ത്രി ഡോ: എം.കെ മുനീർ പറഞ്ഞു. അധികാര വികേന്ദ്രീകരണം ഏറ്റവും താഴേത്തട്ടിൽ എത്തിക്കുകയാണ് ഗ്രാമയാത്രയുടെ ലക്ഷ്യം. അധികാരം സർക്കാരിൽ നിന്നും പഞ്ചായത്തിൽ വരെ എത്തി നിൽക്കുകയല്ല ജനങ്ങളിലേക്ക് എത്തുകയാണ് വേണ്ടത്. ഇത്തരം ഗ്രാമസഭകൾ അതിനു പ്രചോദനമാകും അതാണ് ഗ്രാമയാത്രകൊണ്ട് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ജനങ്ങൾ നൽകിയ പരാതികൾക്കു മന്ത്രി മറുപടി പറഞ്ഞു. ഇപ്പോൾ തന്നെ പരിഹരിക്കാൻ കഴിയുന്നവ ഇപ്പോൾ തന്നെ പരിഹരിക്കുമെന്നും, ശേഷിച്ചവ തുടർ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കുമെന്നും ഉറപ്പു നൽകി.

പ്രമാടം പഞ്ചായത്തിനു പുതിയ വാഹനം വങ്ങുന്നതിനുള്ള അനുമതിക്കായി കോ ഓർഡിനേഷൻ കമ്മറ്റിയിൽ വച്ച് തീരുമാനിക്കുമെന്നും ജില്ലാ ബ്ലോക്ക് പഞ്ചായത്തു ഏറ്റെടുക്കുന്ന റോഡുകൾക്ക് യഥാക്രമം എട്ടു മീറ്ററും ആറു മീറ്ററും എന്ന നിബന്ധനയിൽ ഇളവു വരുത്തുവാൻ ഏകോപന സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കും.

സാമൂഹ്യനീതിവകുപ്പിന്റെ ആശ്വാസകിരണം പദ്ധതി പ്രകാരം തളർന്നു കിടക്കുന്നവരെ പരിരക്ഷിക്കുന്ന 27 പേർക്കുള്ള ധനസഹായം മന്ത്രി വേദിയിൽ വച്ച് വിതരണം ചെയ്തു. വിദ്യാഭ്യാസ സ്കോളർഷിപ്പ് രണ്ടു കുട്ടികൾക്കനുവദിച്ചു. താലോലം പദ്ധതിയിലേക്ക് മൂന്നു പേരെ തെരെഞ്ഞെടുത്തു. വികലാംഗനായ രവീന്ദ്രന് വീൽച്ചെയർ അനുവദിച്ചു. വയോമിത്രം പദ്ധതി പ്രകാരം ജാനകിക്ക്(78) ചികിത്സാ ചെലവ് അനുവദിച്ചു. ഗവിയിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും അതിനുവേണ്ട സ്ഥലം ഫോറസ്റ്റു വകുപ്പുമായി ബന്ധപ്പെട്ട് അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീ ഉൽപന്ന വിപണനത്തിനായി ഹോം ഷോപ്പ് പദ്ധതി നടപ്പിലാക്കും – തുടങ്ങി ജനങ്ങൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കിയാണ് ഗ്രാമ സഭാ നടപടികൾ അവസാനിപ്പിച്ചത്. ജില്ലാ പഞ്ചായത്തു പ്രസിഡന്റ്, പഞ്ചായത്ത് ഡയറക്ടർ, ജില്ലാ കളക്ടർ, ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് രാമചന്ദ്രൻ നായർ, ജില്ലാ പഞ്ചായത്തു അംഗങ്ങൾ, ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർ, ജില്ലാ തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ശ്രീലങ്കൻ സംഘത്തെ പ്രതിനിധീകരിച്ച് ശ്രീലങ്കയിലെ കിഴക്കൻ പ്രവിശ്യ ചീഫ് സെക്രട്ടറി ശരത് അഭയഗുണ വർധനെ ഗ്രാമവാസികളെ അഭിസംബോധന ചെയ്തു. സംഘാടകർ ഒരുക്കിയ നാടൻ ഭക്ഷണവും കഴിച്ചാണ് മന്ത്രിമാരും ജനങ്ങളും പിരിഞ്ഞത്.

(പ:ന്യൂ:സർവ്വീസ്)

വാർത്തകളും വിശേഷങ്ങളും

ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരണം – സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

13.03.2013 ലെ 88/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 ഏപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരുന്നത്. ഈ സഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ പുനരാരംഭിക്കുന്നതിന് സ്പഷ്ടീകരണം നൽകി ഉത്തരവായി.

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14.01.2011 മുതലും, നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.13 മുതലും ബാധകമാകുന്നതാണ്.
2. 01.04.13 മുതൽ പ്രാബല്യം നൽകിക്കൊണ്ട് പുതിയ നിരക്കിൽ വസ്തു നികുതി പരിഷ്കരിക്കുമ്പോൾ 14.01.2011 മുതൽ 31.03.2013 വരെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചത് ഭേദഗതി ചട്ടങ്ങളനുസരിച്ച് പുനർനിർണ്ണയിക്കാവുന്നതാണ്. ഇങ്ങനെ വസ്തു നികുതി പുനർനിർണ്ണയിക്കപ്പെടുമ്പോൾ കെട്ടിടങ്ങൾക്ക് 25% മിനിമം വർദ്ധനവ് ബാധകമാക്കേണ്ടതില്ല.
3. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഫാറങ്ങൾ അച്ചടിക്കുകയോ അതനുസരിച്ച് വിവരശേഖരണം നടത്തുകയോ ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേഗതി ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഫാറങ്ങൾ തല്കാലം അച്ചടിക്കേണ്ടതില്ല. ഭേദഗതി ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളോടെ പ്രസ്തുത ഫാറങ്ങൾ വസ്തു നികുതി പരിഷ്കരണത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നതാണ്.
4. വസ്തു നികുതി നിർണ്ണയത്തിനായി ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചിട്ടുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗുണമേന്മയുള്ള കടലാസിൽ അതിന്റെ പ്രിൻൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ അവ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി പഞ്ചായത്തുകൾക്ക് സൂക്ഷിക്കാവുന്നതുമാണ്. സ.ഉ(എം.എസ്)നം.210/13/തസ്വഭവ തിരുവനന്തപുരം, തീയതി 04.06.2013

ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും മറ്റും വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി

ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും നിലവിലെ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയിൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങി വിതരണം ചെയ്യുന്നതിന് ക്രൂസിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ആദ്യഘട്ടമെന്ന നിലയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും മറ്റ് ഇലക്ട്രിക് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന മാത്രമേ വാങ്ങാവൂവെന്നും ഉത്തരവിൽ പറയുന്നു. സർക്കുലർ നം.1469/2013/തസ്വഭവ തിരുവനന്തപുരം, തീയതി 05.06.2013

സ്ഥലമെടുപ്പ് ഫണ്ട് ലഭ്യത ഉറപ്പു വരുത്തണം

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ വിവധ ആവശ്യങ്ങൾക്കായി സ്ഥലം ഏറ്റെടുപ്പ് നടത്തുമ്പോൾ ആയതിനാവശ്യമായ ഫണ്ട് ലഭ്യമാണ് എന്ന് ഉറപ്പാക്കാത്തതു കാരണം സർക്കാരിന് പിന്നീട് വൻ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടതായി വരുന്നു. ആയതിനാൽ മേലിൽ ഫണ്ടു ലഭ്യത ഉറപ്പു വരുത്തി മാത്രമേ നടപടികളുമായി മുന്നോട്ടു പോകാൻ പാടുള്ളൂ എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. സർക്കുലർ നം.18955/ആർസി1/2013 തസ്വഭവ തീയതി 30.05.2013

ശ്മശാനങ്ങളും, അറവുശാലകളും നിർമ്മിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

2013-14 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങളും, അറവുശാലകളും നിർമ്മിക്കുന്നതിനായി പ്രോത്സാഹന സഹായം നൽകുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. ശ്മശാന നിർമ്മാണത്തിന് 11 ലക്ഷം രൂപ വീതം 50 ഗ്രാമ പഞ്ചായത്തുകൾക്കും, അറവുശാല നിർമ്മാണത്തിന് 22 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്കുമാണ് സഹായധനം നൽകുന്നത്. അപേക്ഷകൾ 2013 ജൂൺ 15 ന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

മംഗൽപാടി ഗ്രാമ പഞ്ചായത്ത് ജലസാക്ഷരത സെമിനാർ

വർഷം തോറും രൂക്ഷമായി വരുന്ന വരൾച്ചയും ജലക്ഷാമവും പരിഹരിക്കുന്നതിന് വേണ്ടി തനതു പദ്ധതികളുമായി കാസർക്കോട്ട് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത് നടത്തിയ ജല സാക്ഷരതാ സെമിനാർ ശ്രദ്ധേയമായി. സാമൂഹ്യപ്രവർത്തകർ, പൊതു പ്രവർത്തകർ, ക്ലബ്ബുകൾ, ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ, തൊഴിലുറപ്പ്, അങ്കണവാടി മേഖലകളിലെ പ്രവർത്തകർ, അദ്ധ്യാപകർ വിദ്യാർത്ഥികൾ, രക്ഷാകർത്തൃ സമിതി അംഗങ്ങൾ, പാടശേഖരം കമ്മിറ്റികൾ തുടങ്ങി ബഹുമുഖ പ്രതിഭകൾ സെമിനാറിൽ പങ്കെടുത്തു. കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: പി.വി ശ്യാമളാ ദേവി സെമിനാർ ഉദ്ഘാടനം ചെയ്തു. 2013-14 ലെ പഞ്ചായത്ത് ബജറ്റിലും പദ്ധതിയിലും മഴവെള്ള സംഭരത്തിനു തുക നീക്കി വെച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വരും കാലങ്ങളിൽ രൂക്ഷമായ വരൾച്ച നേരിടുന്നതിന്റെ ഭാഗമായി വർഷം തോറും 500 വീതം മഴവെള്ള സംഭരണികൾ, പുഴകളിലും, തോടുകളിലും തടയണകൾ, പറമ്പുകളിൽ മഴക്കുഴി, തട്ടിൻ പുറത്തെ മഴവെള്ളം ശുചീകരിച്ച ശേഷം കിണറുകളിലേക്ക് ഇറക്കിവിടൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വൈസ് പ്രസിഡന്റ് എം.കെ അലിമാസ്റ്റർ പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി



പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012
അമ്മിണി എനർജി സിസ്റ്റംസിന്

മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.



BIS CERTIFIED

ലൈട്രോൺ
CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)
- LED സ്ട്രീററ്ലൈററുകൾ (ERTL Certified)

ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008

ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

SIDCO REGISTERED

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS